# പ്രാർത്ഥനയിലൂടെ ജീവിതം അഴിച്ചുപണിയാം



സെഡ്. എം. മൂഴൂർ

6T-031

# പ്രാർത്ഥനയിലൂടെ ജീവിതം അഴിച്ചുപണിയാം

# പ്രാർത്ഥനയിലൂടെ ജീവിതം അഴിച്ചുപണിയാം

ACHARYA PALACKAL JEEVASS KENDRAM
LIBRARY
18338
ALWAYE

സെഡ്. എം. മൂഴൂർ

വിതരണം
ദീപനാളം പബ്ലിക്കേഷൻസ്
പാലാ—686575
1983

(Malayalam)
Prarthanayilude Jeevitham Azhichu Paniyam
(Essays)

By Z. M. Moozhoor

First Published:
October 1983

Printed at:
Deepanalam Printings Palai

Cover Design:
Vijai

PALACKAL JEEVASS KENDRA
LIBRARY

Copy right:
To the Author

Price Rs. 8.00

Distribution
Deepanalam publications Palai, Kerala 686575



കോട്ടയം ജില്ലയിലെ മൂഴൂരിൽ 1946 സെപ്. 9ന് ജനിച്ചു. എസ്. എസ്. എൽ.സിക്കുശേഷം സി. എം ഐ സഭാംഗമായി. ധർമ്മാരാം കോളേജ് (ബാങ്ക്ളൂർ), യൂണി. കോളേജ് (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പഠിച്ചു ബി. ടി. എച്ച്, എം. എ. ബിരുദങ്ങൾ നേടി. കവിത, കഥ, വിജ്ഞാനസാഹിത്യം, ജീവചരിത്രം തുടങ്ങിയ ശാഖകളിൽ ഒന്നരഡസൻ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സംഘാടകൻ, പത്രാധിപർ, മാന്നാനം ബൈബിൾ വിവർത്തനസമിതി ചീഫ് കോർഡിനേററർ എന്നീ രംഗങ്ങളിൽ സേവനം അനുഷ്ഠിച്ചു. പ്രധാന കൃതികൾ അജ്ഞാതഗായകൻ, ദൈവത്തിൻെറ മരണം–മാർക്സുമുതൽ സാർത്രുവരെ, ജോൺ പോൾ മാർപ്പാപ്പാ തുടങ്ങിയവയാണ്. സി. എം. ഐ സഭയുടെ മൂലമററം കോളേജിൽ അധ്യാപകനായി സേവനം അനുഷ്ഠിക്കുന്നു.

സൈഡ്. എം. മൂഴൂർ
സെൻറ് ജോസഫ്സ് കോളേജ്
അറക്കുളം 685591

# ഒരു വാക്ക്

ദീപിക ദിനപ്പത്രത്തിന്റെ സൺഡേപതിപ്പിൽ കുറേക്കാലം ഞാൻ എഴുതിയിരുന്ന ചിന്താവിഷയങ്ങളിൽ കുറെ തിരഞ്ഞെടുത്ത് സമാഹാരമാക്കുകയാണ്. തിരക്കേറിയ ജീവിതവ്യവഹാരങ്ങളിൽ മുഴുകി ഉഴലുന്ന സഹോദരങ്ങൾക്ക് അല്പസമയത്തേയ്ക്കെങ്കിലും ആധ്യാത്മികചിന്തയുടെ കുളിർമ്മ പകരുവാൻ എന്റെ സംരംഭം പര്യാപ്തമാകട്ടെ എന്നുമാത്രമാണ് എന്റെ പ്രാർത്ഥന.

നിരവധിപേർ ഈ ഉദ്യമത്തിൽ എന്നെ സഹായിച്ചിട്ടുണ്ട്. ദീപികയിൽ എന്റെ സഹപ്രവർത്തകനും പ്രചോദകനും ആയിരുന്ന ജോൺ ആന്റണി, റവ. ഫാ. ജോസ് പന്തപ്ലാംതൊട്ടി, സുഹൃത്ത് ഐ. സി. ചാക്കോച്ചൻ, കവർ ഡിസൈൻ ചെയ്യാൻ സഹായിച്ച ഡി. സി. ബുക്ക്സ്, പ്രസിദ്ധീകരണം ഏറ്റെടുത്ത ദീപനാളം പബ്ലിക്കേഷൻസ് മാനേജർ റവ. ഫാ. ജോസ് വള്ളോംപുരയിടം ജെ. പി. ചാലി ഇങ്ങനെ നന്മയുടെ പൂക്കൾ സമ്മാനിച്ച അനേകംആളുകൾ. അവർക്കെല്ലാം ഞാൻ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

-ഗ്രന്ഥകർത്താ

# ഉള്ളടക്കം


(1) പ്രാർത്ഥനയിലൂടെ ജീവിതം അഴിച്ചു പണിയാം
(2) യേശു പഠിപ്പിച്ച പ്രാർത്ഥന
(3) ഫോർമുലാ ഇല്ലാത്ത പ്രാർത്ഥന
(4) അഭിമാനിക്കാവുന്ന ഛായ
(5) ദൈവഹിതം നിറവേറട്ടെ
(6) വാദമുഖങ്ങൾ നിഷ്ഫലമായ കോടതിയിൽ
(7) എല്ലാം കാണുന്ന കണ്ണുകൾ
(8) പ്രാർത്ഥനയും പ്രവർത്തനവും
(9) പ്രകാശത്തിൻെറ മനുഷ്യൻ
(10) ഹൃദയത്തിൻെറ സങ്കീർത്തനം
(11) ഈശ്വരൻ ഏകകേന്ദ്രം
(12) വിശ്വാസത്തിൻെറ ദീപ്തി
(13) നിറയ്ക്കപ്പെടേണ്ട ശൂന്യസ്ഥലം
(14) നിഷ്ക്കളങ്കൻെറ പ്രാർത്ഥന
(15) നമ്മേ തേടിയെത്തുന്ന കരങ്ങൾ
(16) പ്രാർത്ഥനയുടെ അതുല്യശക്തി
(17) ആത്മാവിനെ ചുഴററിയുയർത്തുന്ന പ്രാർത്ഥന
(18) പ്രാർത്ഥനയ്ക്ക് ഒരു മഹനീയ മാതൃക
(19) പ്രാർത്ഥനയ്ക്ക് അസാധ്യമായി ഒന്നുമില്ല
(20) വത്സലപിതാവിൻെറ സ്നേഹം നുകരുക

(21) മതം ജീവിതത്തിൽ ആവശ്യമോ
(22) പ്രസാദാത്മകമായ മനസ്സ്
(23) എവിടേയ്ക്കാണീ യാത്ര
(24) സാരമായ സന്തോഷം; പൂർണ്ണമായ സംതൃപ്തി
(25) മരണത്തിന്റെ താഴ്വരയിൽ
(26) മരിക്കാത്ത സ്നേഹിതൻ
(27) ഏററവും വലിയ സൗഭാഗ്യവാൻ
(28) ഭൂമിയിൽ സമാധാനം
(29) അവിടെ ജീവിക്കുക–അതൊരു സന്ദേശം
(30) നമ്മുടെ കണ്ണീരൊപ്പാൻ ആ കരങ്ങൾ

## ഒന്ന്

# പ്രാർത്ഥനയിലൂടെ ജീവിതം അഴിച്ചുപണിയാം

കാലിഫോർണിയായിലെ റെഡ്ലാൻറ് സർവ്വകലാശാലയിൽ മനശ്ശാസ്ത്രവകുപ്പിൻെറ അദ്ധ്യക്ഷനായിരുന്നു, ഡോ. വില്യം ആർ. പാർക്കർ. വിദ്യാമന്ദിരത്തിനടുത്ത് സ്വന്തമായൊരു വസതി, സ്നേഹസമ്പന്നയായ ഭാര്യ, യോഗ്യരായ മക്കൾ ഇവയെല്ലാം കൊണ്ടു അനുഗൃഹീതനായ പാർക്കറിനു ബാഹ്യമായിയാതൊരു കുറവും പറയാനുണ്ടായിരുന്നില്ല. പക്ഷേ, അദ്ദേഹം ഒരു മാരകമായ രോഗത്തിനടിപ്പെട്ടിരുന്നു. കുടലിൽ വ്രണങ്ങൾ നിറയുന്ന അൾസർ രോഗമാണ് തനിക്കുള്ളതെന്ന് വൈദ്യപരിശോധനമൂലം അദ്ദേഹം മനസ്സിലാക്കി.

മനോരോഗവിദഗ്ധൻമാരുടെ പരിശോധനവഴി രോഗകാരണം കണ്ടെത്തി. മനസ്സിൻെറ സുസ്ഥിതിയെ ഭഞ്ജിക്കുന്ന നാലുകാര്യങ്ങൾ ഡോ. പാർക്കറിനുണ്ടായിരുന്നു. ഭയം, അപകർഷതാബോധം, അകാരണമായ കുററബോധം, വ്യക്തിവിരോധം എന്നിവയായിരുന്നു അവ. ഡോക്ടർ പാർക്കറെ സംബന്ധിച്ചിടത്തോളം പ്രധാനകാരണം വ്യക്തിവിരോധം ആയിരുന്നുവെന്ന് അറിഞ്ഞു.

വികാരവിക്ഷോഭംമൂലമുള്ള മാരകമായ അപകട ത്തിൽനിന്നു രക്ഷപ്പെടുവാൻ ഡോ. പാർക്കർ ഒരു കൗൺസിലറെ സമീപിച്ചു. ഒരു സിററിംഗിന് 25 ഡോളർ ചിലവുണ്ട്. അങ്ങനെ അനേകം സിററിംഗ് നടത്തുന്നതുവഴി ഒരു വലിയതുക ആവശ്യമാണെന്നു മനസ്സിലായി. അത്രയും ഭാരിച്ച ഒരു ചിലവ് നേരിടാനുള്ള സാമ്പത്തികശേഷി ഡോ. പാർക്കറിനി ല്ലായിരുന്നു.

പ്രാർത്ഥനകൊണ്ട് മനസ്സിൻെറ സുസ്ഥിതി വീണ്ടെടുക്കാമെന്ന് ഡോ. പാർക്കറോട് ആരോ പറ ഞ്ഞു. അദ്ദേഹം ഇക്കാര്യം പ്രയോഗിച്ചുനോക്കാനു റച്ചു. ആദ്യമായി പ്രാർത്ഥനയിൽ രസം കണ്ടെത്തു വാനോ മുഴുകുവാനോ കഴിഞ്ഞില്ല. പക്ഷേ, തിക ഞ്ഞ പ്രത്യാശയോടെ അദ്ദേഹം വീണ്ടുംവീണ്ടും പ്രാർ ത്ഥിച്ചു. മററുള്ളവരോടുള്ള വ്യക്തിവിരോധം സമൂലം പരിത്യജിച്ച് സ്വയം മറന്ന്, പ്രാർത്ഥന തന്നെ ശരണമാക്കി അദ്ദേഹം മുന്നോട്ടുപോയി. മൂന്നു മാസത്തെ പ്രാർത്ഥനയുടെ ഫലം അദ്ദേഹത്തെയും, ചികിത്സിച്ച ഡോക്ടർമാരെയും ആശ്ചര്യപ്പെടു ത്തി. അൾസർരോഗം നിശ്ശേഷം അദ്ദേഹത്തിൽനിന്ന് മാറി എന്ന് വിദഗ്ധപരിശോധനയിൽ നിന്നു മന സ്സിലായി. മരിച്ചുയർത്ത ഒരു പുതിയ മനുഷ്യ നേപ്പോലെയായിത്തീർന്നു ഡോ. പാർക്കർ.

ഡോ. പാർക്കർ ചിന്തിച്ചു. തനിക്കുകിട്ടിയ ഈ അനുഗ്രഹം അമേരിക്കയിലെ കോടാനുകോടി സഹ ജർക്ക് എന്തുകൊണ്ടു പകർന്നുകൂടാ? അമേരിക്കയിൽ 75 ശതമാനം ആളുകളും ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ, മനോരോഗങ്ങളുടെ ആഘാതമനു ഭവിക്കുന്നവരാണ്. അവരെ സഹായിക്കാൻ അദ്ദേഹം

നിശ്ചയിച്ചു. അതിൻെറ ഫലമായി തൻെറ ആശയങ്ങളും അനുഭവങ്ങളും ക്രോഡീകരിച്ച് ഒരു വിശിഷ്ട ഗ്രന്ഥം അദ്ദേഹമെഴുതി. ആ പുസ്തകമാണ് **പ്രയർ ക്യാൻ ചെയ്ഞ്ച് യുവർ ലൈഫ്** അഥവാ പ്രാർത്ഥന മൂലം നിങ്ങൾക്ക് ജീവിതം അഴിച്ചു പണിയാം.

പ്രാർത്ഥനമൂലമുള്ള ചികിത്സയ്ക്ക് രണ്ടു തലങ്ങളുണ്ടെന്ന് ഡോ. പാർക്കർ പറയുന്നു. ഒന്നാമതായി നിങ്ങളുടെ അന്തരംഗാവസ്ഥ അല്ലെങ്കിൽ വൈയക്തിക മാനസിക സംഘർഷം വെളിച്ചത്തു കൊണ്ടുവരിക. മാനസികാസ്വാസ്ഥ്യത്തിനുള്ള കാരണങ്ങൾ സാധാരണ ഗതിയിൽ നമ്മുടെ ബോധമനസ്സിന് അഭിഗമ്യമല്ല. അബോധ മനസ്സിൽ അവ അടിഞ്ഞു കൂടി കിടക്കുന്നു. വികലമായ അന്തരംഗം അതായത് ആദ്യം പറഞ്ഞ ഭയം, അപകർഷതാബോധം, അസ്വാഭാവികകുററബോധം, വ്യക്തി വിദ്വേഷം എന്നിവയെല്ലാം വെളിച്ചത്തുകൊണ്ടുവരുവാൻ മനശ്ശാസ്ത്രം നമ്മെ സഹായിക്കും. ഇവയെല്ലാമനുഷ്യരിലുമുണ്ട്. അതുകൊണ്ട് ആരെയും പഴിക്കേണ്ടതില്ല. ചപലമായ മനുഷ്യപ്രകൃതി, കുടുംബപാരമ്പര്യം, സംസ്ക്കാരം, വിദ്യാഭ്യാസം, പരിശീലനം, സാമൂഹ്യപരിതോവസ്ഥകൾ എന്നിവയെല്ലാം മേൽപ്പറഞ്ഞ ദൗർബല്യങ്ങളുടെ ഘടകങ്ങളാണ്.

രണ്ടാമതായി പിശാചിൻെറ സാമ്രാജ്യമായ നരകത്തിൽനിന്ന്–ഭയം, അപകർഷത, അസ്വാഭാവിക കുററബോധം, വ്യക്തിവിദ്വേഷം. ഇവ നാലും നാലു പിശാചുക്കളായാണ് ഡോ. പാർക്കർ ആലങ്കാരികമായി പറയുന്നത്. ദൈവത്തിൻെറ സ്വാതന്ത്രരാജ്യത്തിലേക്ക് ഉയരുവാനുള്ള ആകാശയാനപാത്രം പ്രാർത്ഥന

യാണ്. ദൈവരാജ്യം നിങ്ങളിൽത്തന്നെയാകുന്നു എന്ന് യേശു പറയുന്നുണ്ടല്ലോ. വിനീതനും വിശ്വസ്തനും ആയ ഒരു കുട്ടിയെപ്പോലെ ദൈവത്തിൻെറ സന്നിധിയിൽ നിന്ന് സ്വർഗ്ഗസ്ഥനായ നല്ല പിതാവേ എന്ന് അവിടുത്തെ സംബോധന ചെയ്യുവാനാണ് യേശു നമുക്ക് നൽകുന്ന ആഹ്വാനം. സ്നേഹപിതാവായ ദൈവം നമ്മെ സ്നേഹിച്ചതുപോലെ നമുക്ക് ദൈവത്തേയും സഹോദരങ്ങളേയും സ്നേഹിക്കാൻ കഴിയണം. അനായാസവും ആത്മാർത്ഥവുമായ ഹൃദയൈക്യം ആകണം പ്രാർത്ഥന. നമ്മുടെ മനസ്സിനെ വരിഞ്ഞുമുറുക്കിയിട്ടുള്ള വിദ്വേഷം, ഭയം, അപകർഷതാബോധം തുടങ്ങിയ ക്ഷുദ്രവികാരങ്ങൾ വിമുക്തമാക്കി സ്വതന്ത്രമായി ഈശ്വരൻെറയും സഹോദരങ്ങളുടെയും മുമ്പിൽ വിഹരിക്കുവാൻ ഉചിതമായ ആത്മാർത്ഥത നമുക്ക് പ്രാർത്ഥനയിൽ ഉണ്ടാകണം.

ഡോ. പാർക്കറിൻെറ ഉപദേശം തേടിയും പുസ്തകം വായിച്ചും രോഗവിമുക്തിനേടുവാൻ ലക്ഷോപലക്ഷം മാനസിക രോഗികൾക്കും മാനസിക രോഗം മൂലം ശാരീരികരോഗം ബാധിച്ചവർക്കും കഴിഞ്ഞിട്ടുണ്ട്. ഡോ. പാർക്കർ പറയുന്നു. "നമുക്കിപ്പോൾ വേണ്ടത് അനുരഞ്ജനമോ വിട്ടുവീഴ്ചയോ ധീരതയോ, സംതൃപ്തിയോ, സൗഹൃദമോ എന്തുമാകട്ടെ; അത് ലക്ഷ്യമായി സ്ഥിരപ്പെടുത്തുക. എന്നിട്ട് അത് നമ്മുടെ ഉള്ളിൽനിന്നുതന്നെ വീണ്ടെടുക്കുവാൻ ശ്രമിക്കുക. അപ്പോൾ നമുക്ക് നേടേണ്ട കാര്യം നമ്മുടെ ജീവിതാനുഭവമായി പരിണമിച്ചു കഴിയും. ഇതുതന്നെയാണ് പ്രാർത്ഥനയുടെ രഹസ്യവും മാന്ത്രികശക്തിയും.

★

രണ്ട്

# യേശു പഠിപ്പിച്ച പ്രാർത്ഥന

യേശുവിനെ സാമൂഹ്യപ്രവർത്തകനായി കാണുന്നവരുണ്ട്. അദ്ഭുതങ്ങൾകൊണ്ട് കാലഘട്ടത്തെ വിസ്മയിപ്പിച്ചവനായി കാണുന്നവരുണ്ട്. ഒന്നാന്തരം ഒരു വിപ്ലവകാരിയായി ദർശിക്കുന്നവരുമുണ്ട്.

എന്നാൽ സർവ്വോപരി പ്രാർത്ഥനയുടെ മനുഷ്യനായി യേശുവിനെ ദർശിക്കാൻ നമുക്കു കഴിയണം. മററെന്തിലുമേറെ യേശു പ്രാധാന്യം നൽകി പറയുന്ന കാര്യമാണ്, പ്രാർത്ഥനയിൽ ജാഗ്രതയുള്ളവരാകണമെന്നത്.

'പത്രോസേ നിദ്രവെടിഞ്ഞിരുന്നു
പ്രാർത്ഥിക്കൂ നീക്കൂ പ്രലോഭനങ്ങൾ'

എന്നത്രേ യേശു അപ്പസ്തോലപ്രമുഖനു നൽകിയ നിർദ്ദേശം. പ്രധാനപ്പെട്ട ഏതുകാര്യത്തിനു മുൻപും യേശു പ്രാർത്ഥനയുടെ മഹനീയമാതൃക കാണിച്ചുതരുന്നുണ്ട്. മരിച്ച ലാസറിനെ ഉയിർപ്പിച്ചപ്പോഴും അഞ്ചപ്പം അയ്യായിരം പേർക്കായി വർദ്ധിപ്പി

ച്ചപ്പോഴും, കുരിശുമരവും പേറി കാൽവരിയിലേയ്ക്ക് പോകുന്നതിനു തലേരാത്രിയിലും അവിടുന്ന് പ്രാർത്ഥനയിൽ മുഴുകുന്നുണ്ട്.

ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നതിനു യേശു ഒരുക്കം നടത്തിയത് ഒരു രാത്രി വെളുക്കുവോളം പ്രാർത്ഥനയിൽ നിമഗ്നനായിട്ടായിരുന്നു.

ഒരിക്കൽ യേശു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥന തീർന്നപ്പോൾ ശിഷ്യരിലൊരാൾവന്ന് ഒരു യാചന നടത്തുന്നു. 'ഗുരോ, യോഹന്നാൻ സ്വശിഷ്യരെ പഠിപ്പിച്ചതുപോലെ പ്രാർത്ഥിക്കുവാൻ ഞങ്ങളെയും പഠിപ്പിക്കണമേ' എന്ന്.

ഈ യാചനയ്ക്ക് ഉടൻ മറുപടി നൽകുന്നു. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഇങ്ങനെ പറയുവിൻ·

''പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. ഞങ്ങൾക്ക് ആവശ്യകമായ ആഹാരം അനുദിനം തരേണമേ. ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു പൊറുക്കേണമേ. എന്തെന്നാൽ ഞങ്ങളോടു കടപ്പെട്ടിരിക്കുന്നവരോടു ഞങ്ങളും ക്ഷമിക്കുന്നു. ഞങ്ങളെ പ്രലോഭനങ്ങളിൽ ഉൾപ്പെടുത്തല്ലേ, തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ.

ഈ പ്രാർത്ഥന ജാതിമതഭേദമെന്യേ ഈശ്വരവിശ്വാസികൾ ആർക്കും സ്വീകാര്യമാണ്. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധമാണ് ഈ പ്രാർത്ഥനയിൽ അനുരണനം ചെയ്യുന്നത്.

അമേരിക്കക്കാരനായ ഡോ. വില്യം ആർ. പാർക്കർ ജീവിതാനുഭവത്തിൽ നിന്ന് മനസ്സിന്റെ

സുസ്ഥിതിയെ ഭഞ്ജിക്കുന്ന നാലുകാര്യങ്ങൾ കണ്ടെത്തി. ഭയം, അപകർഷതാബോധം, അകാരണമായ കുററബോധം, വ്യക്തിവിദ്വേഷം എന്നിവയാണ് ആ നാലു പിശാചുക്കൾ. അവയെ നിർമ്മാർജ്ജനം ചെയ്യുവാൻ പ്രാർത്ഥനയ്ക്ക് കഴിയുമെന്നാണ് അദ്ദേഹം സമർത്ഥിക്കുന്നത്.

സ്വർഗ്ഗസ്ഥനായ പിതാവേ എന്ന മഹനീയ പ്രാർത്ഥന മേൽപ്പറഞ്ഞ നാലു വിപത്തുക്കളേയും ഇല്ലാതാക്കാമെന്ന് അവധാനപൂർവ്വം ചിന്തിച്ചാൽ കണ്ടെത്താം.

ഒന്നാമത്തേത് ഭയമാണ്. ഭയം എല്ലാ മനുഷ്യർക്കും ജീവികൾക്കും ഉള്ള സാമാന്യവികാരമാണ്. അതിനെ അതിജീവിക്കുന്നത് വിശ്വാസംമൂലമത്രേ. തനിച്ചിരിക്കുന്ന കൊച്ചുകുട്ടി ഭയപ്പെടുന്നു. സ്വന്തം അമ്മയുടേയോ അച്ഛന്റേയോ അടുത്ത് ആയിരിക്കുമ്പോൾ കുട്ടിയുടെ ഭയം എവിടെയോ ഒളിക്കുന്നു. അനേകനിലയുള്ള ഒരു കെട്ടിടത്തിന് അതിന്റെ മധ്യഭാഗത്ത് തീപിടുത്തമുണ്ടായപ്പോൾ ഏററവും ഉയരത്തിലെ നിലയിലെ ആളുകൾക്ക് താഴേയ്ക്കിറങ്ങി രക്ഷപ്പെടാൻ കഴിഞ്ഞില്ല. തന്മൂലം അവർ, താഴെ ഭൂമിയിൽ വല വിരിച്ചുപിടിച്ചവരുടെ സഹായം തേടി. മുകളിൽനിന്ന് ഓരോരുത്തരായി വലയിലേയ്ക്ക് ചാടി രക്ഷപ്പെട്ടു. അവസാനം ഒരു കൊച്ചുകുട്ടികൂടി വെന്തെരിയുന്ന കെട്ടിടത്തിനു മുകളിൽ അവശേഷിക്കുന്നുവെന്ന് അവർ കണ്ടു. താഴേയ്ക്ക് ചാടുവാൻ ആ കുട്ടിയോട് എല്ലാവരും ആവശ്യപ്പെട്ടു. പക്ഷേ, ഭയംകൊണ്ട് അവൻ താഴേയ്ക്ക് ചാടാതെ കരഞ്ഞ് നിലകൊണ്ടു. അപ്പോഴാണ് ആ കുട്ടിയുടെ

മാതാവു കെട്ടിടത്തിനു താഴെ ഓടിയെത്തിയത്. ആ സ്ത്രീ വിളിച്ചു പറഞ്ഞു: ''മോനേ ചാടിക്കോളൂ. ദാ, അമ്മ പിടിച്ചുകൊള്ളാം.''

കുട്ടി ഭയംവെടിഞ്ഞു താഴേയ്ക്കു ചാടി. വലയിൽ അവനെ മററുള്ളവർ രക്ഷപ്പെടുത്തുകയും ചെയ്തു. മാതാവോ പിതാവോ കുട്ടിയോടുകൂടിയുണ്ടെങ്കിൽ കുട്ടിയ്ക്കു ഭയം ഉണ്ടാവുകയില്ല,

നമ്മിലുള്ള ഭയം ഇല്ലാതാക്കുവാനാണ് യേശു ദൈവത്തെ സ്നേഹനിധിയായ പിതാവായിക്കാണിക്കുന്നത്. ധൂർത്തപുത്രൻെറ ഉപമയിൽ ഇതു സുവ്യക്തമാണല്ലോ. 'സ്വർഗ്ഗത്തിലിരിക്കുന്ന പ്രഭോ, അഥവാ രാജാവേ,'' എന്നൊക്കെയുള്ള സംബോധനകളേക്കാരം മനുഷ്യർക്ക് പ്രിയങ്കരമായത് 'പിതാവേ' എന്ന സംബോധനയായിരിക്കും. നല്ല പിതാവിൻെറ കരവലയത്തിലാണ് താനെന്നോർക്കുമ്പോരം ഭയം അസ്തമിക്കുന്നു.

ദൈവം പിതാവാണെങ്കിൽ നാമെല്ലാം അവിടുത്തെ പുത്രന്മാരും പുത്രിമാരും ആയിരിക്കും. ഒരു പിതാവിൻെറ തന്നെ മക്കളെന്നനിലയിൽ എല്ലാവരും സമന്മാരായിരിക്കും. ദൈവം പിതാവാണെന്ന മുദ്രയാണ് ബാഹ്യമായ എല്ലാ വൈരുധ്യങ്ങളുടെയും മീതെ നമ്മേ വിലയുററവരും ഏകോദരസഹോദരന്മാരുമാക്കുന്നത്. കറൻസിനോട്ടുകരം മുഷിഞ്ഞതും ചുളുങ്ങിയതും നിറം മങ്ങിയതും തനിപ്പുത്തൻ നോട്ടുകളോടൊപ്പം കണ്ടേക്കാം. പക്ഷേ, എല്ലാ നോട്ടുകരംക്കും ഒരേ മൂല്യമാണ്. കാരണം, സർക്കാർമുദ്ര അവയിലോരോന്നിലുമുണ്ട്. ദൈവസുതനെന്ന മുദ്രകൊണ്ട്

ഓരോ വ്യക്തിയും അനുഗൃഹീതനാണ്. അതുകൊണ്ടു ഞാൻ ആരെക്കാളും കുറഞ്ഞ വ്യക്തിയാണ് എന്ന ചിന്ത പുലർത്തേണ്ടതില്ല. എല്ലാവരും ഏകോദര സഹോദരങ്ങളാണ്. അനന്തമായ വിലയുള്ള ആത്മാവുമൂലം അലംകൃതരാണ്. ഇങ്ങനെ ചിന്തിക്കുമ്പോൾ അപകർഷതാബോധത്തിന് നമ്മിൽ പഴുതുണ്ടാവുകയില്ല.

അകാരണമായ കുററബോധം മനുഷ്യമനസ്സിനെ സദാ അലട്ടുന്ന ഒന്നാണ്. ഇരുപതാംനൂററാണ്ടിലെ പ്രശസ്തരായ കാഫ്കാ തുടങ്ങിയ സാഹിത്യകാരന്മാരുടെ കൃതികളിൽ ഒരു ഒഴിയാബാധപോലെ ഈ വസ്തുത മുഴച്ചുനില്ക്കുന്നു. 'മനുഷ്യനിലെ അസ്തിത്വം, ദുഃഖം' തുടങ്ങിയ വാക്കുകളിലൂടെ ഇതു വിശദീകരിക്കാൻ ആധുനികതത്ത്വവേദികൾ ശ്രമിക്കുന്നു. ഈശ്വരനിൽ സമസ്തവും സമർപ്പിച്ചുകൊണ്ട്; ഈശ്വരൻെറ തിരുഹിതം നിറവേററുവാൻ പ്രാർത്ഥിക്കുന്നവന് അകാരണമായ കുററബോധമുണ്ടാവുകയില്ല. താൻ എവിടെനിന്നു വന്നു, എവിടേയ്ക്കു പോകുന്നു എന്നീ കാര്യങ്ങൾ വ്യക്തമായി അവൻെറ കൺമുമ്പിലുണ്ട്. സമസ്തവും ഈശ്വരനിലർപ്പിച്ച് സ്വന്തം ആത്മാവിൽ ശാന്തിയുടെ ശുഭ്രമയൂഖങ്ങൾ വിരിയിക്കുവാൻ കഴിയുന്ന ഈശ്വരവിശ്വാസിയുടെ ഹൃദയത്തിൽ അകാരണമായ കുററബോധത്തിന് അല്പപൊഴുതും വരികയില്ല.

മനസ്സിൻെറ ശാന്തി ഭഞ്ജിക്കുന്ന അവസാനത്തെ ഘടകം വ്യക്തിവിദ്വേഷമാണെന്ന് മനശ്ശാസ്ത്രരീത്യാ നാം കണ്ടു. ഞങ്ങളോടു തെററുചെയ്തവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങുടെ തെററുകൾ ഞങ്ങളോടും പൊറുക്കേണമേ, എന്നുള്ള പ്രാർത്ഥനാഭാഗം വ്യക്തിവിദ്വേഷത്തിൻെറ ലോലതന്തുക്കൾ

പോലെ മനസ്സിൽ നിന്നു പിഴുതുകളയുവാൻ നാം സ്വയം ഏറ്റെടുക്കുന്ന ബാദ്ധ്യതയാണ്. സ്വന്തം തെററുകളും അപാകതകളും ദൈവം ക്ഷമിക്കണമെന്ന് പറയുമ്പോൾ അത് ഏതളവിലാണ് എന്നുകൂടിവ പ്രാർത്ഥിയ്ക്കുന്നവൻ വ്യക്തമാക്കുന്നു. മററുള്ള രോട് ഏതുവിധത്തിൽ താൻ ക്ഷമിക്കുന്നുവോ അതേ വിധത്തിൽ തന്നോടും ക്ഷമിക്കേണമേ എന്നാണ് അഭ്യർത ഥന. ഈ വിശിഷ്ട പ്രാർത്ഥന ആത്മാർ ത്ഥതയോടുകൂടി ഉരുവിടുന്ന വ്യക്തിയ്ക്ക് ഇതര വ്യക്തികളോടു വിദ്വേഷത്തിൻെറ കണികയെങ്കിലും പുലർത്താൻ ഒരിക്കലും സാധ്യമല്ല

ഫാ. മൗറീഷ്യോ റുഫീനോ ഒരു സംഭവം രേഖപ്പെ ടുത്തുന്നുണ്ട്. കാസിൽ എന്ന സ്ഥലത്തുവച്ച് അദ്ദേഹം ഒരു കൃഷിക്കാരനുമായി സംഭാഷണം നട ത്തുകയായിരുന്നു. കർഷകൻ പറഞ്ഞു: ''ഫാദർ ക്രിസ്തുമതത്തിൻെറ സാരസംഗ്രഹം എനിക്ക് മന പ്പാഠമാണ്''

ഫാ. മൗറിഷ്യോ:- എന്താണ് അത്?

കർഷകൻ: - സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർ ത്ഥന.

ഫാ. മൗറിഷ്യോ:- താങ്കൾ പറഞ്ഞത് പൂർണ്ണമായും സത്യം തന്നെ.

കർഷകൻ തുടർന്നു പറഞ്ഞു: ''ഞാൻ തനിച്ച് വീട്ടി ലിരിക്കുമ്പോഴും പള്ളിയിൽ ആയിരിക്കുമ്പോഴും ആ പ്രാർത്ഥന സാവധാനം ചൊല്ലും. എല്ലാ ദു:ഖ ങ്ങളും ഇല്ലാതാക്കുവാൻ അതിനേക്കാൾ വലിയ ഔഷ ധം മറെറാന്നില്ലെന്ന് ഞാൻ അനുഭവത്തിൽനിന്നും മനസ്സിലാക്കിയിട്ടുണ്ട്. ഓരോ പ്രാവശ്യം ആ പ്രാർത്ഥന ചൊല്ലുമ്പോഴും പുതുജീവൻ എന്നിൽ അങ്കുരിക്കുന്നതായാണ് എനിക്കു തോന്നുന്നത്''

മൂന്ന്

# ഫോർമുല ഇല്ലാത്ത പ്രാർത്ഥന

പ്രാർത്ഥനയെന്നാൽ യാചന എന്നോ ദൈവത്തോടു പരാതികൾ ഉണർത്തിക്കൽ എന്നോ ആണ് നമ്മിൽ പലരും ധരിച്ചുവച്ചിരിക്കുന്നത്. എന്നാൽ നമ്മുടെ ഇല്ലായ്മയും വല്ലായ്മയും പരിഹരിക്കാൻ മററു മാർഗ്ഗം കാണാത്തപ്പോൾ ദൈവത്തോടു പറയുക മാത്രമാണോ പ്രാർത്ഥന? ഒരിക്കലുമല്ല. നമ്മുടെ മനസ്സിനെ ദൈവത്തിൻെറ പക്കൽ ഉയർത്തുന്നതാണ് പ്രാർത്ഥന.

സൗഹൃദ സംഭാഷണം പോലെ ഹൃദ്യമായിരിക്കണം പ്രാർത്ഥനയും. സുഹൃത്തുമായി സംഭാഷണം ചെയ്യുമ്പോൾ ആദ്യന്തം പരാതികൾ പറയാൻ നാം തുനിയാറില്ലല്ലോ. സുഖാസുഖങ്ങൾ ആരായും; നന്മയിലും നേട്ടങ്ങളിലും ആനന്ദിക്കും: നമുക്കു ലഭിച്ച ഉപകാരങ്ങളെ നന്ദിപൂർവ്വം സ്മരിക്കും. എന്തെങ്കിലും കാര്യം സാധിക്കണമെങ്കിൽ അതും ഉചിതമായ വാക്കുകളിൽ സുഹൃത്തിനോട് ഉണർത്തിക്കും. പക്ഷേ ഒടുവിൽപ്പറഞ്ഞ കാര്യമാണ് പ്രാർത്ഥനയായി നാം നടത്താറുള്ളത്. അതു യഥാർത്ഥ പ്രാർ

ത്ഥനയല്ല; സ്വാർത്ഥതാപൂരണമാണ്. പ്രസിദ്ധ സാഹിത്യകാരനായ ജി. കെ. ചെസ്ററർട്ടൺ പറഞ്ഞ ഒരു കഥയുണ്ട്: ഒരു ദേവാലയത്തിൽ ഒരാരം ദിവസവും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. രണ്ടു വള്ളിച്ചെരുപ്പുകരം മാത്രമുള്ള അയാരംക്ക് ഒരുജോഡി ഷൂസ് വേണം. അതു കിട്ടണമെന്നു മാത്രമാണ് പ്രാർത്ഥന.

വളരെ ദിവസങ്ങളിലെ പ്രാർത്ഥനയ്ക്കുശേഷം ആ മനുഷ്യന് ആശിച്ചകാര്യം സാധിച്ചില്ല. തന്മൂലം നിരാശനായ അയാരം ദൈവത്തെ ശപിച്ചുകൊണ്ട് ഒരു ദിവസം ദേവാലയത്തിനു വെളിയിലിറങ്ങി, അപ്പോഴതാ ഒരു മനുഷ്യൻ വടിയിൽ സ്വയം താങ്ങി ദേവാലയത്തിൽ പ്രവേശിക്കുന്നു. അയാളും പ്രാർത്ഥിക്കുകയാണ്. നിരാശനായി പുറത്തിറങ്ങിയ മനുഷ്യൻ മററയാളുടെ പ്രാർത്ഥന ശ്രദ്ധിച്ചു. ''ദൈവമേ! അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. കാറപകടത്തിൽ എൻെറ രണ്ടുകാലും നഷ്ടപ്പെടുവാൻ ഇടയാകുമായിരുന്നു. എന്നാൽ അവിടുത്തെ കാരുണ്യംകൊണ്ട് എൻെറ ഒരു കാലിന് കേടില്ലാതെ എനിക്ക് വിമുക്തി തന്നു. വടിയും കുത്തി വന്നിട്ടെങ്കിലും അവിടുത്തേ സന്നിധിയിൽ കൃതജ്ഞത അർപ്പിക്കാൻ ഇടയായതിൽ ഞാൻ സന്തോഷിക്കുന്നു.''

ഈ പ്രാർത്ഥന കേട്ട ആദ്യത്തേയാരം സ്വന്തം തെററിനെക്കുറിച്ച് പശ്ചാത്തപിച്ച് ദൈവത്തോട് കാരുണ്യമപേക്ഷിച്ചുകൊണ്ട് കടന്നുപോയി എന്നാണു ചെസ്ററർട്ടൻ പറയുന്നത്.

''വാക്കുകരം കൂട്ടിച്ചൊല്ലാൻ കഴിയാത്ത പിഞ്ചുകുട്ടി തൻെറ അപ്പച്ചനോടു സംസാരിക്കുന്നതുപോലെ ഞാൻ ദൈവത്തോടു സംഭാഷണം ചെയ്യും...എന്ന് ഒരു

പെൺകുട്ടി പറഞ്ഞു. പറയുക മാത്രമല്ല, ജീവിതത്തിലുടനീളം അങ്ങനെ പ്രവർത്തിക്കുകയും ചെയ്തു. അനന്യലളിതമായ ജീവിതം നയിച്ച ആ പെൺകുട്ടി ലിസ്യുവിലെ ചെറുപുഷ്പം എന്ന പേരിൽ അഖില ലോകവന്ദ്യയായിത്തീർന്നു പിൽക്കാലത്ത്.

പ്രാർത്ഥനയെ ചില ഫോർമുലകളിൽ ഒതുക്കി നിർത്തുമ്പോഠം അതിൻെറ ചൈതന്യം നഷ്ടപ്പെടുന്നു, ഗാന്ധിയുടെയും കബീറിൻെറയും മീരാബായിയുടെയും അസ്സീസിയിലെ സ്നേഹഗായകനായ വി. ഫ്രാൻസിസിൻെറയും പ്രാർത്ഥനകഠം എഴുതിപ്പഠിച്ച ഫോർമുലകളായിരുന്നില്ല.

മദർ തെരേസയെക്കുറിച്ച് ഡെഡ്മണ്ട് ഡോയിഗ് എഴുതിയ ജീവചരിത്രത്തിൻെറ ആദ്യപേജിൽ ഫ്രാൻസിസ് അസീസിയുടെ പ്രസിദ്ധമായ പ്രാർത്ഥന കൊടുത്തിട്ടുണ്ട്. പുസ്തകത്തിന് അവതാരികയെഴുതിയ ഇന്ദിരാഗാന്ധി പറയുന്നത്... ''ഫ്രാൻസിസ് അസീസിയുടെ അതിമനോഹരവും സ്നേഹാർദ്രവും ആയ പ്രാർത്ഥനതന്നെ അഗതികളുടെ അമ്മയുടെ ജീവചരിത്രത്തിന് മുഖവുരയായി കൊടുത്തത് അത്യന്തം ഉചിതമായിരിക്കുന്നു. മദർ തെരേസയുടെ ശാലീന വ്യക്തിത്വത്തിൻെറ മഹിമ, സ്നേഹം, അനുകമ്പ എന്നിവയെല്ലാം വി. ഫ്രാൻസിസിൻെറ പ്രാർത്ഥനയ്ക്കു ഉഠംക്കൊള്ളാൻ കഴിയുന്നുണ്ട്'' എന്നാണ്.

വിശ്വസ്നേഹഗായകനായ വി. ഫ്രാൻസിസിൻെറ എട്ടാം ശതാബ്ദി ലോകമെങ്ങും ആഘോഷിയ്ക്കയുണ്ടായല്ലോ. അദ്ദേഹത്തിൻെറ പ്രാർത്ഥന ഉദ്ധരിക്കുന്നത് ഉചിതമാണെന്നു കരുതട്ടെ...''നാഥാ

അങ്ങയുടെ ദിവ്യശാന്തി എങ്ങും പരത്തുവാനുള്ള ഉപകരണമാക്കി എന്നെ മാറേറണമെ. വിദ്വേഷമുള്ളിടത്ത് സ്നേഹം ഞാൻ വിതയ്ക്കട്ടെ. ക്ഷതങ്ങളിൽ ആശ്വാസം പകരട്ടെ സംശയത്തിലുഴലുവോർക്ക് വിശ്വാസവും, നിരാശർക്ക് പ്രതീക്ഷയും, ഇരുളിൽ പ്രകാശവും, ഗ്ലാനിയിൽ ആനന്ദവും ഏവർക്കും നൽകുവാൻ എനിക്കു കഴിയട്ടെ. ദിവ്യനാഥാ ആശ്വാസം കണ്ടെത്തുന്നതിനേക്കാൾ അന്യരെ ആശ്വസിപ്പിക്കുവാനും, അന്യർ എന്നെ മനസിലാക്കുന്നതിനേക്കാൾ ഞാൻ അന്യരെ മനസിലാക്കുവാനും, മററുള്ളവരാൽ, സ്നേഹിക്കപ്പെടുന്നതിനേക്കാൾ മററുള്ളവരെ സ്നേഹിക്കുവാനും, സ്വീകരിക്കുന്നതിനേക്കാൾ നൽകുവാനും, ദാക്ഷിണ്യം ലഭിക്കുന്നതിനേക്കാൾ അന്യരോടു ദാക്ഷിണ്യം കാണിക്കുവാനും എനിക്ക് ഇടവരട്ടെ. എന്തെന്നാൽ നിത്യജീവനിലേക്കുള്ള ജനനം മരണത്തിലൂടെയാകുന്നു എന്നറിയുന്നു.''

## നാല്

# അഭിമാനിക്കാവുന്ന ഛായ

ഒരു രാജകുമാരന് ഒരിക്കൽ ഒരു ക്ഷണക്കത്തു കിട്ടി. രാജ്യത്തിലെ ഒരു ഗ്രാമത്തിൽ യുവജനങ്ങൾ നടത്തുന്ന പരിപാടിയിൽ പങ്കെടുക്കണമെന്ന അഭ്യർത്ഥനയായിരുന്നു അത്. രാജകുമാരൻ ചടങ്ങിൽ പങ്കെടുക്കുവാൻ ആഗ്രഹിച്ച് പിതാവിനോട് അനുവാദം ചോദിച്ചു. പിതാവ് അയാളോട് പറഞ്ഞു: ''കൊള്ളാം. നീ പൊയ്ക്കൊള്ളുക. പക്ഷേ, ഒരു കാര്യം സദാ ഓർത്തുകൊള്ളണം. നീ രാജാവിൻെറ പുത്രനാണെന്നുള്ള കാര്യം.''

മതവിശ്വാസിയെ സംബന്ധിച്ചിടത്തോളം ഏറെ അഭിമാനിക്കാൻ ഒരു വസ്തുതയുണ്ടെങ്കിൽ അത് താൻ ദൈവത്തിൻെറ പുത്രനാണ് എന്നതാണ്. ദൈവത്തിൻെറ ഛായ തന്നിൽ നിലനിൽക്കുന്നുവെന്ന് ഉത്തമബോധ്യമുള്ളവന് ഭൗതികമായ കുറവുകൾ കുറവുകളല്ല. പ്രഥമവും പ്രധാനവുമായി താൻ ദൈവസുതനാണെന്നതിൽ അയാൾ അഭിമാനം കൊള്ളുന്നു.

ലണ്ടനിലെ ഒരു ഹോട്ടലിൽ വിവിധ രാജ്യങ്ങളിലെ ആളുകൾ ഒരുമിച്ചുകൂടി ചർച്ച നടത്തുകയായി

രുന്നു. അവരിൽ അമേരിക്കക്കാരനുണ്ട്, റഷ്യക്കാരനുണ്ട്, യൂറോപ്പിലെ പല രാജ്യങ്ങളിൽ നിന്നുള്ള ആളുകളുണ്ട്. അമേരിക്കൻ പറഞ്ഞു: മനുഷ്യർ എല്ലാവരും തുല്യരാണ്. കാരണം മനുഷ്യർ ജനിക്കുന്നത് സമന്മാരായിട്ടാണ്.

മററൊരാൾ അത് നിഷേധിച്ചു: നിങ്ങൾ പറയുന്നത് ശരിയല്ല. മുതലാളിത്തം വച്ചു പുലർത്തുന്ന താങ്കൾക്ക് മനുഷ്യരെല്ലാം തുല്യരാണെന്ന് പറയാൻ അവകാശമില്ല. ചിലർ ജനിക്കുന്നത് കോടീശ്വരന്മാരായിട്ടാണ്. അതേസമയം മററു ചിലരോ മുഴുപ്പട്ടിണിക്കാരായും. പിന്നെ ജന്മസമത്വം എവിടെയാണ്?

റഷ്യാക്കാരൻ പറഞ്ഞു: സ്ഥിതിസമത്വമാണ് ഞങ്ങളുടെ ആദർശം ഞങ്ങളുടെ സോഷ്യലിസ്ററ് വ്യവസ്ഥിതിയിൽ എല്ലാമനുഷ്യരും തുല്യരാണ്. മററു പലർക്കും അയാളുടെ വാദഗതി അംഗീകരിക്കാൻ കഴിഞ്ഞില്ല. അവർ പറഞ്ഞു: കമ്യൂണിസ്ററ് സോഷ്യലിസത്തിൽ വ്യക്തികൾക്ക് സ്ഥാനമില്ല. രാഷ്ട്രത്തിൻെറ സാമ്പത്തിക ഘടനയിലെ കരുക്കൾ മാത്രമാണല്ലോ നിങ്ങളുടെ ചിന്താഗതിയിൽ മനുഷ്യ വ്യക്തികൾ. സാമ്പത്തിക പദ്ധതിയിലെ ഉപകരണങ്ങളുടെ നിലയിലേക്ക് തരംതാഴ്ത്തുന്ന വ്യവസ്ഥിതി പുലർത്തുന്നവർക്ക് സമത്വത്തെക്കുറിച്ച് പറയാൻ എന്താണവകാശം?.

ഇംഗ്ലീഷുകാരൻ പറഞ്ഞു: ''മനുഷ്യരെല്ലാവരും ദൈവപിതാവിൻെറ മക്കളെന്ന നിലയിൽ സമന്മാരാണെന്നു ഞാൻ വിചാരിക്കുന്നു. ഇതു പറഞ്ഞുകൊണ്ട് അയാൾ കുറെ നാണയങ്ങൾ മേശപ്പുറത്തിട്ടു. അയാൾ തുടർന്നു. ''ഈ നാണയങ്ങളിൽ ചിലത്

പഴയതാണ്. തേഞ്ഞും ചുളുങ്ങിയുമിരിക്കുന്നു, വിയർപ്പും ചെളിയും പിടിച്ച് ശോഭ കുറഞ്ഞിരിക്കുന്നു. എന്നാൽ ചില നാണയങ്ങൾ മാത്രം വളരെ പുതിയതും കണ്ടാൽ ഭംഗിയുള്ളവയുമാണ്. പക്ഷേ, നിങ്ങൾക്കറിയാമല്ലോ ഇവയ്ക്കെല്ലാം ഒരേ മൂല്യമാണുള്ളതെന്ന്. രാഷ്ട്രത്തിന്റെ ഭരണാധികാരിയുടെ മുദ്രയുള്ളതുകൊണ്ടാണ് ഇവയോരോന്നിനും വിലയുള്ളത്.

മനുഷ്യരെന്ന നിലയിൽ നമുക്ക് അഭിമാനാർഹമായി എന്തെങ്കിലുമുണ്ടെങ്കിൽ അത് ദൈവത്തിന്റെ മുദ്ര നമ്മുടെ ആത്മാവിൽ പതിഞ്ഞിരിക്കുന്നു എന്നതിലാണ്. ആ സ്നേഹപിതാവിന്റെ മക്കളെന്നനിലയിൽ നാമെല്ലാവരും സമന്മാരാണ്.

ഒരു കണ്ണാടിയിൽ ഛായ പതിയുന്നത് കണ്ണാടി വസ്തുവിനഭിമുഖമായി പിടിക്കുമ്പോഴാണ്. നാം ആത്മാവിനെ ദൈവത്തിനഭിമുഖമായി പിടിക്കുമ്പോൾ ദൈവത്തിന്റെ മുഖം അതിൽ തെളിഞ്ഞു കാണുന്നു. കണ്ണാടിയുടെ ചെരിവ് ഭൂമിക്കഭിമുഖമായിരുന്നാൽ–അന്തക്കരണം ഭൗതികയാഥാർത്ഥ്യങ്ങളിലേക്കു മാത്രം തിരിച്ചാൽ–ദൈവത്തിന്റെ ഛായയ്ക്കു പകരം ഭൗതികതയുടെ പ്രതിബിംബമായിരിക്കും അതിൽ തെളിയുക.

പ്രാപഞ്ചികമായ കുറവുകളും പോരായ്മകളും തൃണവത് ഗണിച്ച് നമുക്ക് സദാ അഭിമാനിക്കാവുന്ന വിലപ്പെട്ട യാഥാർത്ഥ്യം ബൈബിൾ നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു.

(ഉല്പത്തി 1: 27)

അഞ്ച്

# "ദൈവഹിതം നിറവേറട്ടെ"

യഹൂദറബ്ബിയായ അക്കീബായെ സംബന്ധിച്ച് ഒരു കഥയുണ്ട്. മതപീഡനകാലത്ത് അക്കീബാ നാടുവിട്ടു. മരണത്തിൽനിന്നു രക്ഷപ്പെടുവാൻവേണ്ടി അദ്ദേഹം വനാന്തരങ്ങളിലൂടെ അലഞ്ഞു തിരിഞ്ഞു. വിശുദ്ധ ഗ്രന്ഥം വായിക്കുന്നതിനുള്ള വിളക്ക്, പ്രഭാതം വിളിച്ചറിയിക്കുന്ന പൂവൻകോഴി, യാത്രയിൽ സഹായിയായി കഴുത-ഇവ മൂന്നുമാണ് അദ്ദേഹത്തിന്റെ സ്വത്ത്.

റബ്ബി അക്കീബാ ഒരുദിവസം വൈകുന്നേരമായപ്പോൾ ഒരു ഗ്രാമത്തിലെത്തി. തനിക്ക് രാത്രി കഴിച്ചു കൂട്ടുവാൻ ഒരു വസതി തരണമെന്ന് അദ്ദേഹം ഗ്രാമവാസികളോട് അപേക്ഷിച്ചു. പക്ഷേ, അവരാരും നൽകിയില്ല. വിഷാദമഗ്നനായി അക്കീബാ ആ ഗ്രാമത്തിലെ ഒരു വീഥിയിലിരുന്നു. വിളക്ക് കത്തിച്ചു. ഉടനെ ശക്തിയായ കാററ് വിളക്കു കെടുത്തിക്കളഞ്ഞു. നിരാശനായി തന്റെ വിധിയോർത്ത് വിലപിച്ചിരിക്കേ, ഒരു കുറുക്കൻ വന്ന് കോഴിയെ പിടിച്ചു. കോഴിയെ രക്ഷിക്കാൻ പിറകേ ഓടിയെങ്കിലും അക്കീബായ്ക്ക് അതിനെ രക്ഷിക്കാൻ കഴിഞ്ഞില്ല. മാത്രമല്ല,

ത്തിരിയെ വന്നപ്പോൾ ഒരു സിംഹം തന്റെ കഴുതയെ കൊന്നിട്ടിരിക്കുന്നതായിട്ടാണു കാണാൻ കഴിഞ്ഞത്. ജീവരക്ഷാർത്ഥം അക്കീബാ മററൊരു ഗ്രാമത്തിലേക്ക് ഓടി രാത്രി കഴിച്ചു. ദുഃഖം സഹിക്കവെയ്യാതെ അദ്ദേഹം ദൈവത്തോടു ചോദിച്ചു: അല്ലയോ യഹോവേ, എനിക്കീ കഷ്ടപ്പാടുകളെല്ലാം എന്തിനു നൽകി?

പിറേറദിവസമാണ് റബ്ബി അറിയുന്നത്, താൻ തലേ രാത്രിയിൽ അഭയമന്വേഷിച്ച് അലഞ്ഞുതിരിഞ്ഞ ഗ്രാമം കവർച്ചക്കാർ കൊള്ളചെയ്തുവെന്ന്. കണ്ണിൽക്കണ്ടവരെയെല്ലാം കൊല്ലുകയും വസ്തുവകകൾ അപഹരിക്കുകയും ചെയ്തിരിക്കുന്നുവെന്ന്. അക്കീബാ ഓർത്തു: തലേന്നാൾ തനിക്ക് അഭയം ലഭിച്ചിരുന്നെങ്കിൽ തന്റെ ജീവിതം അപകടത്തിലാകുമായിരുന്നു. തെരുവീഥിയിലിരുന്ന തന്റെ വിളക്ക് കത്തിനിൽക്കുകയോ കോഴിയോ സന്തതസഹചാരിയായ കഴുതയോ തന്നോടൊപ്പം ഉണ്ടായിരിക്കുകയോ ചെയ്തിരുന്നെങ്കിൽ തന്റെ പ്രാണൻ അപഹരിക്കപ്പെടുമായിരുന്നല്ലോ എന്ന്. ഏതായാലും അതൊന്നും സംഭവിക്കാതെ കഴിഞ്ഞു.

യഹൂദരുടെയിടയിൽ പ്രസിദ്ധമായ ഈ കഥ ഐതിഹ്യമായിരിക്കാം. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം ഉചിതമായി ക്രമീകരിക്കപ്പെട്ടിരിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. പലപ്പോഴും നാം പ്രാർത്ഥിക്കുന്നത് താൽക്കാലിക നന്മകൾ മാത്രമാണ്. എന്നാൽ, നമ്മുടെ ആവശ്യങ്ങൾ ഏററം കൂടുതലായറിയുന്നതും നമുക്ക് ഉചിതമായ വരം പ്രദാനം ചെയ്യുന്നതും നന്മകളുടെ ഉറവിടമായ ദൈവമാണ്.

യേശുവിൻെറ അന്ത്യവിനാഴികയിലെ പ്രാർത്ഥന നമുക്ക് എപ്പോഴും മാതൃകയായിരിക്കണം. 'കഴിയുമെങ്കിൽ, പീഡകളെന്ന പാനപാത്രം എന്നിൽ നിന്ന് നീക്കം ചെയ്യണമേ! പിതാവേ, എങ്കിലും എൻെറ ഇഷ്ടമല്ല. അങ്ങയുടെ ഇഷ്ടം മാത്രം നിറവേറട്ടെ.' ഇതാണ് യേശു പിതാവായ ദൈവത്തോട് അഭ്യർത്ഥിച്ചത്.

താൽക്കാലികമായ വിജയത്തിനും നേട്ടങ്ങൾക്കും വേണ്ടി മാത്രം നാം ദൈവത്തെ ശരണം ഗമിക്കുന്നു. അവ നമ്മുടെ ഇഷ്ടം പോലെ നടന്നില്ലെങ്കിൽ നമ്മുടെ പ്രാർത്ഥനയ്ക്കു വിലയും ഫലവും ഇല്ലെന്ന് നാം വിധിയെഴുതും.

സ്വർഗ്ഗസ്ഥനായ പിതാവേ...അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെന്നതുപോലെ ഭൂമിയിലും നിറവേറണം...എന്ന വിശിഷ്ടമായ പ്രാർത്ഥന അർത്ഥമറിഞ്ഞുകൊണ്ട് ഒരിക്കലെങ്കിലും ദൈവസന്നിധിയിലുയർത്തുന്നയാളിന് സ്വന്തം അഭീഷ്ടം നടക്കാത്തതിൻെറ പേരിൽ ദൈവത്തെ കുററപ്പെടുത്തുവാൻ എങ്ങനെ കഴിയും? ദൈവത്തിൻെറ ഇംഗിതം എന്നിൽ നിറവേറട്ടെ. ഇതായിരിക്കണം നമ്മുടെ ഏററവും വലിയ പ്രാർത്ഥന.

## ആറ്

# വാദങ്ങൾ നിഷ്ഫലമായ കോടതിയിൽ

ഏററവും ഹീനമായ പ്രവൃത്തികൾ ചെയ്തവരും അനേകരുടെ ജീവൻ ഹനിച്ചവരും സ്വന്തം ജീവൻ അപകടത്തിലായാൽ എങ്ങനെയും രക്ഷപെടാൻ നോക്കും.

ഹിററ്ലറുടെ വലംകൈ ആയിനിന്ന് നിരപരാധികളായ അനേകലക്ഷം യഹൂദരെ കാരുണ്യലേശമില്ലാതെ കൊന്നൊടുക്കിയ വ്യക്തിയാണ് ഐക്മാൻ. ഹിററ്ലർക്കുശേഷം, താൻ വധിക്കപ്പെടുമെന്നു മനസ്സിലാക്കിയ അദ്ദേഹം ജർമ്മനിയിൽനിന്ന് ഒളിച്ചോടി. പ്ലാസ്ററിക് സർജറി നടത്തി മുഖം വികൃതമാക്കി. ജീവൻ രക്ഷിക്കാനായി ആൾമാറാട്ടം നടത്തി. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കാൽശതാബ്ദം കഴിഞ്ഞാണെങ്കിലും അദ്ദേഹത്തെ യഹൂദർ പിടികൂടി. അന്ന് തൻെറ ജീവൻ രക്ഷിക്കുവാൻ വേണ്ടിയും നിലപാടു ന്യായീകരിക്കാൻ വേണ്ടിയും ഐക്മാൻ തീവ്രശ്രമം നടത്തുകയുണ്ടായി.

കൊലപാതകങ്ങളും മോഷണങ്ങളും മററു ഹീനകൃത്യങ്ങളും നടത്തി കുപ്രസിദ്ധരായ ബില്ലാരംഗ

മാർ, തങ്ങളെ ന്യായീകരിച്ചുകൊണ്ടു ചെയ്ത ദീർഘ പ്രസ്താവനകൾ നാം പത്രങ്ങളിൽ വായിച്ചിട്ടുണ്ട്. ഏതു തെററുകാരനാണെങ്കിലും സ്വന്തം ഭാഗം ന്യായീകരിക്കാനും വാദിക്കാനും അവകാശമുണ്ട് എന്നതു ശരി തന്നെ. ലോകത്തിനു മുൻപിൽ നീതിമാന്മാരായി കാണപ്പെടുവാനുള്ള വാസന മനുഷ്യനു ജന്മസിദ്ധമാണ്. ആദം, ഹവ്വായുടെ പേരിലും ഹവ്വാ സർപ്പത്തിൻെറ പേരിലും പഴിചാരിയെന്ന് ബൈബിൾ രചയിതാവ് ചൂണ്ടിക്കാണിക്കുന്നതും ഈ യാഥാർത്ഥ്യം മനസ്സിൽ ഉൾക്കൊണ്ടായിരിക്കില്ലേ?

മനുഷ്യൻ ബാഹ്യമായവ മാത്രം കാണുന്നു. ദൈവമോ ഉള്ളുകാണുന്നു. ക്ഷണികമായ ഈ ജീവിതകാലത്ത് ഏതുതെററിനേയും മറച്ചുപിടിക്കാനോ സ്വയം ന്യായീകരിക്കാനോ നമുക്കു കഴിഞ്ഞേക്കും. എന്നാൽ, മനുഷ്യമനസ്സിൻെറ ലോലലോലതരംഗങ്ങൾപോലും ദർശിക്കുന്ന ദൈവത്തിൻെറ മുമ്പിൽ കുററമില്ലാത്തവനാണ് ഭാഗ്യവാൻ.

നൂററാണ്ടുകൾക്കുമുൻപ് വിശുദ്ധനായ ഒരു ഹീബ്രുകവി ഇങ്ങനെ ഉദീരണം ചെയ്തു: ''ദൈവമേ, അങ്ങ് എന്നെ പരിശോധിക്കുകയും പൂർണ്ണമായി മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. അകലെ ഇരുന്നുകൊണ്ടുതന്നെ എൻെറ വിചാരങ്ങൾ അറിയുന്നു. എൻെറ വീഥി അങ്ങു പരിശോധിക്കുന്നു. ഒരു വാക്ക് എൻെറ നാവിൽ വീഴുംമുമ്പേ അത് അളക്കുന്നു. ആരംഭംമുതൽ എല്ലാ കാര്യങ്ങളും അങ്ങ് അറിഞ്ഞുകൊണ്ടിരിക്കുന്നു. (സങ്കീ: 138)

മനുഷ്യൻെറ അന്തരംഗം കണ്ണാടിയിലെന്നതുപോലെ കാണുന്ന ദൈവത്തിൻെറ മുമ്പിൽ സത്യസ

ന്ധനായി വ്യാപരിക്കുവാൻ മാത്രമാണ്, ഈശ്വരാന്വേഷകൻെറ ചിന്ത. ഈശ്വരസമക്ഷം ആർക്കു നീതിമാനായിരിക്കുവാൻ കഴിയും എന്ന ചോദ്യം ആ ഹീബ്രു കവിയെ നിരന്തരം അലട്ടിയിരുന്നു. അതിനദ്ദേഹം ഉത്തരം കണ്ടെത്തുകയും ചെയ്തു. അദ്ദേഹം പറയുന്നതു നോക്കുക: 'കറകൂടാതെ ജീവിക്കുന്നവനും നീതി പ്രവർത്തിക്കുന്നവനും നാവുകൊണ്ടു വഞ്ചിക്കാത്തവനുമാണ് ദൈവത്തിൻെറ വിശുദ്ധഗിരിയിൽ വിശ്രമിക്കുക. മാത്രമല്ല, സഹോദരനെ വഞ്ചിക്കാതെ, അയൽക്കാരനെതിരേ കൗടില്യം കാട്ടാതെ, അന്യായപ്പലിശയും കൈക്കൂലിയും വാങ്ങാതെ വ്യാപരിക്കുന്നവൻ നീതിമാനാണ്. അവൻ ദൈവത്തിൻെറ വിശുദ്ധഗിരിയിൽ അതേ, മഹനീയവും മനോഹരവുമായ ബലിപീഠത്തിനരികിൽ വസിക്കും. യാതൊരു ശക്തിക്കും അവൻെറ അടിത്തറയിളക്കുവാൻ സാദ്ധ്യമല്ല. (സങ്കീ: 15)

നാം കൊണ്ടുവരുന്ന തെളിവുകൾ മുഖാന്തരമാണ് മാനുഷികക്കോടതിയിൽ ന്യായാന്യായങ്ങൾ കണ്ടെത്തുന്നത്. എന്നാൽ ദൈവത്തിൻെറ കോടതിയിൽ നമുക്കു ഹാജരാക്കാനുള്ളത് വാക്കും വിചാരവും ചെയ്തിയുമടങ്ങിയ നമ്മുടെ ജീവിതം മുഴുവനുമാണ്.

ഏഴ്

# എല്ലാം കാണുന്ന കണ്ണുകൾ

അദൃശ്യനും ദൃശ്യാദൃശ്യങ്ങൾക്കുടയവനുമായ ഈശ്വരൻ എന്നെ ദർശിക്കുന്നുണ്ടോ? ഉണ്ട് എന്ന് ഈശ്വരവിശ്വാസി ഉത്തരം കൊടുക്കും. പക്ഷേ, വ്യക്തിപരമായ സങ്കീർണ്ണ പ്രശ്നങ്ങളുടെ നടുച്ചുഴിയിൽ അകപ്പെട്ടു നട്ടം തിരിയുമ്പോൾ നാമൊക്കെ പതറും. ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്യുന്ന കാര്യം സഫലമാകാതെ വരുമ്പോൾ നിരാശപ്പെടും. ഈശ്വരവിശ്വാസം പുലർത്തിയ ചിലരെങ്കിലും ഈശ്വരൻ ഇല്ലെന്നോ ഈശ്വരൻ എല്ലാം കാണുന്നില്ലെന്നോ ചിന്തിച്ചുപോകും.

ഒരിക്കൽ ഒരു കാലിച്ചെറുക്കൻ പൈക്കളെ മേയിച്ചു മടങ്ങുകയായിരുന്നു. വീട്ടിലെത്തി. പൈക്കളെ എണ്ണിനോക്കി. ഒരെണ്ണം കുറവുണ്ട്. അവനു സങ്കടമായി. പോയ വഴികളെല്ലാം തിരഞ്ഞു. പശുക്കുട്ടിയെ കണ്ടെത്തിയാൽ ഒരാടിനെ നേർച്ച കൊടുക്കാമെന്ന് ഈശ്വരനോടു പ്രാർത്ഥിച്ചു.

ഏറെനേരം തിരഞ്ഞിട്ടും പശുക്കുട്ടിയെക്കാണാതിരുന്ന ഇടയച്ചെറുക്കൻ ഇങ്ങനെ പറഞ്ഞു: ''എൻെറ പ്രാർത്ഥന കേൾക്കാൻ കഴിയാത്ത ഈശ്വരൻ പൊട്ടച്ചെവിയനാണ്.''

ഇതു പറഞ്ഞു തിരിഞ്ഞു കഴിഞ്ഞതും, തൻെറ പശുക്കുട്ടിയെ കൊന്ന് അതിൻെറ മേൽ പൂത്തപ്ലാേച്ചാററിമരം പോലെ ജടാവികടനായ ഒരു സിംഹം നിൽക്കുന്നതു കണ്ടതും ഒരുമിച്ചായിരുന്നു. അവൻെറ പ്രാണനിൽ തീ ആളി. ഈ സിംഹത്തിൻെറ പിടിയിൽനിന്ന് ഈശ്വരാ നീ എന്നെ രക്ഷിച്ചാൽ അങ്ങേക്ക് ഞാൻ ഒരു കാളയെ തന്നേക്കാം എന്നു പറഞ്ഞുകൊണ്ട് അവൻ പാഞ്ഞു.

മനുഷ്യനു ഭാഗികമായ വീക്ഷണമേയുള്ളു. അവൻെറ ഇരു കണ്ണുകളും ഒരേ വശത്താണ്. കണ്ണു തുറന്നിരുന്നാൽത്തന്നെ അവൻെറ ദൃഷ്ടിപഥം സങ്കുചിതമാണ്. വർത്തമാനകാലത്തിൻെറ ചെറിയ ഒരംശം മാത്രം ദർശിക്കുന്ന അവൻ എല്ലാം ദർശിക്കുന്നുവെന്ന് കരുതുന്നു. ഭാവികാലം അവനു ഗോചരമല്ല. ഭൂതകാലം മറവിയെന്ന വെളിയടയ്ക്കുള്ളിലാണ്.

നാം നന്മ ആഗ്രഹിക്കുന്നു. ശരിയാണ്. പക്ഷേ, ആത്യന്തികമായ നന്മ എന്താണെന്ന് നാം എപ്പോഴും അറിയുന്നില്ല. ഇപ്പോൾ ആഗ്രഹിക്കുന്ന കാര്യം നിവൃത്തിയായാൽ എല്ലാം ശുഭമായി എന്നു കരുതുന്നു. അതുകൊണ്ടാണ് നാം പ്രാർത്ഥിക്കുന്ന കാര്യം അപ്പാടെ നടന്നില്ലെങ്കിൽ കോപവും നിരാശയും നമുക്കുണ്ടാവുന്നത്. ദൈവം തന്നെ കാണുന്നില്ലെന്നും തൻെറ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നില്ലെന്നും അയാൾ ചിന്തിച്ചുവശാകുന്നു.

മനുഷ്യൻെറ പാർശ്വവീക്ഷണമോ ഭാഗിക ദർശനമോ അല്ല ഈശ്വരനുള്ളത്. അവിടുന്നു സമഗ്രമായി ദർശിക്കുന്നു. ഭൂത- ഭാവി- വർത്തമാനങ്ങൾ ഋജുരേഖയിലെന്നോണം അവിടുന്നു കാണുന്നു. ആത്യന്തികമായ നന്മയേതെന്ന് നമ്മേക്കാളധികമായി ഈശ്വരൻ അറിയുന്നു.

തമിഴ് ഭാഷയിൽ ഈശ്വരനെ സംബോധന ചെയ്യുന്ന നാമമാണ് 'മീൻകണ്ണ്' എന്നത്. പ്രസിദ്ധമായ

മധുരശ്രീകോവിലിലെ ദേവി മീനാക്ഷിയാണല്ലോ. മത്സ്യത്തിന്റെ കണ്ണുകൾ ഉള്ളവൾ എന്നർത്ഥം. മത്സ്യത്തിന്റെ കണ്ണിന് എന്താണ് പ്രത്യേകത? അവയ്ക്ക് അടയ്ക്കുവാനും തുറക്കുവാനും കൺപോളകളില്ല. രാപ്പകൽ അതു തുറന്നുതന്നെയിരിക്കും. ഈശ്വരന്റെ നയനങ്ങൾ അതുപോലെയാണ്. ഇരുപത്തിനാലുമണിക്കൂറും പ്രവർത്തിക്കുന്ന ടെലിഫോൺബൂത്തുപോലെ ഈശ്വരൻ തന്നെ വിളിക്കുന്ന ആരെയും കൈവിടാതെ അവരുടെ പ്രാർത്ഥന സദാ ശ്രവിക്കുന്നു. നാം ആശിക്കുന്ന രീതിയിൽ ഉത്തരം കിട്ടിയില്ലെങ്കിൽത്തന്നെ നമ്മുടെ ആത്യന്തികനന്മ ലക്ഷ്യമാക്കുന്ന ഈശ്വരന് നമ്മേക്കാൾ നമ്മുടെ കാര്യത്തിൽ ശ്രദ്ധയുണ്ടെന്ന് അറിയണം.

ശില്പകല, ചിത്രകല, സാഹിത്യം എന്നിവയൊക്കെ ഈശ്വരാംശങ്ങളാണ് എന്ന് പറയുന്നതിന്റെ കാരണം ഈശ്വരനുള്ള സമഗ്രദർശനം അവിടെ നാം കാണുന്നതുകൊണ്ടാണ്. ഒരു മാർബിൾ കല്ലിൽ ശില്പവിദ്യ ചെയ്യാനൊരുങ്ങുന്ന ശില്പിയും ക്യാൻവാസിന്റെ മുന്നിലിരിക്കുന്ന ചിത്രകാരനും ചെയ്യാൻ പോകുന്ന പ്രവൃത്തിയുടെ സമഗ്രദർശനമുള്ളവരാണ്. അല്ലാതെ യാദൃച്ഛികമായി ലക്ഷ്യം വന്നുപോകുന്നതല്ല. ശരാശരി മനുഷ്യനിൽ നിന്ന് ഏറിയ ദർശനം കലാകാരനുണ്ടെങ്കിൽ, ഈ കാണുന്ന പ്രപഞ്ചത്തിലെ പരമാണുവിനെയും സൃഷ്ടിച്ച് ത്രികാലങ്ങളേയും ഉൾക്കൊള്ളുന്ന ദർശന സുഷമതയോടെ എല്ലാം ക്രമീകരിക്കുന്ന ഈശ്വരനാണ് ഏററവും വലിയ കലാകാരൻ.

നമ്മുടെ അർത്ഥനകളും അഭിലാഷങ്ങളും ക്ഷിപ്രസാധ്യങ്ങളാകുന്നില്ലെങ്കിൽ നമ്മുടേതിനേക്കാൾ ദീർഘമായ ദർശനം ഈശ്വരനുണ്ട് എന്നുകൂടി നാം മനസ്സിലാക്കണം.

എട്ട്

# പ്രാർത്ഥനയും പ്രവർത്തനവും

യേശുവിനെയും സെൻററ് പീററെയും സംബന്ധിച്ച് ഒരു നാടോടിക്കഥയുണ്ട്. ഒരിക്കൽ യേശുവും പീററും ഒരുമിച്ച് വഴിനടക്കുകയായിരുന്നു. ചെളി പുതഞ്ഞു കിടക്കുന്ന പാത. കഷ്ടപ്പെട്ടു നടന്നു നീങ്ങിയപ്പോൾ അവർ ഒരു കാഴ്ച കണ്ടു.

മൂന്ന് കുതിരവണ്ടികൾ ആ വെട്ടുപാതയിൽ മുന്നോട്ടു പോകാൻ വയ്യാതെ കിടക്കുന്നു. വണ്ടിച്ചക്രങ്ങൾ ചെളിയിൽ ആഴ്ന്നു കിടക്കുകയാണ്. കുതിരവണ്ടികൾ ആയിരുന്നല്ലോ അക്കാലത്തെ പ്രധാന വാഹനം.

പീററർ ആ കുതിരവണ്ടിക്കാരെ സശ്രദ്ധം വീക്ഷിച്ചു. ഒന്നാമത്തെ വണ്ടിക്കാരൻ തനിക്കുണ്ടായ അപകടംമൂലം വെറിപൂണ്ട് കുതിരയെ മർദ്ദിക്കുകയാണ്. കോപംകൊണ്ട് അന്ധനായ അയാൾ ചാട്ടകൊണ്ട് കുതിരയെ പ്രഹരിക്കുകയും അതോടൊപ്പം ദൈവത്തെ പഴിക്കുകയും പല്ലിറുമ്മുകയും ചെയ്യുന്നുണ്ട്. കുതിരയുടെ ശരീരത്തിൽ നിന്ന് രക്തം ഒഴുകി. രണ്ടാമത്തെ കുതിരവണ്ടിക്കാരൻ വണ്ടിയിൽ നിന്ന് ഇറങ്ങി. അയാളുടെ മുഖം മ്ളാനമാണ്.

മുട്ടുകുത്തിനിന്ന് അയാ‍ാം പ്രാർത്ഥന തുടങ്ങി. ഒരു അദ്ഭുതത്തിലൂടെ ദൈവം തൻെറ വണ്ടിയെ രക്ഷിക്കുമെന്ന് അയാ‍ാം പ്രതീക്ഷിക്കുന്നു.

മൂന്നാമത്തെ കുതിരവണ്ടിക്കാരനെയും യേശുവും ശിഷ്യനും ശ്രദ്ധിച്ചു. അയാ‍ാം കുതിരയുടെ കടിഞ്ഞാണിലും വണ്ടിയുടെനുകപ്പലകയിലും ബലമായിപ്പിടിച്ച് മുന്നോട്ടു വലിക്കുകയും അതേസമയം ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഒന്നാമത്തെ വണ്ടിക്കാരനെ സഹായിക്കാൻ ഒരുങ്ങിയ പീറററെ തടഞ്ഞ് യേശു പറഞ്ഞു: 'അയാളെ സഹായിക്കേണ്ട.'

രണ്ടാമൻെറ അടുക്കലും പീററർ എത്തി. വരട്ടെ. . . ആ മനുഷ്യനെയും സഹായിക്കാൻ സമയമായിട്ടില്ല എന്നാൽ പ്രാർത്ഥിക്കുകയും ഒപ്പം പ്രവർത്തിക്കയും ചെയ്യുന്ന മൂന്നാമത്തെ വണ്ടിക്കാരനെ സഹായിക്കാൻ പീററർ ഒരുങ്ങിയപ്പോ‍ാം യേശു തടഞ്ഞില്ല. എന്നു മാത്രമല്ല, ആ മനുഷ്യൻെറ വണ്ടി ചെളിയിൽ നിന്നു കയററുവാൻ യേശുകൂടി സഹായിച്ചു.

ഇത് ഒരു നാടോടിക്കഥ മാത്രമാണ്. പക്ഷേ ഈ കഥയിൽ നാം ജീവിതത്തിൽ അനുവർത്തിക്കേണ്ട രീതി എപ്രകാരമുള്ളതാകണം എന്നൊരു സന്ദേശമു‍ാംക്കൊള്ളുന്നുണ്ട്. പ്രാർത്ഥനയും പ്രവർത്തനവും ഒരുമിച്ചുണ്ടാകണം. വിജയത്തിലേക്ക് പറന്നുയരാൻ സഹായിക്കുന്ന രണ്ടു ചിറകുകളാണ് പ്രാർത്ഥനയും പ്രവർത്തനവും.

പ്രാർത്ഥനയും പ്രവർത്തനവും സമഞ്ജസമായി ജീവിതത്തിൽ സമ്മേളിപ്പിക്കണം എന്നു വ്യക്തമാക്കുന്ന മറെറാരു കഥയുണ്ട്. ആളുകളെ അക്കരെയിക്കരെ കടത്തുവാൻ രണ്ടു തുഴയുള്ള ഒരു വള്ളം ഉപയോഗിച്ചിരുന്ന ഒരു സാധു മനുഷ്യൻെറ കഥ. അയാ‍ാം

വള്ളത്തിൻെറ തുഴകരം ഓരോന്നിലും പ്രാർത്ഥന, പ്രവർത്തനം എന്നിങ്ങനെ എഴുതിയിരുന്നു.

ഒരിക്കൽ ഒരു പണ്ഡിതൻ വള്ളത്തിൽ കയറി. ഈശ്വര വിശ്വാസമില്ലാതിരുന്ന ആ പണ്ഡിതൻ വള്ളത്തിലിരുന്നുകൊണ്ടു ചോദിച്ചു: എന്തിനാണ് പ്രാർത്ഥനയെന്നും പ്രവർത്തനം എന്നും ഓരോ തുഴകളിൽ എഴുതിയിരിക്കുന്നത്. രണ്ടു തുഴകളും തുഴയാൻ വേണ്ടിയുള്ളതാണല്ലോ.

സാധുവായ വള്ളക്കാരൻ പറഞ്ഞു: ഞാൻ ഇക്കാര്യം പറയാതെ തന്നെ അങ്ങേയ്ക്കു മനസ്സിലാകും,... വിശാലമായ നദിയിലൂടെ മദ്ധ്യഭാഗം വരെ രണ്ടു തുഴകളും ഉപയോഗിച്ച് അയാരം തുഴഞ്ഞു. പിന്നീട്, പ്രാർത്ഥന എന്നെഴുതിയ തുഴ മാററിവച്ച് പ്രവർത്തനം എന്ന തുഴകൊണ്ടു മാത്രം ആഞ്ഞു തുഴഞ്ഞു. പക്ഷേ വള്ളം ഒരടിപോലും മുന്നോട്ടു നീങ്ങിയില്ല. വട്ടം കറങ്ങുക മാത്രം ചെയ്തു.

വള്ളക്കാരൻ പണ്ഡിതനോടു പറഞ്ഞു: ജീവിതത്തിൽ പ്രവർത്തനം മാത്രം പോരാ. പ്രാർത്ഥനയും ആവശ്യമുണ്ട്. പ്രവർത്തനങ്ങരംക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതും, ലക്ഷ്യം നേടാൻ സഹായിക്കുന്നതും പ്രാർത്ഥനയാണ്. പ്രാർത്ഥനയില്ലാത്ത പ്രവർത്തനം നിഷ്ഫലമാണ്. ഇക്കാര്യം എൻെറ ജീവിതത്തിൽ നിന്ന് മനസിലാക്കിയതുകൊണ്ട് അത് ഓർമ്മിക്കുവാൻ വേണ്ടി മാത്രമാണ് ഈ തുഴകളിൽ ഇപ്രകാരം എഴുതിവച്ചത്...

പ്രാർത്ഥനയുടെ അഭാവം പ്രവർത്തനം കൊണ്ട് നികത്തുവാൻ അധുനികലോകം ശ്രമിക്കുന്നു. ആ ശ്രമങ്ങരം പാഴ്വേലകളാണെന്ന് അനുദിന ജീവിതാനുഭവങ്ങരം നമ്മെ പഠിപ്പിക്കുന്നു.

ഒൻപത്

# പ്രകാശത്തിൻെറ മനുഷ്യൻ

തെററുകഠം ജീവിതത്തിലുണ്ടാവുക സാധാരണമാണ്. പക്ഷേ, അവ ഒഴിച്ചു വയ്ക്കാനും, അന്യരുടെ മുമ്പിൽ നിഷ്കളങ്കരായി പ്രത്യക്ഷപ്പെടാനും മനുഷ്യർ പരിശ്രമിക്കുന്നു. ബാഹ്യമായി നാം എത്ര തന്നെ മൂടിവച്ചാലും നമ്മുടെ തന്നെ അന്തരംഗം എല്ലാം വസ്തുനിഷ്ഠമായി കാണുവാൻ പരിശ്രമിക്കും. മനഃസാക്ഷിയുടെ വിധിയിൽനിന്ന് ഒളിച്ചോടുവാൻ സാധ്യമല്ല. ബൈബിളിലെ ഉൽപത്തിപ്പുസ്തകം ഇതിനൊന്നാന്തരം തെളിവു നൽകുന്നു. അവിടെ ദൈവവും മനുഷ്യനുമായുള്ള സംവാദം നടക്കുന്നുണ്ടല്ലോ. ബലഹീനതയിൽ മനുഷ്യൻ ദൈവസന്നിധിയിൽ തെററുകാരനാകുന്നു. പക്ഷേ, സ്വന്തം തെററ് മറച്ചുവച്ചുകൊണ്ട് സ്വയം ഒളിച്ചോടാൻ പരിശ്രമിക്കുകയും ആ പരിശ്രമത്തിൽ പരാജയപ്പെടുകയും ചെയ്യുന്ന മനുഷ്യനെയാണ് നാം ബൈബിളിൻെറ ആദ്യഭാഗത്ത് ദർശിക്കുന്നത്.

സ്വന്തം കുറവുകഠം മനസ്സിലാക്കി അതു തിരുത്തുവാൻ തയ്യാറാകുന്നതുവരെ മനുഷ്യമനസ്സ് അസ്വസ്ഥമായിരിക്കും. ബാഹ്യമായ കഞ്ചുകത്തി

നുള്ളിൽ കത്തിക്കാളുന്ന മനസ്സിൻെറ വേദനകഠം പോലെ തീവ്രതരമായി മററൊന്നില്ല. പക്ഷേ, മൂടി വയ്ക്കാനും സ്വയം നീതീകരിക്കാനും മനുഷ്യൻ ശ്രമിക്കുന്നുവെന്നതാണ് ഏററവും പരിഹാസ്യമായി ട്ടുള്ളത്.

ഏഷ്യയിലെ ഫ്രെഡറിക് രണ്ടാമൻ ചക്രവർത്തി സ്പാൻഡോ ജയിലിൽ സന്ദർശനം നടത്തുകയായി രുന്നു. ഓരോ തടവുകാരനേയും വിളിച്ച് അദ്ദേഹം ചോദിച്ചു:

താങ്കഠം എന്തുകൊണ്ടാണ് ഇവിടെ വരാനിടയാ യത്? ഓരോരുത്തരും സ്വന്തം തെററ് മറച്ചുകൊണ്ടു പറഞ്ഞു: എൻെറ കുററം കൊണ്ടല്ല എനിക്കീ അവസ്ഥ ഭവിച്ചത്. മററു പലരുടേയും അനീതിയുടെ ഫലം ഞാനനുഭവിക്കുകയാണ്. എന്നാൽ ഒരാഠം മാത്രം പറഞ്ഞു: ''പ്രഭോ എൻെറ ഈ ജയിൽവാസത്തിൻെറ കാരണം ഞാൻ തന്നെയാണ്. എൻെറ തെററു മാത്ര മാണ് എന്നെ ഇവിടെ എത്തിച്ചത്''. അതുകേട്ട് രാജാവ് പറഞ്ഞു: ഇവിടെയുള്ള എല്ലാവരും നീതിമാ ന്മാരാണല്ലോ. ഇവരുടെയിടയിൽ താങ്കളേപ്പോലെ ഒരു പാതകി കിടക്കുന്നതു ശരിയല്ല. അതുകൊണ്ട് താങ്കഠംക്കു പോകാം.

ഒരിക്കൽ ഒരു ആമ കായലിൻെറ കരയിൽ നില്ക്കു കയായിരുന്നു. ഒരു തേഠം അവിടെ വന്നു. തേഠം പറഞ്ഞു: ''നീ അക്കരയ്ക്കു പോകുമ്പോഠം എന്നെ ക്കൂടി പുറത്തിരുത്തിക്കൊണ്ടു പോകുമോ?'' ആമ പറ ഞ്ഞു: ''നിന്നെ കൊണ്ടുപോയാൽ കായലിൻെറ നടു ഭാഗത്തു ചെല്ലുമ്പോഠം എന്നെ കുത്തിയെന്നു വരും. വേദന കൊണ്ടു നീന്താൻ കഴിയാതെ ഞാൻ കുഴയും. അതു കൊണ്ട് നിന്നെ കൊണ്ടുപോകയില്ല.''

''ഹേയ് നിന്നെ ഞാനെന്തിനു കുത്തണം. നിന്നെ ആശ്രയിച്ചാണല്ലോ ഞാൻ പോകുന്നത്, എന്ന് തേരം മറുപടി പറഞ്ഞു. ആമ തേളിന്റെ വാക്കു കേട്ട് അവനെ പുറത്തിരുത്തി. കായലിന്റെ നടുഭാഗത്തെത്തിയപ്പോരം തേരം ആമയെ ആഞ്ഞുകുത്തി. വേദന കൊണ്ട് ആമ പുളഞ്ഞുപോയി. രണ്ടുപേരും വെള്ളത്തിൽ താണുകൊണ്ടിരുന്നപ്പോരം ആമ പറഞ്ഞു. ''എന്തിനു നീ എന്നെ കുത്തി?'' എന്നെ ഉപദ്രവിക്കുകയില്ലെന്നല്ലേ നേരത്തെ പറഞ്ഞത്? തേരം പറഞ്ഞു: ''അക്കാര്യം ശരിയാണ്. എനിക്കു കുത്താതിരിക്കാൻ വയ്യ. അതെന്റെ സ്വഭാവമാണ്.''

തെററു ചെയ്യുകയെന്നത് ചിലർക്ക് സ്വഭാവമായിത്തീരുന്നു. സ്വന്തം തെററ് മനസ്സിലാക്കാനുള്ള വെളിച്ചം ഹൃദയത്തിലേക്ക് കടത്തിവിടുവാൻ അവർക്കിഷ്ടമില്ല. പഠിച്ചതേ പാടൂ എന്ന മട്ടിൽ തെററിൽ ത്തന്നെ ഉറച്ചു നില്ക്കും.

ജീവികരം രണ്ടു തരമാണ്. വെളിച്ചം സ്നേഹിക്കുന്നവരും വെളിച്ചം വെറുക്കുന്നവരും. വെളിച്ചത്തെ വെറുക്കുന്നവരാണ് മൂങ്ങായും നരിച്ചീറുമൊക്കെ. ഇതുപോലെ വെളിച്ചത്തെ സ്നേഹിക്കുന്നവരും വെളിച്ചത്തെ വെറുക്കുന്നവരുമായി രണ്ടുതരം ആളുകരം ഉണ്ടെന്ന് ബർട്രാൻഡ് റസ്സൽ പറയുന്നുണ്ട്. വെളിച്ചത്തെ സ്നേഹിക്കുകയെന്നത് സത്യത്തെ ആശ്ലേഷിക്കുകയാണ്. സത്യത്തിന്റെ പ്രകാശത്തിൽ ഇരിക്കുവാനും ആ പ്രകാശത്തിൽ സ്വയം മനസ്സിലാക്കുവാനും അവർ ശ്രമിക്കുന്നു. ജീവിതത്തിന്റെ പാകപ്പിഴകരം വെളിച്ചത്ത് പരിശോധിച്ച് ജീവിതം പരിഷ്ക്കരിക്കുവാൻ അവർക്ക് കഴിയുന്നു.

സ്വന്തം തെററുകൾ മനസ്സിലാക്കാൻ ഇഷ്ടമില്ലാത്ത വരും അവ തിരുത്തി ജീവിതം നവ്യമായി കരുപ്പിടിപ്പിക്കുവാൻ ആഗ്രഹിക്കാത്തവരും ഇരുളിൽ കഴിയാൻ ശ്രമിക്കുന്നു. ഈശ്വരകല്പന ത്യജിച്ച ആദ്യമനുഷ്യരും സ്വസഹോദരനെ വധിച്ച കായേനും സനാതന പ്രകാശത്തിൽനിന്ന് ഓടി ഒളിച്ചുവെന്ന് ബൈബിൾ സാക്ഷ്യം നൽകുന്നതിൻെറ പൊരുൾ ഇതത്രേ.

ഒരു പണ്ഡിതൻെറ അഭിപ്രായത്തിൽ മനുഷ്യർ നാലു തരക്കാരാണ്. ഒന്നാമത്തേത് കല്ലുമനുഷ്യർ. ഇവർ കല്ലുപോലെ കഠിനഹൃദയമുള്ളവരാണ്. രണ്ടാമത്തേത് മരമനുഷ്യർ. മരങ്ങൾ ഒരു സ്ഥലത്തുനിന്നുകൊണ്ടുതന്നെ ആഹാരം സമ്പാദിക്കുകയും വളരുകയും നശിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള മനുഷ്യർക്ക് മററുള്ളവരുമായി അധികം സമ്പർക്കമില്ല. അടുത്തത് മൃഗമനുഷ്യനാണ്. ചരിക്കുകയും ജീവസന്ധാരണത്തിനും സ്വന്തം കാര്യത്തിനും മാത്രം അന്യജീവികളുമായി ബന്ധപ്പെടുകയും ചെയ്യുന്നത് മൃഗങ്ങളുടെ സ്വഭാവമാണല്ലോ. മൃഗീയവാസനകൾ മാത്രമേ മൃഗമനുഷ്യനുള്ളു. ഈ മൂന്നു വിഭാഗങ്ങളിലുള്ളവർക്ക് പ്രകാശം ഉള്ളിലേക്ക് കടത്തിവിടുവാനും ആ പ്രകാശത്തിൽ സ്വയാവബോധം നടത്തുവാനും സാദ്ധ്യമല്ല. എന്നാൽ അവസാനത്തെ വിഭാഗം മനുഷ്യന് സുതാര്യമായി പ്രവർത്തിക്കാൻ കഴിയും. പ്രകാശം സ്വീകരിച്ച് സ്വയം ഉള്ളറകൾ പരിശോധിക്കാനും ആ പരിശോധനയിലൂടെ കുറവുകൾ കണ്ടെത്തി ഉന്നതമായ ലക്ഷ്യം പ്രാപിക്കുവാനും അവന് സാധ്യമാണ്. കല്ലിൻെറയും മരത്തിൻെറയും മൃഗത്തിൻെറയും അവസ്ഥകൾക്കുപരി, പ്രകാശത്തിൻെറ തലത്തിൽ വ്യാപരിക്കുവാൻ കഴിയാത്തിടത്തോളംകാലം മനുഷ്യൻ പൂർണ്ണനാകുന്നില്ല.

ശരീരത്തിൻെറ വെളിച്ചമാണ് കണ്ണ്, നിൻെറ കണ്ണ് തെളിവുള്ളതാണെങ്കിൽ ശരീരം മുഴുവൻ പ്രകാശമുള്ളതായിരിക്കും. നേരേമറിച്ച്, നിൻെറ കണ്ണ് കലുഷമാണെങ്കിൽ ശരീരം മുഴുവൻ ഇരുട്ടുള്ളതായിരിക്കും.

പത്ത്

# ഹൃദയത്തിൻെറ സങ്കീർത്തനം

ആംഗലഭാഷ പഠിക്കാൻ ആഗ്രഹിച്ച ഒരാൾ ഒരു പുസ്തകശാലയിൽച്ചെന്നു. അയാൾ അഭിലാഷം അറിയിച്ചു. കടയുടമ പറഞ്ഞു: നോക്കൂ, ഈ അലമാരയിൽ ഇരിക്കുന്നത് മുഴുവൻ ഇംഗ്ലീഷ് പഠിക്കാനുള്ള പുസ്തകങ്ങളാണ്. ഒന്നു തിരഞ്ഞെടുത്തുകൊള്ളുക. വന്നയാൾ പരിശോധിച്ചു. 27 പുസ്തകങ്ങളുണ്ട്. ഓരോന്നും ഓരോ വിധത്തിൽ വിഷയം കൈകാര്യം ചെയ്യുന്നു. അയാൾ കടയുടമയോടു ചോദിച്ചു: ഇതിലേതു പുസ്തകമാണ് ഏററവും മെച്ചമായത്? കടയുടമ പറഞ്ഞു:

''ഓരോന്നിനും അതിൻേറതായ കുറവുകളുണ്ട്. ഇതുകൊണ്ടൊന്നും നന്നായി പഠിക്കാനാവില്ല.''

'എങ്കിൽ ഞാനെന്തു ചെയ്യണം?'

''ഇംഗ്ലീഷ് സംസാരിക്കുന്ന നാട്ടിൽ താമസിച്ച് അതു പഠിക്കണം.''

പ്രാർത്ഥന സംബന്ധിച്ചു നിരവധി പ്രസംഗങ്ങൾ നാം കേട്ടിട്ടുണ്ട്. ഏറെ പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. ഇനിയും മാനസിക വാചിക–പ്രാർത്ഥനകൾ നമ്മുടെ ശ്രദ്ധയാകർഷിച്ചേക്കാം. പക്ഷേ,

അവയ്ക്കൊന്നും നമ്മുടെ അഭിലാഷം തൃപ്തിപ്പെടുത്താനാവില്ല. ദൈവവുമായി മനുഷ്യൻ നടത്തുന്ന നിരന്തര സമ്പർക്കമാണ് പ്രാർത്ഥന. ആവശ്യങ്ങളും ഡിമാൻറുകളും ഉന്നയിക്കുക മാത്രമല്ല പ്രാർത്ഥന. യഥാർത്ഥ ദൈവവിശ്വാസി ദൈവത്തിൻെറ കരങ്ങളിൽ ഉറങ്ങുകയും ഉണരുകയും ജോലി ചെയ്യുകയും വിശ്രമിക്കുകയും ചെയ്യുന്നു. ബൈബിൾ പരിശോധിച്ചാൽ ഇസ്രായേൽജനം തങ്ങളുടെ ജീവിത സർവസ്വം ദൈവമാണെന്ന് ഏററു പറയുന്നതു കാണാം. സമ്പത്തിലും ദാരിദ്ര്യത്തിലും സന്തോഷത്തിലും ദുഃഖത്തിലും അവർ ദൈവത്തോടുകൂടി ആയിരുന്നു. അപ്പോഴെല്ലാം അവർ തങ്ങളുടെ ഹൃദയം ദൈവസന്നിധിയിൽ ഉയർത്തിയിരുന്നുവെന്ന് സങ്കീർത്തനങ്ങൾ എന്ന മനോഹരമായ പ്രാർത്ഥന വ്യക്തമാക്കിത്തരുന്നു.

'എൻെറ തെററുകൾ ഞാൻ കർത്താവിനോട് ഏററു പറഞ്ഞു. പാപങ്ങൾ ഏററു പറയുമ്പോൾ അവിടുന്ന് അവയെല്ലാം ക്ഷമിക്കുന്നു. നീതിമാൻ കർത്താവിനോടു പ്രാർത്ഥിക്കട്ടെ. പാഞ്ഞുവരുന്ന മലവെള്ളത്തിനുപോലും അവനെ ഭയപ്പെടുത്തുവാൻ കഴിയുകയില്ല.' (സങ്കീ 32) പശ്ചാത്താപത്തിൻെറയും ദൈവത്തിൽ അഭയം ഗമിക്കുന്നതിൻെറയും പ്രഫുല്ലമായ ഉദാഹരണങ്ങൾ സങ്കീർത്തനങ്ങളിലുടനീളമുണ്ട്. 'ദൈവമേ, അങ്ങ് എൻെറ സങ്കേതമാകുന്നു. ദിവ്യസഹായം കൊണ്ട് എന്നെ വലയം ചെയ്യണമേ.' (സങ്കീ. 32)

ഈശ്വരസന്നിധിയിൽ മർത്ത്യജീവിതം നിസ്സാരവും തൃണപുഷ്പംപോലെ നൈമിഷികവും ആണെന്ന് ഇസ്രായേൽ ജനം മനസ്സിലാക്കി. എൻെറ

ദിവസങ്ങൾ അങ്ങേയുടെ മുമ്പിൽ എത്ര പരിമിതമാകുന്നു. എന്റെ ജീവിതകാലം എത്ര നിസ്സാരമാകുന്നു. ജീവിതം നിഴൽപോലെ കടന്നുപോകുന്നു. മനുഷ്യനോ ഭൂമിയിൽ നിക്ഷേപം കൂട്ടിവയ്ക്കുന്നു. അത് ആർക്കുവേണ്ടിയാണെന്ന് അവൻ അറിയുന്നില്ല (സങ്കീ. 39).

ഹൃദയാഹ്ലാദം കവിഞ്ഞൊഴുകിയ വേളയിൽ ദൈവജനം തങ്ങളുടെ വികാരം പ്രാർത്ഥനയായി ദൈവസന്നിധിയിൽ പരിമളധൂപംപോലെ ഉയർത്തുന്നതു നോക്കുക. ''ലോകം മുഴുവൻ കർത്താവിനെ സ്തുതിക്കട്ടെ. ആനന്ദപൂർവ്വം അവിടുത്തെ പുകഴ്ത്തട്ടെ. വീണമീട്ടിയും പാട്ടുപാടിയും കർത്താവിനെ സ്തുതിക്കുവിൻ. ഭൂമിയും അതിലെ നിവാസികളും ഉണരട്ടെ. ആഴിയും അതിലെ വസ്തുക്കളും ചലിക്കട്ടെ. കാട്ടാറുകൾ കൈയ്യടിക്കുകയും പർവ്വതങ്ങൾ പാട്ടുപാടുകയും ചെയ്യട്ടെ.'' (സങ്കീ. 48)

മനുഷ്യജീവിതം സുഖദായകമാക്കുന്ന എത്രയെത്ര കണ്ടുപിടുത്തങ്ങളാണ്, ആധുനികകാലത്ത് ചെണ്ടുവിടർത്തിയിട്ടുള്ളത്. വാനിലും കരയിലും കടലിലും സഞ്ചരിക്കാവുന്ന സംവിധാനങ്ങൾ മനുഷ്യൻ നേടിയെടുത്തു. ചന്ദ്രനിൽവരെ മനുഷ്യൻ ചെന്നെത്തി. എന്നാൽ ഇവകൊണ്ടൊക്കെ ശാശ്വതമായ ശാന്തി മനുഷ്യൻ കൈവരിച്ചോ? ദുഃഖത്തിലും ഭയാശങ്കകളുടെ നിഴലിലുമല്ലേ മനുഷ്യൻ ഇന്നും ജീവിക്കുന്നത്.

സങ്കീർത്തകൻ ദൈവത്തിൽ അഭയം തേടിയ അന്നത്തെ ജനങ്ങളുടെ ഹൃദയവികാരം സ്ഫാടികതോയത്തിലെന്നതുപോലെ എടുത്തുകാട്ടുന്നു. ''കർത്താവ് എന്റെ ഇടയനാകുന്നു. എനിക്കൊന്നിലും കുറവുണ്ടാ

കുകയില്ല. പച്ചവിരിച്ച പുൽത്തകിടികളിൽ അവിടുന്ന് എന്നെ മേയിക്കും. പ്രശാന്തമായ ജലാശയത്തിലേക്ക് എന്നെ നയിക്കും. അങ്ങ് എൻെറകൂടെയുള്ളതിനാൽ മരണത്തിൻെറ താഴ്‌വരയിൽക്കൂടി നടക്കുവാനും ഞാൻ ഭയപ്പെടുകയില്ല '' (സങ്കീ. 23)

യഥാർത്ഥമായ പ്രാർത്ഥനയുടെ സാധനപാഠങ്ങളാണ് സങ്കീർത്തനങ്ങൾ. ജീവിതത്തിലെ ദു:ഖദുരിതങ്ങളിലും ഹർഷോന്മാദങ്ങളിലും നല്ലവനായ ദൈവത്തിൻെറ സന്നിധിയിൽ ഹൃദയം അർപ്പിക്കുവാൻ അവർ അഭിലഷിച്ചു. ജലത്തിൽ മത്സ്യമെന്നതുപോലെ എപ്പോഴും ദൈവത്തിൽ വ്യാപരിക്കുവാൻ പരിശ്രമിച്ചു. ദൈവത്തിനായുള്ള ആത്മാവിൻെറ ദാഹം തുറന്നുകാട്ടുന്ന 142-ാം സങ്കീർത്തനംകൂടി ഉദ്ധരിക്കട്ടെ. ''ദൈവസന്നിധിയിലേക്കു ഞാൻ കൈകൾ നീട്ടുന്നു. വരണ്ടുണങ്ങിയ ഭൂമിയെന്നപോലെ ദൈവമേ അങ്ങേയ്ക്കുവേണ്ടി എൻെറ ആത്മാവു ദാഹിക്കുന്നു. അങ്ങയുടെ മുഖം എന്നിൽനിന്നു മറയ്ക്കരുതേ. മറച്ചാൽ ഞാൻ മരിച്ചവനു തുല്യനാകും. അങ്ങയുടെ സ്നേഹം ഞാൻ ആസ്വദിക്കട്ടെ. ദൈവമേ! എൻെറ ആശ്രയം അങ്ങുമാത്രമാകുന്നു.''

## പതിനൊന്ന്

# ഈശ്വരൻ ഏക കേന്ദ്രം

ശാസ്ത്രം, സാഹിത്യം, തത്ത്വശാസ്ത്രം, സംഗീതം, ചിത്രകല എന്നിവയിലെല്ലാം അതുല്യപ്രതിഭയായിരുന്ന ലെയണാർദോ ദ വീഞ്ചി ഒരിക്കൽ ഒരു മനോഹരമായ ചിത്രം വരച്ചു. ക്രിസ്തുവും ശിഷ്യന്മാരും ഒരുമിച്ചിരുന്ന് അന്ത്യഅത്താഴം കഴിക്കുന്ന മുഹൂർത്തമായിരുന്നു ചിത്രത്തിൻെറ പ്രതിപാദ്യം.

ചിത്രം പൂർത്തിയാക്കിയ ശേഷം ദ വീഞ്ചി തൻെറ ആത്മസുഹൃത്തിനെ കാണിച്ചു. ചിത്രത്തെക്കുറിച്ചു തനിക്കിഷ്ടപ്പെട്ട ഏതഭിപ്രായവും പറയാമെന്ന് ദ വീഞ്ചി അയാളോടു പറഞ്ഞു. പ്രഥമദൃഷ്ട്യാ തന്നെ വിസ്മയഭരിതനായിത്തീർന്ന ആസ്വാദകൻ ദ വീഞ്ചിയെ മുക്തകണ്ഠം പുകഴ്ത്തി. ഇനിയെന്ത് പറയണമെന്നറിയാതെ അയാം കുഴങ്ങി.

ദ വീഞ്ചി ചോദിച്ചു: ''ഈ ചിത്രത്തിൽ താങ്കളെ ഏററമധികം ആകർഷിച്ച ഭാഗമേതാണ്?''

സ്നേഹിതൻ പറഞ്ഞു: ''ചിത്രം മുഴുവനും കമനീയമായിരിക്കുന്നു. എന്നാൽ ശിഷ്യരോടൊത്ത് അന്ത്യവിരുന്നു കഴിക്കുന്ന യേശുവിൻെറ കൈയിലു

യർത്തിയിരിക്കുന്ന പാനപാത്രമാണ് എനിക്കേററം ഇഷ്ടപ്പെട്ട ഭാഗം. ഇത്രയ്ക്കും സ്വാഭാവികതയോടെ ഒരു കാസ താങ്കൾക്കല്ലാതെ മററാർക്കും വരയ്ക്കാനാവില്ല...

ഇതുകേട്ട് ദ വിഞ്ചി തൻെറ ബ്രഷ് ചായത്തിൽ മുക്കി അതീവഹൃദ്യമായി ചിത്രത്തിൽ എഴുതിയിരുന്ന കാസ മായിച്ചു കളഞ്ഞു. ''എന്തു ഭ്രാന്താണ് താങ്കൾ കാണിക്കുന്നത്'' എന്നു പറഞ്ഞു സ്നേഹിതൻ ദ വീഞ്ചിയെ തടഞ്ഞു.

ലെയണാർദോ ദ വീഞ്ചി പറഞ്ഞു: ''സുഹൃത്തേ, ഞാൻ ഇപ്പോൾ ചെയ്യുന്ന കാര്യം മനഃപൂർവ്വം തന്നെയാണ്. ഈ അന്ത്യഅത്താഴത്തിൻെറ ചിത്രത്തിൽ യേശുവാണ് ഏക കേന്ദ്രബിന്ദു. ദീപ്തിയും മാധുര്യവും തുളുമ്പുന്ന യേശുവിൻെറ നയനങ്ങളിൽ നിന്ന് ഭിന്നമായി ആസ്വാദകൻെറ ശ്രദ്ധ ആകർഷിക്കുന്ന വസ്തുക്കളോ വ്യക്തികളോ ഈ ചിത്രത്തിന് ഭൂഷണമല്ല. ഈ ചിത്രത്തിൻെറ കേന്ദ്രബിന്ദുവായി യേശുവിനെ മററുള്ളവർക്ക് കാണാനാവുന്നില്ലെങ്കിൽ, വിഘ്നാതമായി നിൽക്കുന്നത് എന്തു വസ്തുവും ആയിക്കൊള്ളട്ടെ അതു നീക്കിക്കളഞ്ഞേ തീരൂ.''

ദൈവത്തിൽനിന്നു നാം വന്നു. ദൈവത്തിലേയ്ക്കു നാം പോകുന്നു. അങ്ങനെ ദൈവത്തിലേക്കുള്ള സുദീർഘ യാത്രയാണ് നമ്മുടെ ജീവിതം. മനുഷ്യൻ ഒരു പരിണാമ പ്രക്രിയയിലൂടെ നീങ്ങുകയാണ്. ആദിയും അന്ത്യവുമായ ഈശ്വരൻ എന്ന കേന്ദ്രബിന്ദുവിനെ ലക്ഷ്യമാക്കിയാണ്, മനുഷ്യൻെറ വികാസവും പരിണാമവും. ആൽഫായും ഒമേഗയും അഥവാ ആദിയും അവസാനവും ഈശ്വരനാകുന്നു.

ലോകസാധാരണമായ സമ്പത്ത്, സുഖം, യശ്ശസ്സ്, ആഭിജാത്യം, പദവികൾ എന്നിവയെല്ലാം ഈശ്വരനാകുന്ന സർവോൽക്കൃഷ്ട ലക്ഷ്യത്തിൽ നിന്ന് നമ്മേ വ്യതിചലിപ്പിക്കുന്നുവെങ്കിൽ അവയോടു വിട പറയുവാൻ നമുക്ക് തന്റേടം ഉണ്ടാകണം.

വിദ്യാഭ്യാസം, പദവി, സമ്പത്ത് ഇവയെല്ലാം ആർജ്ജിച്ച് തികഞ്ഞ ലൗകായതികനായിക്കഴിഞ്ഞിരുന്ന സെൻറ് അഗസ്ററിൻ സത്യം ഒരിക്കൽ മനസ്സിലാക്കി. മനുഷ്യാത്മാവ് നിരന്തരം അന്വേഷിക്കയും സായൂജ്യം കൊള്ളുവാൻ ആശിക്കയും ചെയ്യുന്ന ഈശ്വരനാണ് യഥാർത്ഥ ശാന്തിയുടെ ഉറവിടവും കേന്ദ്രബിന്ദുവും. ഇതു വ്യക്തമായതോടെ അന്നുവരെ ആർജ്ജിച്ച ലൗകിക സമ്പത്ത് മൺകട്ടപോലെ വലിച്ചെറിഞ്ഞ് യഥാർത്ഥ സൗഭാഗ്യം അദ്ദേഹം കണ്ടെത്തുകയും ചെയ്തു.

ശ്രീകൃഷ്ണൻ ഗീതയിൽ അർജ്ജുനന് ഉപദേശിക്കുന്ന തത്ത്വവും മറെറാന്നല്ല. ഇന്ദ്രിയ വിഷയങ്ങളിൽ ആകർഷണവും വികർഷണവും സ്ഥിതി ചെയ്യുന്നു. മനുഷ്യൻ ഒരിക്കലും അവയ്ക്കടിമപ്പെടരുത്. എന്തെന്നാൽ, അവ രണ്ടുമാണ് അവന് ശാന്തിയുടെ മാർഗ്ഗത്തിൽ തടസ്സമായി നില്ക്കുന്നത്. ഒരു മരഞ്ചാടിയെപ്പോലെ ഓടിനടക്കുന്ന മനസ്സിനെ എല്ലാററിൽനിന്നും പിന്തിരിപ്പിച്ച് നിരന്തരമായി ഈശ്വരനിൽ അർപ്പിക്കുക—ഇതാണ് ഓരോ മനുഷ്യനും പ്രാർത്ഥനവഴി ചെയ്യേണ്ടത്.

പന്ത്രണ്ട്

# വിശ്വാസത്തിൻെറ ദീപ്തി

പ്രവാചകനായ ഏലിയാ നാല്പതുദിവസം തുടർച്ചയായി നടന്നു ഹൊറബു മലയിലെത്തി. അവിടെ ഒരു ഗുഹയിൽ അദ്ദേഹം വസിച്ചു. ധ്യാനനിമഗ്നനായിരുന്ന പ്രവാചകൻെറ കർണ്ണപുടത്തിൽ അശരീരി പതിച്ചു. ''ഏലിയാ, നീ ഇവിടെ എന്തുചെയ്യുന്നു?'' ഏലിയാ മറുപടി പറഞ്ഞു:

''സൈന്യങ്ങളുടെ ദൈവമായ കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതയിൽ ഞാൻ കത്തിയെരിയുന്നു.''

ഉജ്ജ്വലമായ ഈശ്വരവിശ്വാസത്തിൻെറ ജീവൽസ്ഫുലിംഗങ്ങളാണ് പ്രവാചകൻെറ വാക്കുകളിൽ തിളങ്ങിനിന്നത്.

ഈശ്വരനെ നിഷേധിക്കുകയോ മതവിശ്വാസം എന്ന പുറംകുപ്പായം മാത്രമണിഞ്ഞ് ജീവിതം ഈശ്വരനിഷേധത്തിൻെറ സാധനപാഠമാക്കുകയോ ചെയ്യുന്ന ആധുനികമനുഷ്യന് സജീവമായ വിശ്വാസത്തിൻെറ സുവർണ്ണദീപ്തി കണ്ടെത്താനാവില്ല.

ബൈബിളിൽ മററൊരു ഭാഗത്തും കറയററ ഈശ്വരവിശ്വാസത്തിൻെറ അഗ്നിസ്ഫുലിംഗങ്ങൾ പാറി

നില്ക്കുന്നതു കാണാം. ദൈവനിന്ദകനായ അന്തിയോക്കസ് രാജാവ് ഒരമ്മയേയും ഏഴുമക്കളേയും ക്രൂരമായി പീഡിപ്പിച്ച സംഭവം മക്കബായക്കാരുടെ ഗ്രന്ഥത്തിൽ കാണുന്നു. ഈശ്വരവിശ്വാസം പരിത്യജിക്കുവാൻ രാജാവ് കല്പിച്ചപ്പോഠം ആ അമ്മയും പുത്രന്മാരു അതിനും വശംവദരായില്ല. ക്രൂരമർദ്ദനങ്ങഠം അവർക്കെതിരേ രാജാവ് അഴിച്ചുവിട്ടു. അതുകണ്ട്, ശ്രേഷ്ഠമായ വിശ്വാസദാർഢ്യത്തോടും സ്ത്രീസഹജമായ വിവേചനാബുദ്ധിയോടും പുരുഷോചിതമായ ധീരതയോടുംകൂടി സ്വന്തമക്കളെ ധൈര്യപ്പെടുത്തി ആ മാതാവ് പറഞ്ഞു:

''നിങ്ങഠം എൻെറ ഉദരത്തിൽ എങ്ങനെ രൂപംകൊണ്ടുവെന്ന് എനിക്കറിയില്ല. നിങ്ങഠംക്കു ജീവനും ശ്വാസവും നൽകിയതും നിങ്ങളുടെ അവയവങ്ങഠം വാർത്തെടുത്തതും ഞാനല്ല. മനുഷ്യനെ ഉരുവാക്കുകയും എല്ലാററിൻേറയും ആരംഭം ഒരുക്കുകയും ചെയ്ത സ്രഷ്ടാവ്, തൻെറനിയമത്തെപ്രതി നിങ്ങഠം നിങ്ങളെത്തന്നെ വിസ്മരിക്കുന്നതുകൊണ്ട് കരുണാപൂർവ്വം നിങ്ങഠംക്ക് ജീവനും ശ്വാസവും നൽകും.''

എത്ര സജീവമായ ഈശ്വരവിശ്വാസത്തിൻെറ ദീപ്തിയാണ് ആ മാതാവിൻെറ വാക്കുകളിൽ നാം കാണുന്നത്! ദൈവം ജീവൻെറ അധിനാഥനാണ്. അവിടുത്തേയ്ക്കു വേണ്ടി നാം ചെയ്യുന്ന ത്യാഗങ്ങഠം ഒരിക്കലും വെറുതെയാവില്ല. ജീവിതത്തിലെ ഏതു കഷ്ടനഷ്ടങ്ങളും തരണം ചെയ്യുവാൻ ഈശ്വരൻ തന്നോടുകൂടിയുണ്ടെങ്കിൽ തനിക്കു കഴിയും എന്ന് ഈശ്വരവിശ്വാസി ഉറച്ചു വിശ്വസിക്കുന്നു. അതുകൊണ്ട് ഉറച്ച ദൈവവിശ്വാസം പുലർത്തുന്നവനെ

ഉത്കണ്ഠയും വ്യഥകളും കീഴടക്കുന്നില്ല. താൻ ആശ്രയം വച്ചിട്ടുള്ള ശക്തികേന്ദ്രം ഈശ്വരൻ ആണെന്നും അവിടുത്തേക്ക് അസാദ്ധ്യമായി യാതൊന്നും ഇല്ലെന്നും അവനറിയാം.

മനുഷ്യന് ലോകത്തിൽ നേരിടാവുന്നതിൽ ഏററവും വലിയ വ്യഥ മരണത്തിന്റേതാണ്. മരണത്തെക്കാൾ വലിയ നഷ്ടം മറെറാന്നില്ലല്ലോ. എന്നാൽ, ഈശ്വരനിൽ അടിയുറച്ചു വിശ്വസിക്കുന്നവന് മരണത്തേയും ഭയപ്പെടേണ്ടതില്ല. സങ്കീർത്തകന്റെ വാക്കുകൾ പകർത്തട്ടെ. ''ധാന്യത്തിന്റെയും വീഞ്ഞിന്റെയും സമൃദ്ധിയിൽ മററുള്ളവർക്കുണ്ടായ ആനന്ദത്തേക്കാൾ വലിയ ആനന്ദം ദൈവമേ അങ്ങെന്റെ ഹൃദയത്തിൽ നിക്ഷേപിച്ചിരിക്കുന്നു. ഞാൻ പ്രശാന്തനായി കിടന്നുറങ്ങും. എന്തുകൊണ്ടെന്നാൽ, കർത്താവേ അങ്ങു തന്നെയാണ് എനിക്കു സുരക്ഷിതത്വം പ്രദാനം ചെയ്തിരിക്കുന്നത് (സങ്കീർത്തനം 4: 7).

## പതിമമൂന്ന്

# നിറയ്ക്കപ്പെടേണ്ട ശൂന്യസ്ഥലം

എല്ലാ ജീവജാലങ്ങളേയും സൃഷ്ടിച്ചതിനു ശേഷം അതിനു മകുടമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചുവെന്ന് ബൈബിൾ രേഖപ്പെടുത്തുന്നു.

ദൈവത്തിൻെറ ഏററവും മഹനീയമായ സൃഷ്ടി മനുഷ്യനാണ്. മഹാദ്ഭുതം തന്നെയാണ് മനുഷ്യ ശരീരം. മനുഷ്യൻെറ തലച്ചോറിൽ പന്ത്രണ്ടു കോടി നാഡീകോശങ്ങളുണ്ടെന്നും, അവയോരോന്നും പത്തിലൊന്ന് വോൾട്ട് കറൻറ് ഉൽപ്പാദിപ്പിക്കുന്നുവെന്നും ഡോക്ടർമാർ കണക്കാക്കിയിരിക്കുന്നു. മനുഷ്യ മസ്തിഷ്ക്കത്തിന് തുല്യമായ ഒരു യന്ത്രം നിർമ്മിക്കുകയാണെങ്കിൽ അതു വയ്ക്കുവാൻ ലോകത്തിലെ ഏററവും വലിയ കെട്ടിടം വേണം. ഏററവും വലിയ ജലപാതത്തിൽ നിന്നു ലഭിക്കുന്ന മുഴുവൻ വിദ്യുച്ഛക്തിയും വേണം ആ യന്ത്രം പ്രവർത്തിപ്പിക്കാൻ. ദർശന ശക്തിക്ക് ഹേതുകമായി 13 കോടി റോഡ്സും (Rods) 70 ലക്ഷം കോൺസും (cones) നമ്മുടെ കണ്ണിലുണ്ട്. അവ മൂന്നു ലക്ഷം നാഡീത

ന്തുക്കളാൽ തലച്ചോറുമായി ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യനയനത്തിൻെറ പ്രവർത്തനങ്ങാം യാന്ത്രികമായി പകർത്തിക്കാട്ടുവാൻ രണ്ടു ലക്ഷത്തി അമ്പതിനായിരം ടെലിവിഷൻ സെററുകാം വേണ്ടി വരും.

നമ്മുടെ കർണ്ണങ്ങാം അതിസങ്കീർണ്ണങ്ങളാണ്. ഒരു പിയാനോ കീബോർഡിൽ 88 കീകളുണ്ടെങ്കിൽ മനുഷ്യൻെറ ആന്തര കർണ്ണത്തിൽ 15,000 കീകളുണ്ട്. ഒരു പിയാനോയുടെ രണ്ടു കീയുടെ ഇടയിലുള്ള പത്തു സ്വരങ്ങാം പിടിച്ചെടുക്കുവാൻ ശക്തമാണ് നമ്മുടെ കർണ്ണങ്ങാം.

നാമറിയുന്നില്ലെങ്കിലും നമ്മുടെ ഹൃദയം ഒരു ദിവസം ലക്ഷം പ്രാവശ്യം സ്പന്ദിക്കുന്നുണ്ട്.

നമ്മുടെ ശരീരത്തിലുള്ള രക്തധമനികളുടെ ആകെ നീളം ഒരു ലക്ഷം മൈലാണ്. കേടുവന്ന നിർജ്ജീവകോശങ്ങളെ നീക്കം ചെയ്യുവാനായി നിങ്ങളുടെ ശരീരം ഓരോ സെക്കൻഡിലും ഇരുപതുലക്ഷം ചുവന്ന രക്താണുക്കളെ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

അദ്ഭുതകരവും അതിസങ്കീർണ്ണവുമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നുവെന്ന് സങ്കീർത്തകൻ പാടിയിട്ടുള്ളത് എത്രയോ സത്യമാണ്. ഈ സങ്കീർണ്ണതകളേക്കാാം ഗഹനവും വിസ്മയകരവുമായ മറെറാന്നുണ്ട്. അതാണ് മനുഷ്യൻെറ ആത്മാവ്. ഇതര ജീവികളിൽ നിന്ന് മനുഷ്യനെ വ്യതിരിക്തനാക്കുന്നത് ഈ ആത്മാവാണ്. സൃഷ്ടികാംക്കും അവയ്ക്കു മകുടമായ മനുഷ്യനും കാരണമായ ഒരു പരാശക്തി അഥവാ ദൈവം ഉണ്ടെന്നു നമ്മോടു പറ

യുകയും ആ ദൈവത്തെ പ്രാപിക്കുവാൻ അത്യധികം ദാഹിക്കുകയും ചെയ്യുന്നു ഈ ആത്മാവ്.

ദൈവത്താൽ നിറയ്ക്കപ്പെടേണ്ട ഒരു ശൂന്യസ്ഥലം ഓരോ മനുഷ്യനിലുമുണ്ട്. ആ സ്ഥലം ദൈവത്താൽ നിറയ്ക്കപ്പെടുന്നില്ലെങ്കിൽ അസ്വസ്ഥതയും മോഹഭംഗവുമായിരിക്കും നമുക്കുണ്ടാവുക. ദൈവത്തിൽ പൂർണ്ണമായി ശരണം പുലർത്തുന്നവന് പൂർണ്ണസംതൃപ്തി കൈവരിക്കാൻ കഴിയും. സങ്കീർത്തന രചയിതാവിനെപ്പോലെ അവനും ഇപ്രകാരം പറയുവാൻ കഴിയും...എന്റെ ആത്മാവേ നീ എന്തിന് ദു:ഖിക്കുന്നു? എന്തിന് വിഷാദിച്ചുഴലുന്നു? നീ ദൈവത്തിൽ പ്രത്യാശ വയ്ക്കുക. അവിടുന്നു നിന്നെ കാത്തുകൊള്ളും. (സങ്കീ: 43)

### പതിന്നാല്

# നിഷ്കളങ്കന്റെ പ്രാർത്ഥന

ഹൈന്ദവപുരാണങ്ങളിലെ പുണ്യചരിതനായ രാജാവാണ് ജനകൻ. അദ്ദേഹം യോഗശക്തികൊണ്ട് ശരീരം വെടിഞ്ഞു. സ്വർഗ്ഗലോകത്തേക്ക് അദ്ദേഹത്തിന്റെ ആത്മാവിനെ കൊണ്ടുപോകുവാൻ ദേവന്മാരുടെ വിമാനം വന്നു. രാജാവ് അതിൽ കയറി. കാലന്റെ ലോകമായ നരകത്തിൽക്കൂടിയായിരുന്നു യാത്ര. നരകത്തിൽ അസംഖ്യം പാപികൾ കിടക്കുന്നു. അവരെല്ലാം പീഡയേൽക്കുകയാണ്. ജനകന്റെ ശരീരത്തിൽനിന്നുവന്ന കാറ്റേറ്റപ്പോൾ അവർക്കെല്ലാം സുഖമുണ്ടായി.

ജനകൻ അവിടെനിന്ന് പോകാൻ തുടങ്ങിയപ്പോൾ നരകവാസികൾ പൊട്ടിക്കരഞ്ഞു. അവർ അവിടെനിന്നു മുറവിളികൂട്ടി. ജനകന്റെ ഹൃദയമലിഞ്ഞു. ''എന്നിൽനിന്നും ഈ പ്രാണികൾക്കു സുഖമുണ്ടാകുന്നെങ്കിൽ ഞാൻ ഇവിടെ വസിക്കും. ഇതുതന്നെയാണ് എനിക്കു സ്വർഗ്ഗം.'' ഇങ്ങനെ വിചാരിച്ച് ആ പരമധാർമ്മികൻ അവിടെത്തന്നെ നിന്നു.

കാലൻ വന്നപ്പോൾ ജനകൻ നരകത്തിൽ നിൽക്കുന്നു. പീഡയനുഭവിക്കുന്ന നരകവാസികളെ മുഴുവൻ

വിട്ടയച്ചാലേ താൻ അവിടെ നിന്ന് പോകുകയുള്ളൂ വെന്ന് ജനകൻ കാലനോടു പറഞ്ഞു.

കാലൻ ഒരുവനെ ചൂണ്ടിപറഞ്ഞു: ''ഇവൻ വിശ്വസ്ത സ്നേഹിതൻെറ ഭാര്യയെ ഗമിച്ചവനാണ്. തന്മൂലം ചുട്ടു പഴുപ്പിച്ച ഇരുമ്പു കുററിമേൽ പതിനായിരം കൊല്ലം ഇവൻ നിൽക്കണം. പിന്നീടു പന്നിയായി ജനിക്കും. മനുഷ്യജന്മത്തിൽ ഇവൻ നപുംസകമായിരിക്കും.'' മറെറാരുവനെ ചൂണ്ടിക്കാട്ടി കാലൻ പറഞ്ഞു: ''പരകളത്രത്തെ ബലാൽപുൽകിയ ഇയാളെ നരകത്തിലെ ചീനച്ചട്ടിയിലിട്ട് നൂറു കൊല്ലം വറക്കണം.'' മറെറാരാളെ ചൂണ്ടിയിട്ടു പറഞ്ഞു. ''അന്യൻെറ മുതൽ കട്ടെടുത്തതുകൊണ്ടാണ് അയാളുടെ കൈ വെട്ടി രക്തവും ചലവും നിറഞ്ഞ പാത്രത്തിലിട്ടിരിക്കുന്നത്.'' അന്തിക്കു വിശന്നുവന്ന അതിഥിയെ ആട്ടിപ്പായിച്ചവനെ കാണിച്ച് കാലൻ പറഞ്ഞു: ''ഇയാൾ അന്ധതമസ്സിൽ കിടക്കണം. അതിൽ നൂറു കൊല്ലം കടന്നൽ കുത്തേററ് കഴിയണം...'' ഇങ്ങനെ ഓരോരുത്തരുടെ കൃത്യങ്ങളും ഓരോരുത്തരും സഹിക്കേണ്ട ശിക്ഷകളും കാലൻ വിസ്തരിച്ചു.

ധർമ്മരാജാവായ ജനകൻ പറഞ്ഞു: ''ഇതൊക്കെ ശരി. പക്ഷേ സഹജീവികൾ വേദനിക്കുന്നതു കാണാൻ എനിക്കു സാദ്ധ്യമല്ല. ഇവരെ മുഴുവൻ രക്ഷിച്ചേ ഞാൻ സ്വർഗ്ഗത്തിലേക്കുള്ളൂ. അതിനെന്താണ് വഴി?''

യമലോകത്തിലെ പീഡകനായ കാലൻ പറഞ്ഞു: ''മഹാരാജാവേ, അങ്ങയെപ്പോലെ ഹൃദയാലുവായി ആരാണുള്ളത്? മററുള്ളവരുടെ വേദന സ്വന്തം വേദനയായി അങ്ങു കാണുന്നു. നിസ്വാർത്ഥത നിറഞ്ഞ അങ്ങയുടെ ഹൃദയം വിശുദ്ധമാണ്. നിഷ്കളങ്ക

ഹൃദയനായ അങ്ങ് നാളെ പുലരിയിൽ ഈശ്വരനാമം ഉച്ചരിച്ചാൽ അതിൻെറ പുണ്യം കൊണ്ടു് ഇവരെല്ലാം സ്വർഗ്ഗപ്രാപ്തരാകും.

പിറേറന്നു ജനകൻ പുലർച്ചയ്ക്ക് എഴുന്നേററ് ഈശ്വരനാമം ജപിച്ചു. ആ ഒററ പുണ്യം കൊണ്ടു് അവിടെയുണ്ടായിരുന്ന നരകവാസികളെ മുഴുവൻ രക്ഷിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

നിഷ്കളങ്കഹൃദയൻെറ പ്രാർത്ഥനപോലെ ദൈവത്തിന് പ്രസാദജനകമായി യാതൊന്നുമില്ല. നാം ഏറെ പ്രാർത്ഥിക്കുന്നുവെങ്കിലും പലപ്പോഴും ഫലം കാണാത്തതിൽ വ്യസനിക്കുന്നു. പക്ഷേ, നാം പരിശോധിക്കാറുണ്ടോ, നമ്മുടെ ഹൃദയം പരിശുദ്ധമാണോ എന്ന്? യേശു നൽകുന്ന അന്യാപദേശത്തിലെ ചുങ്കക്കാരനും ഫരിസേയനും ഒരേ ദേവാലയത്തിലെത്തിയാണ് പ്രാർത്ഥിച്ചത്. ഒരേ ദൈവത്തോടാണ് പ്രാർത്ഥിച്ചത്. ഒരേ സമയത്താണ് പ്രാർത്ഥിച്ചത്. പക്ഷേ, ഫലം എന്തായി? ചുങ്കക്കാരൻ ഫരിസേയനേക്കാരം നീതീകരിക്കപ്പെട്ടവനായി മടങ്ങി. ചുങ്കക്കാരൻെറ ഹൃദയം ആത്മാർത്ഥത നിറഞ്ഞതായിരുന്നതുകൊണ്ടു് അയാളുടെ പ്രാർത്ഥന ദൈവത്തിന് സ്വീകാര്യമായി.

നിങ്ങളുടെ മനസ്സ് ശിശുക്കളുടേതിനോടു തുല്യമായിരിക്കണം എന്ന് യേശു പറയുന്നതിൻെറ പൊരുരം എന്താണ്? നിഷ്കളങ്കഹൃദയം നമുക്കുണ്ടാകണം എന്നുതന്നെ. സ്വാർത്ഥതയും കാപട്യവും ഹൃദയത്തിൽ നിറഞ്ഞു നിൽക്കുമ്പോരം പ്രാർത്ഥന ഫലശൂന്യമായിരിക്കും.

## പതിനഞ്ച്

# നമ്മെ തേടിയെത്തുന്ന കരങ്ങൾ

വൈരാഗ്യ ശതകത്തിലെ ഒരു ശ്ലോകത്തിന്റെ സാരമിതാണ്- ''ഇതാ, വാർദ്ധക്യം ഭീതിപ്പെടുത്തുന്ന ഒരു കടുവായെപ്പോലെ നില്ക്കുന്നു. രോഗങ്ങൾ ശത്രുക്കളെപ്പോലെ ശരീരത്തെ ഉഗ്രമായി അടിക്കുന്നു. പൊട്ടിപ്പിളർന്ന ഒരുകുടത്തിൽ നിന്നു വെള്ളം ചോർന്നു പോകുന്നതുപോലെ ആയുസ്സ് ഒലിച്ചു പൊയ്ക്കൊണ്ടിരിക്കുന്നു. ഇങ്ങനെയെല്ലാമാണെങ്കിലും മനുഷ്യൻ തനിക്ക് നാശകരമായിട്ടുള്ളത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.''

മരണം, രോഗാധീനത, മനഃക്ലേശം തുടങ്ങിയവ മനുഷ്യന്റെ മുമ്പിൽ തുറന്നു കാട്ടുന്നത് ജീവിതത്തിന്റെ വ്യർത്ഥതയാണ്. ഈ വ്യർത്ഥതയിൽ അർത്ഥം കണ്ടെത്തുകയാണ് മനുഷ്യജീവിതത്തിന്റെ മഹത്തായ നേട്ടം.

ജീവിതത്തിന്റെ നാനാവശങ്ങൾ അതിന്റെ ആഴത്തിൽ ദർശിച്ച കവിയാണ് ഫ്രാൻസീസ് തോംപ്സൺ. ചെറുപ്പത്തിൽത്തന്നെ വീടുവിട്ടിറങ്ങി. ലണ്ടൻ നഗരത്തിന്റെ തെരുവുകളിൽ അലഞ്ഞു നടന്ന് ദാരിദ്ര്യം, അവഗണന, മനഃക്ലേശം തുടങ്ങിയതൊക്കെ

അതിന്റെ പാരമ്യതയിൽ അദ്ദേഹം അനുഭവിച്ചറിഞ്ഞു. നിന്ദ്യവും ഗർഹണീയവുമായ ജീവിതത്തിനു പൂർണ്ണ വിരാമമിടുവാൻ അദ്ദേഹം വിഷം കഴിച്ചു. പക്ഷേ, ഒരുതരത്തിൽ രക്ഷപെട്ടു.

ആത്മഹത്യാശ്രമം പരാജയപ്പെട്ട തോംപ്സൺ ഒരു സത്യം മനസ്സിലാക്കി. സുഖത്തിലും ദുഃഖത്തിലും സദാ തന്നെ അനുഗ്രഹിക്കുവാൻ ദൈവകരങ്ങൾ അനുധാവനം ചെയ്യുന്നുവെന്ന്.

അനുഗ്രഹദായകമായ ഈശ്വരകരങ്ങളെ മനുഷ്യൻ തട്ടിനീക്കിക്കളയുന്നു. നമ്മെ പിൻതുടരുന്ന ദൈവത്തിന്റെ സ്നേഹവലയത്തിൽനിന്ന് വെട്ടിച്ചുമാറുവാൻ നിരന്തരം നാം ഓടുന്നു. നമ്മുടെ ക്ലേശങ്ങളും, വേദനകളും മാററിക്കളഞ്ഞ് നമുക്ക് ആശ്വാസം പകരുവാനാണ് ദൈവം വരുന്നതെന്ന് നാം മനസ്സിലാക്കുന്നില്ല. 'സ്വർഗ്ഗീയനായാട്ടുനായ്' എന്ന പ്രശസ്ത കൃതിയിൽ അദ്ദേഹം കണ്ണീരിന്റെ താഴ്വരയായ ഈ ലോകത്ത് ക്ലേശപൂരിതമായ ആത്മാവിൽ ആശ്വാസകിരണം തൂകുവാൻ ആഗതമാകുന്ന ഈശ്വരകാരുണ്യമാണ് പ്രകീർത്തിച്ചിട്ടുള്ളത്.

ദൈവം തന്നെ പിന്തുടരുന്നു എന്നറിഞ്ഞിട്ടും എന്തുകൊണ്ട് ആ സ്നേഹവലയത്തിൽ നിന്നു വിട്ടുമാറുവാൻ ആഗ്രഹിക്കുന്നു? കവി, അതിനുത്തരം പറയുന്നുണ്ട്. ദൈവത്തിന്റെ ആ സ്നേഹാശ്ലേഷം സ്വീകരിച്ചാൽ ഭൗതികമായ എന്റെ നേട്ടങ്ങൾ, പദവികൾ, സുഖസൗകര്യങ്ങൾ ഇവയൊക്കെ നഷ്ടീഭവിച്ചേക്കുമെന്ന് ഞാൻ ഭയന്നു. ദൈവം അതിനു നൽകിയ മറുപടി ഇതായിരുന്നു. ''എന്നെ വഞ്ചിച്ച് ഒററിക്കൊടുക്കാൻ നീ തുനിഞ്ഞതുമൂലം സർവ്വ വസ്തുക്കളും നിന്നെ വഞ്ചിച്ച് ഒററിക്കൊടുക്കും.''

ദൈവത്തെക്കൂടാതെ നീങ്ങുന്നവന് വിലാപവും കണ്ണുനീരും ആയിരിക്കും ഫലം. എത്തിപ്പിടിക്കാൻ

ആശിച്ച എല്ലാ ഭാഗ്യങ്ങളും നഷ്ടയൗവനത്തിന്റെ ചിതയിൽ എരിഞ്ഞുതീരുന്നു. എല്ലാം തകർന്നവനായി തളർന്നുവീഴുന്നു. എപ്പോഴും തന്നെ പിന്തുടർന്നുകൊണ്ടിരുന്ന കരുണാമസൃണനായ ഈശ്വരന്റെകരങ്ങൾ തന്നെ വാരിയെടുക്കുന്നുവെന്ന് മനുഷ്യാത്മാവ കാണുന്നു. ഈശ്വരന്റെ സ്നേഹത്തിന്റെ ചുടുചുംബനങ്ങൾ നിതാന്തമായ നിർവൃതി കൊടുക്കുന്നു.

ജീവിതം ധന്യവും സുഖദവും സംതൃപ്തവുമാക്കി മാററുവാൻ ഈശ്വരനേ കഴിയൂ. രോഗം, ദാരിദ്ര്യം, പ്രിയജനവിരഹം തുടങ്ങിയ ക്ഷുദ്രവും ദൈന്യവുമായ പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗം നാം തന്നെ നിശ്ചയിക്കുന്നു. ഈശ്വരനെക്കൂടാതെ നാം കണ്ടെത്തുന്ന പോംവഴികൾ എല്ലാം നിരർത്ഥകമായിരിക്കും. നമ്മുടെ ആശാകേന്ദ്രങ്ങളും ആശ്വാസനിലയങ്ങളും ലോകജന്യമാണെങ്കിൽ- പ്രാപഞ്ചികമായ കേന്ദ്രങ്ങളാണ് നമ്മെ ആകർഷിക്കുന്നതെങ്കിൽ ദൈവമാകുന്ന കേന്ദ്രത്തിൽനിന്ന് നാം വികർഷിതരാകും.

കരുണാനിധിയായ ഈശ്വരന്റെ കവിഞ്ഞൊഴുകുന്ന സ്നേഹം നാം യഥാർത്ഥത്തിൽ മനസ്സിലാക്കണം. ദുഃഖദുരിതങ്ങളും ക്ലേശങ്ങളും നിഴലുകൾ മാത്രമാണ്. അനുഗ്രഹദായകമായ അവിടുത്തെ കരങ്ങൾ നമ്മുടെ ശിരസ്സിനു മുകളിൽ ഉയർന്നുനിൽക്കുന്നു. അവയെ നാം ദർശിക്കുന്നില്ല. ഈശ്വരകരങ്ങളുടെ കറുത്ത നിഴലുകൾ ഭൂമിയിൽ വീണതുമാത്രം- ക്ഷണികമായ ഈ ലോകത്തിലെ ദുഃഖങ്ങൾമാത്രം—നാം കാണുന്നു. നമ്മുടെ കാൽച്ചുവട്ടിലെ പൂഴിമണ്ണിൽത്തന്നെ നോക്കുന്ന നമുക്ക് അതുമാത്രമേ കാണാനാവൂ.

ശിരസ്സുയർത്തുക. അപ്പോൾ അമൃതം ചൊരിയുന്ന ഈശ്വരകരപല്ലവങ്ങൾ നമ്മുടെമേൽ ഉയർന്നുനില്ക്കുന്നതു കാണാനാവും. ★

## പതിനാറ്

# പ്രാർത്ഥനയുടെ അതുല്യശക്തി

പ്രശസ്തങ്ങളായ നിരവധി ജീവചരിത്രങ്ങൾ രചിച്ച ഹെൻട്രി ഗീയോൺ എന്ന ഗ്രന്ഥകാരൻ 'ജെർമ്മാനി' എന്നൊരു ഇടയബാലികയുടെ ജീവചരിത്രം എഴുതിയിട്ടുണ്ട്. അപ്രശസ്തയായ ഒരു ഗ്രാമീണ കന്യകയെക്കുറിച്ച് എന്തിനൊരു ചരിത്രം പ്രഖ്യാതനായ സാഹിത്യകാരൻ എഴുതി എന്ന് പലരും വിസ്മയിച്ചേക്കാം. അനിതരസാധാരണമായ ചില കാര്യങ്ങൾ അവളിൽ ദർശിക്കാൻ ആ പണ്ഡിതനു കഴിഞ്ഞു. അതാണ് ആ ജീവചരിത്രരചനയ്ക്ക് അദ്ദേഹത്തിനു പ്രചോദനമരുളിയത്.

മേൽപ്പറഞ്ഞ പെൺകുട്ടിയുടെ തൊഴിൽ ആട്ടിൻ പററത്തെ പരിപാലിക്കലായിരുന്നു. അക്ഷരങ്ങൾ കൂട്ടിവായിക്കാൻ മാത്രമുള്ള വിദ്യാഭ്യാസമേ അവൾക്കുണ്ടായിരുന്നുള്ളു. കോടക്കാററും മഞ്ഞുമുള്ള ദിവസങ്ങളിൽ അവൾ ആടുകളെ മേയിക്കുവാൻ ക്ലേശിച്ചു നടന്നു. മററു ജീവിതമാർഗ്ഗമൊന്നും അവളുടെ മുൻപിൽ തുറന്നു കിടപ്പുണ്ടായിരുന്നില്ല. അഷ്ടിയ്ക്കുമാത്രമുള്ള വകയേ അവൾക്കു പ്രതിഫലം കിട്ടി

യിരുന്നുള്ളു. എങ്കിലും അവരം സദാ സംതൃപ്തയാ യിരുന്നു. അവളുടെ സംതൃപ്തിയ്ക്കുള്ള കാരണം ഹെൻട്രി ഗീയോൻ പറയുന്നുണ്ട്. ആ ഇടയബാലിക അചഞ്ചലമായ വിശ്വാസത്തോടെ തൻെറ ജോലിക്കിട യിൽ മുട്ടുകുത്തിനിന്ന് ഇങ്ങനെ പ്രാർത്ഥിച്ചിരുന്നു:

ദൈവമേ! അത്യധികമായ തണുപ്പ്
എനിക്കു നീ നൽകരുതേ.
കരുണയുള്ള പിതാവേ, കഠിനമായ
വിശപ്പുകൊണ്ട് എന്നെ നീ ശിക്ഷിക്കരുതേ,
സ്നേഹനാഥാ, അനല്പമായ
ദാഹംകൊണ്ടും എന്നെ വിഷമിപ്പിക്കരുതേ.

ഇങ്ങനെയുള്ള നിഷ്ക്കളങ്കമായ പ്രാർത്ഥനകൊണ്ട് അവരക്ക് സന്തോഷവും സമാധാനവും സർവ്വഥാ കൈവരിക്കുവാൻ കഴിഞ്ഞുവെന്നാണ് ജീവചരിത്ര കാരൻ വ്യക്തമാക്കുന്നത്.

കേരളത്തിലെ സി. എം. എസ് സഭയുടെ പ്രാരംഭ കാലത്ത് ക്രിസ്തുസന്ദേശം മൂലമററത്തിനടുത്തു ള്ള കണ്ണിക്കൽ മലകളിലെ മലയരയന്മാരുടെ പക്ക ലെത്തിച്ച 'ഹെൻട്രി ബേക്കർ ജൂണിയർ' മലനാടിൻെറ അപ്പസ്തോലൻ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇംഗ്ലണ്ടിലെ കാൻറർബറി ആർച്ചുബിഷപ്പിൽ നിന്നും പുരോഹിതപട്ടം സ്വീകരിച്ച അദ്ദേഹത്തിന് ഇംഗ്ല ണ്ടിൽത്തന്നെ ഒരു പുരോഹിതനെന്ന നിലയിൽ ലഭി ക്കാവുന്ന എല്ലാസൗകര്യങ്ങളും സ്വായത്തമായിരുന്നു. പക്ഷേ, പരിഷ്ക്കാരം തൊട്ടുതേച്ചിട്ടില്ലാത്ത ഗിരി വർഗ്ഗക്കാർക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നതി ലായിരുന്നു, അദ്ദേഹത്തിൻെറ സംതൃപ്തി. 1850 ൽ അവർണ്ണനീയക്ലേശങ്ങരം സഹിച്ച് അദ്ദേഹം കണ്ണി ക്കൽ വന്നുചേർന്നു. അന്ന് വെറും രണ്ടുപേരെ മാത്രമേ

ക്രിസ്തുവിന്റെ സന്ദേശമറിയിച്ചു ആംഗ്ലിക്കൻ സഭയിലേയ്ക്കാനയിക്കാൻ ഹെൻട്രി ബേക്കർ ജൂണിയർ ധാരയ്ക്കു കഴിഞ്ഞുള്ളു. ഇന്ന് ആ സഭ വളർന്നു ഇരുപതിനായിരത്തിലേറെ ആളുകളെ ഉൾക്കൊള്ളുന്നുണ്ട്. ''കണ്ണിക്കൽ സഭ നൂററാണ്ടുകളിലൂടെ'' എന്ന ഗ്രന്ഥത്തിൽ ശ്രീ വി. ടി. ജോസ്, മലനാടിന്റെ മിഷനറിയായ ഹെൻട്രി ബേക്കർ സായ്പ് ആദ്യമായി മലമടക്കുകളിലൂടെ സാഹസയാത്ര നടത്തി കണ്ണിക്കൽ എത്തിച്ചേർന്ന സംഭവം വിവരിക്കുന്നുണ്ട്.

''മുണ്ടക്കയം, പീരുമേട് തുടങ്ങിയ സ്ഥലങ്ങളിൽ സുവിശേഷവേല ചെയ്തുകൊണ്ടിരിക്കവേ ആണ് ഹെൻട്രി ബേക്കർ (ജൂണിയർ) സായ്പ് കണ്ണിക്കൽ പ്രദേശത്തുള്ള ആദിവാസികളെക്കുറിച്ച് ആദ്യമായറിഞ്ഞത്. എത്രയും വേഗം ആ സ്ഥലത്തു പോകണമെന്ന് അദ്ദേഹത്തിനാഗ്രഹം ജനിച്ചു. തടഞ്ഞാലും അദ്ദേഹം സുവിശേഷവേലയ്ക്കായി പോകുകതന്നെ ചെയ്യുമെന്നറിഞ്ഞ ജനങ്ങൾ ബേക്കറോടൊപ്പം നാലു സഹായികളേയും യാത്രയ്ക്ക് അത്യാവശ്യമുള്ള കുതിരയേയും മററും അദ്ദേഹത്തിനു നൽകി.''

''വേനൽക്കാലമായിരുന്നതുകൊണ്ട് കുന്നിൻ തലപ്പത്തു കൂടിയുള്ള മലമ്പാതയിലൂടെയുള്ള യാത്രയുടെ ഒന്നാം ദിവസം വളരെ സന്തോഷപ്രദമായിരുന്നു. മലമ്പാതയുടെ ഇരുവശങ്ങളിലേയും അഗാധമായ താഴ്‌വര, അവിടെ പൂത്തുലഞ്ഞ് കാററിലാടുന്ന വന്മരങ്ങൾ, പുൽമേടുകൾ തഴുകിവരുന്ന ഇളംകാററ്, മുന്നിലെ നീണ്ട മലമ്പാതയിൽ ബഹുവർണ്ണങ്ങളാർന്ന കാട്ടുപൂക്കൾ, മുകളിൽ നീലാകാശത്തിൽ നീന്തിക്കളിക്കുന്ന വെള്ളിമേഘങ്ങൾ—ഇവയെല്ലാം ബേക്കർ സായ്

പിൻെറ യാത്രയ്ക്കുന്മേഷം പകർന്നു. എന്നാൽ, യാത്രയുടെ രണ്ടാം ദിവസം ഈ മലമ്പാത വിട്ട്, കീഴ്ക്കാംതൂക്കായ മലഞ്ചെരിവിലൂടെ യാത്ര ആരംഭിച്ചു. പലഭാഗത്തും സായ്പിൻെറ കുതിരയ്ക്ക് അദ്ദേഹത്തെ വഹിച്ചുകൊണ്ടുപോകുവാൻ പ്രയാസമായിരുന്നു. അപ്പോഴൊക്കെ അദ്ദേഹം കുതിരപ്പുറത്തുനിന്നിറങ്ങി ഊന്നുവടിയുടെ സഹായത്തോടെ നടക്കുകയും, കുതിരയെ നടത്തുകയും ചെയ്തു. കുറെ നേരം നടന്നിട്ട് വീണ്ടും കുതിരപ്പുറത്തു കയറും. അങ്ങനെ ഈ യാത്രാസംഘം കണ്ണിക്കൽ പ്രദേശത്തെ ലക്ഷ്യമാക്കി നീങ്ങിക്കൊണ്ടിരുന്നു. വഴിയിൽ പുള്ളിക്കാനം ഭാഗത്ത് ഒരു മലഞ്ചെരിവിൽ വച്ച് അത്യുഗ്രനായൊരു മലമ്പാമ്പ് അദ്ദേഹത്തിനെതിരേ ആനത്താരയിലൂടെ വന്നു. യാത്രാസംഘത്തിൻെറ മുന്നോടിയായി നിന്നിരുന്ന വേട്ടപ്പട്ടിയുടെ ശക്തമായ കുരകേട്ട്, അതിൻെറ അടുത്തെത്തിയ അനുയായികൾ മലമ്പാമ്പിനെ കണ്ടു ഭയപ്പെട്ടു. അവർ വഴിയിൽ നിന്ന് ഓടി മാറി. എന്നാൽ ധ്യാനനിരതനായി, വഴിയിൽ നിന്നു മാറാതെ നിന്ന സായ്പിൻെറ ധൈര്യവും ദൈവവിശ്വാസവും കൂട്ടുകാരെ അദ്ഭുതപ്പെടുത്തി. അല്പസമയത്തിനുള്ളിൽ ഉഗ്രനായ ആ മലമ്പാമ്പ് ആനപ്പാതയിൽനിന്നും കടുംതൂക്കായ മലഞ്ചെരുവിലേയ്ക്ക് ഉരുണ്ടുനീങ്ങുകയാണുണ്ടായത്. തിരിച്ചു പോകാമെന്ന് കൂട്ടുകാർ പറഞ്ഞെങ്കിലും യാത്ര തുടരാനാണ് സായ്പ് തീരുമാനിച്ചത്.''

പ്രാർത്ഥനയുടെ ശക്തി അളവററതാണ്. ഹൈന്ദവചിന്തയിൽ തപസും പ്രാർത്ഥനയും ഒരു നാണയത്തിൻെറ ഇരുപുറങ്ങൾ പോലെ പരസ്പരം ബന്ധപ്പെട്ടതാണ്. പ്രാർത്ഥനയുടെ ഉദാത്തരൂപ

മാണ് തപസ്സെന്നു പറയാം. തപിപ്പിക്കുക എന്ന വാക്കിനു ചൂടാക്കുക, ഉജ്ജ്വലമാക്കുക, എന്നെല്ലാ മാണ് അർത്ഥം. നിഷ്ക്കൃഷ്ടാർത്ഥത്തിൽ മന സ്സിനെ വിവിധ വിഷയങ്ങളിൽനിന്ന് നിവർത്തി പ്പിച്ച് ഏകാഗ്രത കൈവരിക്കലാണ് അത്. ഈശ്വ രോന്മുഖമായ മനസിൻെറ പ്രയാണത്തിൽ ഉണ്ടാകുന്ന താപം ദർശനീയമാണ്. ചൂട് നാനാഭാഗത്തേയ്ക്കും വികിരണം ചെയ്യപ്പെടുന്നതുപോലെ ഏകാഗ്രമായി പ്രവർത്തിക്കുന്നവൻെറ താപംകൊണ്ട് അയാാം തന്നെ യും തനിക്കു ചുററുമുള്ളവരേയും തപിപ്പിക്കുന്നു.

ഒരു നതമധ്യകാചം (Concave lens) സൂര്യനഭി മുഖമായിപ്പിടിച്ചാൽ രശ്മികൾ ഒരു ബിന്ദുവിൽ കേന്ദ്രീഭൂതമാകുന്നു. ആ ലെൻസിനു താഴെ കടലാ സോ പഞ്ഞിയോ വച്ചിരുന്നാൽ അത് ദഹിച്ചു ചാരമാ കുന്നു. (നട്ടുച്ചനേരത്ത് കണ്ണട സൂര്യനഭിമുഖമായി പ്പിടിച്ച് കുട്ടികൾ ഇത്തരം പരീക്ഷണങ്ങൾ നേര മ്പോക്കിനായി ചെയ്യാറുണ്ടല്ലോ.) തപസ്സുചെയ്യുന്ന വ്യക്തിയുടെ മനസ്സാകുന്ന കോൺകേവ്ലെൻസ് ഈശ്വരോന്മുഖമായി വർത്തിക്കുന്നു. അപ്പോൾ ഊർ ജ്ജം അതിൽ പ്രകടമാകുന്നു. ഭൗതികശക്തികളെ നിയന്ത്രിക്കാവുന്ന ആധ്യാത്മികശക്തിയാണ് അവി ടെ നിന്നും പ്രസരിക്കുക. തപശ്ശക്തികൊണ്ട് സ്വർ ല്ലോകഗംഗയെ ഭൂലോകഗംഗയാക്കി മാററിയ ഒരു ഭഗീ രഥൻെറ കഥ ഹിന്ദുപുരാണത്തിലുണ്ട്. തപസ്സു മൂലം ഈശ്വരൻെറ അനുഗ്രഹവർഷത്തിന് മനുഷ്യൻ പ്രാപ്തനാകുന്നുവെന്നതായിരിക്കാം ഇക്കഥയുടെ പൊരുൾ.

യേശുവും അവിടുത്തെ കാഹളവാഹകനായ ജോൺ ദി ബാപ്ററിസ്ററും പ്രാർത്ഥനയുടെയും

തപസ്സിൻെറയും ശക്തിവിശേഷം സന്ദിഗ്ദ്ധയില്ലാതെ വ്യക്തമാക്കിയിട്ടുണ്ട്. ഏകാഗ്രതയോടും ഉത്തമവിശ്വാസത്തോടും കൂടി ദൈവസന്നിധിയിൽ നില്ക്കുന്നവൻെറ അർത്ഥന അസ്ത്രങ്ങൾക്കു സമം ആകാശമാർഗ്ഗം തുളച്ചുകയറും. പ്രാർത്ഥനയുടെ ആവശ്യകത നിഷേധിക്കുന്ന നിരീശ്വരന്മാരെ നിസ്തേജരാക്കുന്ന അദ്ഭുതങ്ങൾ നാം ജീവിക്കുന്ന ഈ കാലയളവിലും സംഭവിക്കുന്നുണ്ട്. അതു മനസ്സിലാക്കണമെങ്കിൽ പ്രബന്ധങ്ങളേയോ ഗ്രന്ഥങ്ങളേയോ അല്ല, കറകളഞ്ഞ വിശ്വാസവും പ്രാർത്ഥനാചൈതന്യവും ഉള്ളവരുടെ ജീവിതാനുഭവങ്ങളെയാണ് ആശ്രയിക്കേണ്ടത്.

## പതിനേഴ്

# ആത്മാവിനെ ചുഴററിയുയർത്തുന്ന പ്രാർത്ഥന

നൈസർഗ്ഗികപ്രേരണയാലാണ് ചിത്രശലഭം തേൻ നുകരാൻ പഠിക്കുന്നത്. മുട്ടയായി–പുഴുവായി –സമാധിസ്ഥമായി–അവസാനം പൂഞ്ചിറകുള്ള ശലഭമായി അത് അന്തരീക്ഷത്തിലൂടെ പാറിപ്പോകുന്നു. ഒരു പാഠശാലയിലും തൊഴിലിനേക്കുറിച്ചു പഠിക്കാത്ത ആ കൊച്ചുജീവി, വർണ്ണപുഷ്പങ്ങളിൽനിന്നു തേൻ നുകരുന്നു.

പ്രാർത്ഥന മനുഷ്യൻെറ ജന്മവാസനയാണ്. നിരീശ്വരഭരണസമ്പ്രദായങ്ങൾ, മതവിരോധം, നിർദ്ദയമർദ്ദനങ്ങൾ–ഇവയ്ക്കൊന്നും ഈശ്വരാരാധനയ്ക്കുഴറുന്ന മനുഷ്യമനസ്സിൻെറ തീവ്രവും ശക്തവുമായ അഭിലാഷത്തെ നിർവീര്യമാക്കാനാവില്ല. മതാത്മകത എന്നത് മനുഷ്യൻെറ സത്തയിൽ അലിഞ്ഞുചേർന്നിട്ടുള്ള ഒന്നാണ്. ഈ യാഥാർത്ഥ്യം പ്രസിദ്ധ മനശ്ശാസ്ത്രജ്ഞനായ യുങ്ങ് തൻെറ സുദീർഘ

ജീവിതത്തിലും, നടത്തിയ മനശ്ശാസ്ത്രപരീക്ഷണ ങ്ങളിലും, അനുഭവസിദ്ധമായിരിക്കുന്നുവെന്നു പറ യുന്നുണ്ട്.

ജീവിതത്തിൽ സംഘർഷങ്ങളും ബുദ്ധിമുട്ടുക ളും വരുമ്പോൾ ബുദ്ധിയുള്ള മനുഷ്യൻ സ്വാഭാവിക മായും പരിഹാരം കണ്ടെത്തുവാൻ ഈശ്വരസമക്ഷം അണയുന്നു. സസ്യജാലങ്ങൾ പ്രകാശം കാംക്ഷിക്കു ന്നതുപോലെയും, വേഴാമ്പൽ മഴനീരിനായി കേഴുന്ന തുപോലെയും, വരണ്ടഭൂമി ദാഹജലം കുടിക്കാൻ കൊതിക്കുന്നതുപോലെയും മനുഷ്യാത്മാവ് ഈശ്വര ദർശനത്തിനായി ഉഴറുന്നു.

''ഹൗ ററു സ്റേറാപ്പ് വറിയിംഗ് ആൻറ് സ്ററാർട്ട് ലിവിംഗ്'' എന്നൊരു ഗ്രന്ഥം പ്രശസ്ത മനശ്ശാ സ്ത്രജ്ഞനായിരുന്ന ഡെയിൽ കാർണേഗി രചിച്ചിട്ടു ണ്ട്. 'എൻെറ മാതാപിതാക്കൾ എങ്ങനെ നിരാശ കീഴ ടക്കി' എന്ന അദ്ധ്യായത്തിൽ സ്വന്തം പിതാവിൻെറ അനുഭവം കാർണേഗി പറയുന്നുണ്ട്.

തികച്ചും കഷ്ടപ്പാടുനിറഞ്ഞ കുടുംബമായിരു ന്നു കാർണേഗിയുടേത്. അമ്മ ഗ്രാമത്തിലെ അദ്ധ്യാ പിക. അച്ഛൻ സാധുകർഷകൻ. മാസത്തിൽ 12 ഡോളറിൽ കൂടുതൽ അച്ഛനു സമ്പാദിക്കാൻ കഴി ഞ്ഞിരുന്നില്ല. അമ്മയുടെ ശമ്പളം തുച്ഛവു മായിരുന്നു.

ജീവിതച്ചിലവു താങ്ങാനാവാതെ ആ കുടുംബം ഗതിമുട്ടി. ഭൂപണയബാങ്കിൽനിന്ന് എടുത്ത പണം തിരിച്ചടയ്ക്കാത്തതുകൊണ്ട് കാർണേഗിയുടെ അച്ഛനെ ബാങ്കുകാർ അലട്ടിക്കൊണ്ടിരുന്നു. അന്ന്

അദ്ദേഹത്തിന് 47 വയസ്സുണ്ടായിരുന്നു. എങ്കിലും ജീവിതക്ലേശംകൊണ്ട് പരിക്ഷീണനായ അദ്ദേഹത്തിന് 80 കാരൻെറ മട്ടുണ്ടായിരുന്നുവെന്നാണ് കാർണേഗി പറയുന്നത്.

കടബാധ്യതകൊണ്ടും ജീവിതപ്രശ്നങ്ങൾകൊണ്ടും ക്ഷീണസത്വനായ ആ മനുഷ്യൻ ഉറക്കവും ഊണും ശരിയാംവണ്ണം നടത്തിയിരുന്നില്ല. അസ്തിശേഷനായി. കുതിരയ്ക്കു തീററികൊടുക്കാനോ പശുവിനെക്കറക്കാനോ അച്ഛൻ പോയിട്ട് താമസമുണ്ടായാൽ അമ്മയ്ക്കു അങ്കലാപ്പാകും. അവർ ഓടിച്ചെല്ലും. മനോവിഷമംകൊണ്ട് വല്ല കയർത്തുമ്പിലും അദ്ദേഹം ജീവിതം ഒടുക്കിയെങ്കിലോ എന്നതായിരുന്നു കാർണേഗിയുടെ അമ്മയ്ക്കുണ്ടായിരുന്ന ഭയം.

ഒരു ദിവസം കാർണേഗിയുടെ അച്ഛൻ മേരിവില്ലയിൽനിന്ന് വീട്ടിലേക്ക് മടങ്ങുകയായിരുന്നു. അന്ന് പട്ടണത്തിൽവച്ച് ബാങ്ക് ഉദ്യോഗസ്ഥൻ അദ്ദേഹത്തോടു കയർത്തു സംസാരിച്ചതിൻെറ വ്യഥ മനസ്സിൽ വ്രണമായി തങ്ങിനിന്നിരുന്നു. 102-ാം നമ്പർ നദിയുടെ പാലത്തിനടുത്തായപ്പോൾ അദ്ദേഹം കുതിരവണ്ടിയിൽനിന്നിറങ്ങി. പാലത്തിൻെറ മധ്യഭാഗത്തെത്തി. ആററിലേയ്ക്കു നോക്കിനിന്നു.

നദി ആർത്തിരമ്പി ഒഴുകുന്നു. ചുഴിയും മലരികളുംതീർത്തു കുതിയ്ക്കുന്ന ആ നദിയിലേക്കു നിർന്നിമേഷനായി നോക്കി ദീർഘനേരം അദ്ദേഹം നിന്നു. താഴേയ്ക്കു ചാടി ജീവിതം അവസാനിപ്പിക്കണമോ വേണ്ടായോ എന്നതിനേക്കുറിച്ചുള്ള വടംവലിയായിരുന്നു അദ്ദേഹത്തിൻെറ മനസ്സിൽ. അവസാനം,

ജീവിതത്തിനുള്ള ആശതന്നെ ജയിച്ചു. ആത്മഹത്യയെ പുണരാതെ അദ്ദേഹം വീട്ടിലേയ്ക്കു തിരിച്ചു പോന്നു.

വർഷങ്ങൾക്കുശേഷം സെയിൽ കാർണേഗിയോട് അദ്ദേഹത്തിൻെറ അച്ഛൻതന്നെ വിവരിച്ചതാണീ സംഭവം. അദ്ദേഹം അന്ന് ആത്മഹത്യയെ ആശ്ലേഷിക്കാതെ പോരുവാനുണ്ടായ കാരണം എന്തായിരുന്നെന്നോ? കാർണേഗിയുടെ മാതാവിൻെറ ഉറപ്പുള്ള ഈശ്വരവിശ്വാസം. ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് എന്തെല്ലാം ബുദ്ധിമുട്ടുകളുണ്ടായാലും അവയെല്ലാം അന്ത്യത്തിൽ നന്മയ്ക്കായി പരിണമിക്കുന്നുവെന്നതായിരുന്നു സ്ക്കൂൾ അദ്ധ്യാപികയായ ആ മഹതിയുടെ ഉത്തമവിശ്വാസം. സംഗതികൾ അങ്ങനെ തന്നെ സംഭവിച്ചു. സാമ്പത്തികനില പിന്നീട് അവർക്ക് ഭദ്രമായി. കാർണേഗിയുടെ പിതാവ് 42 വർഷം കൂടി ജീവിച്ച് 1941 ൽ ആണ് മരണമടഞ്ഞത്.

കാർണേഗി ഇങ്ങനെ എഴുതുന്നു: ''ഹൃദയവേദനയും സംഘർഷവും ഉണ്ടാകുന്ന അവസരങ്ങളിൽ എൻെറ അമ്മ നിരാശപ്പെട്ടിരുന്നില്ല. എല്ലാബുദ്ധിമുട്ടുകളും പ്രാർത്ഥനയിലൂടെ അമ്മ ദൈവത്തിൻെറ മുമ്പിൽ സമർപ്പിച്ചിരുന്നു. ഉറങ്ങാൻ കിടക്കുന്നതിന് മുൻപായി ബൈബിളിൽ നിന്ന് ഒരു അദ്ധ്യായം അമ്മ പാരായണം ചെയ്തിരുന്നു.''

സാധാരണ അമ്മയോ അച്ഛനോ ബൈബിളിൽ നിന്നുവായിക്കുന്ന ഭാഗം ഇതായിരുന്നു: ''എൻെറ പിതാവിൻെറ ഭവനത്തിൽ അനേകം ഇരിപ്പിടങ്ങളുണ്ട്. നിങ്ങൾക്കായി അവ ഒരുക്കുവാനാണ് ഞാൻ പോകുന്നത്...അപ്പോൾ ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും

ഇരിക്കും. ഈ ഭാഗം കേട്ടു കഴിഞ്ഞ ഞങ്ങൾ എല്ലാവരും കസേരയുടെ അടുത്ത് മുട്ടുകുത്തിനിന്ന് ഇങ്ങനെ പ്രാർത്ഥിക്കും. 'ദൈവമേ! അവിടുത്തെ സ്നേഹവും സംരക്ഷണയും ഞങ്ങളിൽ എപ്പോഴും ഉണ്ടായിരിക്കണമേ.''

ഹാർവാർഡ് യൂണിവേഴ്സിററിയിലെ പ്രൊഫസറായിരുന്ന വില്യം ജയിംസ് പറയുന്നതുകേൾക്കുക: ''നിരാശയ്ക്കുള്ള ഏററവും വലിയ ചികിത്സ തീർച്ചയായും മതവിശ്വാസമത്രേ.''

കാർണേഗി, പ്രാർത്ഥനയെക്കുറിച്ചും സ്വമാതാവിൻെറ ഉറപ്പാർന്ന ദൈവവിശ്വാസത്തെക്കുറിച്ചും പറയുമ്പോൾ ആവേശഭരിതനാകുന്നു.

''പെരുവെള്ളത്തിനോ ഭാരിച്ച കടങ്ങൾക്കോ ജീവിത ദുരന്തങ്ങൾക്കോ എൻെറ മാതാവിൻെറ ആനന്ദകരവും അദമ്യവുമായ ആദ്ധ്യാത്മികചൈതന്യത്തെ കെടുത്തിക്കളയുവാൻ കഴിഞ്ഞില്ല. എപ്പോഴും അമ്മ പാടിയിരുന്ന ഒരു ഗാനം ഇതായിരുന്നു....

ശാന്തി! അമോഘമായ ശാന്തി
അനവദ്യ സുന്ദരമായ ശാന്തി!
അത് സ്വർഗ്ഗപിതാവിൻെറ
സന്നിധിയിൽ നിന്നു ഒഴുകിവരുന്നു
ഞാൻ പ്രാർത്ഥിക്കുമ്പോഴെല്ലാം
ആഴമാർന്ന സ്നേഹക്കടലിൻെറ
തരംഗങ്ങളിൽ
അത് എൻെറ ആത്മാവിനെ
ചുഴററിയുയർത്തുന്നു.

(Peace Peace Wonderful Peace
Flowing down from the Father above
Sweep over my spirit forever I pray
In fathomless billows of love)

## പതിനെട്ട്

# പ്രാർത്ഥനയ്ക്ക് ഒരു മഹനീയ മാതൃക

ഇംഗ്ലീഷ് സാഹിത്യത്തിലെ ഇതിഹാസ കവിയാണ് ജോൺ മിൽട്ടൺ. അദ്ദേഹത്തിൻെറ 'പറുദീസാ നഷ്ടം' പോലുള്ള ഉജ്ജ്വലകാവ്യങ്ങൾ വിശ്വസാഹിത്യത്തിൽ ത്തന്നെ വിരളമാണ്.

മഹത്തായ കാവ്യകൃതികൾ രചിച്ച മിൽട്ടൺ അന്ധനായിരുന്നു. പ്രശസ്തിയുടെ കൊടുമുടിയിലേയ്ക്കു കുതിച്ചുകൊണ്ടിരുന്ന ജീവിതമദ്ധ്യത്തിലാണ് ആ മഹാകവിയുടെ കണ്ണുകളുടെ വെളിച്ചം നഷ്ടപ്പെട്ടത്. കാഴ്ചശക്തിയുടെ അഭാവം ഒരെഴുത്തുകാരനെ സംബന്ധിച്ചിടത്തോളം മറേറതു നഷ്ടത്തേക്കാളും വലുതാണ്.

വിധി തൻെറമേൽ ഏല്പിച്ച കനത്ത പ്രഹരം മിൽട്ടണെ വ്യാകുലനാക്കി. സ്വന്തം അന്ധതയെക്കുറിച്ച് അദ്ദേഹം ഹൃദയസ്പൃക്കായ ഒരു ഗീതകം രചിച്ചു. ജീവിതത്തിൽ നേരിടുന്ന ദുരന്തങ്ങളിൽ നിരാശപ്പെടുകയും ദൈവത്തെ പഴിക്കുകയും ചെയ്ത് സ്വയം നരകം സൃഷ്ടിക്കാതെ ആശ്വാസത്തിൻെറ

വെള്ളിരേഖകൾ കണ്ടെത്തുവാൻ മിൽട്ടൻെറ കവിത ആർക്കും പ്രചോദനം പകരും. നിതാന്തശ്ലാഘനീയവും മഹോന്നതവുമായ ആദർശം കണ്ടെത്തുവാൻ വിഷമഘട്ടത്തിലും അദ്ദേഹത്തിനു കഴിഞ്ഞുവെന്നത്, ആ ഉജ്ജ്വലപ്രതിഭാശാലിയുടെ ക്രാന്തദർശിത്വത്തിന് ഉദാഹരണമാണ്. കാവ്യരചനാശക്തി ഈശ്വരദാനമാണ്. മനോസംഘർഷത്തിലും ആദർശദീപ്തി ചൊരിയാൻ കഴിയുന്നുവെന്നത് ഉത്തുംഗമായ ദാനമത്രേ. അങ്ങനെ, ദുരന്തങ്ങളുടെ അലമാലകൾ ആർത്തിരമ്പിയ സാഗരമധ്യത്തിലും പ്രത്യാശയുടെ പച്ചത്തുരുത്തു പണിയുവാൻ മിൽട്ടനു കഴിഞ്ഞു. കാഴ്ചശക്തി നഷ്ടപ്പെട്ടതിനുശേഷമാണ് മിൽട്ടൺ പ്രശസ്തമായ 'പറുദീസാനഷ്ടവും' 'പറുദീസാ വീണ്ടെടുപ്പും' രചിച്ചത്.

1644-ലാണ് മഹാകവി 'അന്ധതയെക്കുറിച്ച്' എന്ന ഗീതകം രചിക്കുന്നത്. ഹൃദയദ്രവീകരണശക്തിയുള്ള ആ കൊച്ചുകാവ്യത്തിൻെറ ആദർശം വേദനയിൽ വീർപ്പുമുട്ടുന്ന ആത്മാവിനെ ആശ്വാസത്തിൻെറ സൈകതത്തിലണയ്ക്കും.

ആദ്യഭാഗത്ത്, ഈശ്വരൻ കാഴ്ചശക്തി തന്നിൽ നിന്നും അടർത്തിക്കളഞ്ഞതിനെക്കുറിച്ചുള്ള പരാതിയാണ് മിൽട്ടൺ പറയുന്നത്. ഏതാണ്ടു ജീവിതമധ്യത്തോടെയാണ് (44-ാം വയസിൽ) മഹാകവിയുടെ കൺവെളിച്ചം അദ്ദേഹത്തോടു വിടപറഞ്ഞത്. ലോകം മുഴുവൻ ഇരുളിൻെറ കൂടാരമായിക്കഴിഞ്ഞു. തനിക്കു ഈശ്വരൻ തന്ന കവിത്വശക്തി നിരാധാരമായിരിക്കുന്നുവെന്ന് അദ്ദേഹം വിചാരിക്കുന്നു. ജഗന്നിയന്താവായ ദൈവത്തിൻെറ സ്തുതികൾ ആലാപനം ചെയ്യുവാൻ ആഗ്രഹിച്ചു. അതിനായി സർവാത്മനാ

ജീവിതം പ്രതിഷ്ഠിച്ചു. പക്ഷേ, അങ്ങനെ ചെയ്ത തന്നെ ദൈവം ഇതാ ശിക്ഷിച്ചിരിക്കുന്നു. ദൈവത്തിന്റെ മാർഗ്ഗം നീതിപൂർണ്ണമാണെന്നും രക്ഷോദക്ഷമാണെന്നും മാനവരാശിയെ മുഴുവൻ അറിയിക്കുവാൻ മഹത്തായ കാവ്യരചന നിർവ്വഹിക്കണമെന്ന് പ്രതിജ്ഞചെയ്തിരുന്നു. പക്ഷേ, ഇനി അതു സാധ്യമല്ല. വെളിച്ചം എന്നേയ്ക്കുമായി അടയ്ക്കപ്പെട്ടിരിക്കുന്നു. ദൈവം തന്നെ ഏല്പിച്ച താലെന്തു കം, വികസ്വരമാക്കിത്തീർക്കാൻ കഴിയാതെ വന്നിരിക്കുന്നു.

കവി ചോദിക്കുന്നു: ''എന്നെ അന്ധനാക്കിയ ദൈവം എന്നിലൂടെ എന്തെങ്കിലും നന്മയുണ്ടാകണമെന്ന് അഭിലഷിക്കുന്നുണ്ടോ? ഉണ്ടെങ്കിൽപ്പിന്നെ എന്തിനാണ് എന്നെ ഈവിധം ക്രൂരമായി ശിക്ഷിച്ചത്?''

അടുത്തനിമിഷത്തിൽ മിൽട്ടൺ ചിന്തിക്കുന്നു: ഇവയൊക്കെ ദൈവം നടത്തുന്ന പരീക്ഷകളാകും. ജീവിതത്തിലുണ്ടാകുന്ന കഷ്ടപ്പാടുകൾ നന്മയ്ക്കുള്ളപശ്ചാത്തലമായിരിക്കും.വിശ്വാസത്തെ ബലപ്പെടുത്തുവാൻ നൽകുന്ന പരീക്ഷകൾ ദീർഘശാന്തതയോടെ സ്വീകരിക്കണം. ദൈവത്തിനുവേണ്ടി കാവ്യരചന നടത്തുവാൻ തനിക്കാവില്ലല്ലോ എന്നതായിരുന്നു അദ്ദേഹത്തെ അലട്ടിയ ഗുരുതര പ്രശ്നം. ദൈവത്തിന് എന്തിനാണ് കവിതകൾ? അവിടുത്തെ മുൻപിൽ കോടാനുകോടി ദൂതന്മാർ എന്തുസേവനവും ചെയ്യുവാൻ തയ്യാറായിനില്പുണ്ട്. എന്റെ കവിതകൾകൊണ്ടെന്നതിനേക്കാൾ എത്രയോമടങ്ങ് സ്തുതികൾവേണമെങ്കിലും ആ സ്വർഗ്ഗദൂതനിരയിൽ നിന്ന് അവിടുത്തേയ്ക്കു ലഭിക്കും.

കവി ഇങ്ങനെ കാവ്യം ഉപസംഹരിക്കുന്നു. അപരിമി എന്നോടാവശ്യപ്പെടുന്ന ത്യാഗം ഞാൻ വിനയപൂ അപൂർ സ്വീകരിക്കണം. ദൈവത്തിനുവേണ്ടി മഹത്തായ യി കാര്യം ചെയ്യുകയെന്നതായിരുന്നല്ലോ എൻെറ ലക്ഷ്യം. ഇപ്പോൾ അവിടുന്ന് ആവശ്യപ്പെടുന്നത് ഒരു ചെറിയ കാര്യം മാത്രം. അവിടുത്തെ അഭീഷ്ടം യാതൊരു പിറുപിറുപ്പും കൂടാതെ സർവാത്മനാ സ്വീകരിക്കുകയെന്നതാണത്. ഞാൻ ഈശ്വരപ്രകീർത്തനത്തിനായി രചിക്കുന്ന ഏതു കവിതയേക്കാളും അവിടുത്തെ മുൻപിൽ പ്രസാദജനകം, അവിടുത്തെ തിരുഹിതം സന്തുഷ്ടിയോടെ നിറവേററുകയെന്നതാണ്.

നിരാശതയ്ക്കും അപകർഷതാബോധത്തിനും പകരം ദൈവപരിപാലനയിൽ സർവതും സമർപ്പിക്കുവാനുള്ള മനോഭാവം കവിയിൽ സന്തുഷ്ടിയും സംതൃപ്തിയും നിറച്ചു. കാഴ്ച നഷ്ടപ്പെടുന്നതിനു മുൻപെഴുതിയ കവിതകളേക്കാൾ ഉദാത്തവും മനോഹരവുമായ കൃതികളാണ് മിൽട്ടൺ പിൽക്കാലത്ത് രചിച്ചത്.

'ദൈവമേ, അങ്ങേ തിരുവിഷ്ടം പൂർണ്ണമായി അറിയുവാനും ഏതൊരു സാഹചര്യത്തിലും അത് അഭംഗുരം നിർവഹിയ്ക്കുവാനുമുള്ള അനുഗ്രഹം എനിക്കു നൽകേണമേ.' ഇതിനേക്കാൾ മഹത്തരമായ പ്രാർത്ഥന യാതൊന്നുമില്ല. ഇതിനേക്കാൾ ശ്രേഷ്ഠമായ ജീവിതദർശനവും ഇല്ല.

## പത്തൊൻപത്

# 'പ്രാർത്ഥനയ്ക്ക് അസാദ്ധ്യമായി ഒന്നുമില്ല'

അമേരിക്കയിലെ ഒരു കുലീനകുടുംബത്തിലെ ഇളയകുട്ടിയുടെ കാല് ഒരു കാറപകടത്തിൽപ്പെട്ടു തകർന്നു. കാൽ മുറിച്ചുകളയേണ്ടിവരുമെന്ന് ഡോക്ടർ മാർ എല്ലാവരും പറഞ്ഞു. അത് ആ കുട്ടിയ്ക്ക് ഒട്ടും സഹിക്കവെയ്യായിരുന്നു. തനിക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്ന് അവൻ തൻെറ സഹോദരങ്ങളോടു പറഞ്ഞു. അന്നു രാത്രി മുഴുവൻ അവർ ആ കുട്ടിയുടെ അടുത്തിരുന്ന് ഉറക്കമൊഴിഞ്ഞ് പ്രാർത്ഥിച്ചു. രാവിലെ ഡോക്ടർമാർ രോഗിയുടെ അടുത്തുവന്നപ്പോഴം അപകടത്തിൽപ്പെട്ടുകിടന്ന കുട്ടിയും ആ സഹോദരന്മാരോടൊപ്പം മുട്ടിൽനിന്നു പ്രാർത്ഥിക്കുന്നതാണ് കണ്ടത്. അതു കണ്ട ഡോക്ടർമാർ പറഞ്ഞു: ''പ്രാർത്ഥനയ്ക്ക് അസാദ്ധ്യമായി ലോകത്തിൽ ഒരുകാര്യവുമില്ല.''

അന്നു രോഗിയായിരുന്ന ബാലനാണ് പിൽക്കാലത്തു അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡണ്ടായിത്തീർന്ന ഐസനോവർ.

മനുഷ്യൻ പരിമിതനാണ്; ദൈവം അപരിമിതനും. മനുഷ്യന്റെ ചെയ്തികൾ പരിമിതവും അപൂർണ്ണവും ആണ്. എന്നാൽ മനുഷ്യൻ ദൈവവുമായി ബന്ധം സ്ഥാപിക്കുന്ന പ്രാർത്ഥനമൂലം അപൂർണ്ണവും ദുർബലവും ആയ അവന്റെ ചെയ്തികൾ അനന്തതയുടെയും അനശ്വരതയുടെയും അവിഭാജ്യഘടകമാകുന്നു. പ്രാർത്ഥനയുടെ വികസ്വരശക്തി (Magnifying power) കൊണ്ട് അപൂർണ്ണത പൂർണ്ണതയായി മാറുന്നു. സീമാബദ്ധത് അപരിമേയതയാകുന്നു. കാലികമായതു കാലാതിവർത്തിയാകുന്നു.

അനാഥക്കുട്ടികൾക്കുവേണ്ടി ഇംഗ്ലണ്ടിൽ ഡോക്ടർ ബർണാർഡോ സ്ഥാപിച്ചിട്ടുള്ള പൂവർഹോം ലോകപ്രസിദ്ധമാണ്. ആയിരക്കണക്കിന് അനാഥബാലന്മാരും ബാലികമാരും അവിടെ വളരുന്നു. ഉദ്യോഗസ്ഥന്മാരും സാമൂഹ്യപരിഷ്ക്കർത്താക്കളുമായ നിരവധിപേർ ഡോക്ടർ ബർണാർഡോവിന്റെ പൂവർഹോമിൽ വളർന്നുവന്നവരാണ്. അദ്ദേഹത്തിന്റെ കാരുണ്യവും ഈശ്വരവിശ്വാസവും ആണ് ഇങ്ങനെ ഒരു വലിയ പ്രസ്ഥാനം കെട്ടിപ്പടുക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്.

പൂവർഹോമിന്റെ ആരംഭകാലത്ത് തനിക്കുണ്ടായ ഒരനുഭവത്തെക്കുറിച്ച് ഡോക്ടർ ബർണാർഡോ പറയുന്നുണ്ട്. അന്ന് അനാഥരായ നൂററിയൻപതു കുട്ടികൾ അദ്ദേഹത്തിന്റെ മന്ദിരത്തിൽ ഉണ്ടായിരുന്നു. തണുപ്പുകാലം. മരംകോച്ചുന്ന മഞ്ഞ്. ആ ഭവനത്തിലെ കുട്ടികൾക്കു പുതപ്പുണ്ടായിരുന്നില്ല. ഈ ഓർമ്മ അദ്ദേഹത്തെ വേദനിപ്പിച്ചു. ലണ്ടനിലെ ഒരു തെരുവീഥിയിലൂടെ നടന്നുപോകുമ്പോൾ ഒരു ജവു

ളിക്കടയിൽ കമ്പിളിപ്പുതപ്പുകൾ അടുക്കിവച്ചിരിക്കുന്നത് അദ്ദേഹം കണ്ടു. 'കമ്പിളിപ്പുതപ്പ് പകുതി വിലയ്ക്ക്' എന്നൊരു ബോർഡും വച്ചിരുന്നു.

ജവുളിക്കടയിലെ പുതപ്പുകൾ കണ്ടപ്പോൾ ബർണാർഡോ ആശിച്ചു; 'ഇവ എൻെറ കുട്ടികൾക്കു കിട്ടിയിരുന്നെങ്കിൽ' എന്ന്.

കമ്പിളിപ്പുതപ്പു നോക്കി നിർന്നിമേഷനായി ഏറെ നേരം അദ്ദേഹം നിന്നു. വാങ്ങാൻ ചില്ലിക്കാശുപോലും കൈവശമില്ല. അക്കാര്യമൊന്നും അദ്ദേഹം ചിന്തിച്ചില്ല. കുട്ടികൾ രാത്രികാലത്ത് തണുപ്പുകൊണ്ട് ക്ലേശിക്കുന്നു. അവർക്ക് കമ്പിളിയുടുപ്പു വേണം. ഈയൊരു കാര്യമേ അപ്പോൾ അദ്ദേഹത്തിൻെറ മനസ്സിൽ ഉണ്ടായിരുന്നുള്ളു.

ഡോ. ബർണാർഡോ കടയിൽക്കയറി മാനേജരോട് അവിടെയുള്ള കമ്പിളിപ്പുതപ്പുകളിൽ 150 എണ്ണം തൻെറ പേർക്ക് പൂവർഹോമിലേയ്ക്ക് കൊടുത്തു വിടണമെന്നു പറഞ്ഞു.

അനാഥാലയത്തിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹം വല്ലാതെ പരിഭ്രമിച്ചു. പിറേറന്ന് 150 കമ്പിളിപ്പുതപ്പുമായി ആൾക്കാർ വരും. അവർക്കു പണം കൊടുക്കണം. 150 പവനാണ് ഉടൻ ഉണ്ടാകേണ്ടത്. പുതപ്പു വേണ്ടെന്നു പറഞ്ഞാൽ വഞ്ചനയാകും. കയ്യിൽ ഒററ ചില്ലിപോലുമില്ല. ബർണാർഡോയുടെ മനസ്സ് ഉരുകുകയായിരുന്നു.

'ദൈവമേ! എൻെറ കുഞ്ഞുങ്ങളെ രക്ഷിക്കേണമേ. എൻെറ അഭിമാനം സംരക്ഷിക്കണമേ' എന്ന് അദ്ദേഹം ഹൃദയംനൊന്തു പ്രാർത്ഥിച്ചു. അനാഥാലയത്തിലെ കുട്ടികളോടും ഈ കാര്യസാദ്ധ്യത്തിനായി

പ്രാർത്ഥിക്കണമെന്ന് അറിയിച്ചു. കുട്ടികളെല്ലാം പ്രാർത്ഥിച്ചു. ആ രാത്രി അവരെല്ലാം ദീർഘനേരം ഒരുമിച്ചു പ്രാർത്ഥിച്ചു.

പിറേറ പ്രഭാതത്തിൽ ദൈവത്തിൽ മുഴുവൻ ശരണവും അർപ്പിച്ചു കഴിഞ്ഞുകൂടി. തപാൽ വന്നു. ഡോക്ടർ ബർണാർഡോ തനിക്കുള്ള കത്തുകൾ ഓരോന്നായി പൊട്ടിച്ചു വായിച്ചു. അതാ ഒരു കത്ത്. 150 പവൻെറ ഒരു ചെക്കും. ഒരു നല്ല മനുഷ്യൻ കരുണ തോന്നി അനാഥാലയത്തിലെ കുഞ്ഞുങ്ങൾക്കുവേണ്ടി അയച്ചതാണ്.

സന്തോഷാശ്രുക്കൾ ഡോക്ടർ ബർണാർഡോവിൻെറ നയനങ്ങളിൽ നിറഞ്ഞു.

ഡോ. ബർണാർഡോ പറഞ്ഞു:

''കുഞ്ഞുങ്ങളേ ദൈവം നമ്മുടെ പ്രാർത്ഥന കേട്ടു. നമ്മേ അവിടുന്നു കൈവെടിഞ്ഞില്ല.''

കുട്ടികളും ഏറെ സന്തോഷിച്ചു. അവരുടെ ആഹ്ലാദപ്രകടനത്തിനിടയിൽ 150 കമ്പിളിപ്പുതപ്പുകളുമായി ആളുകൾ വന്നു. ദൈവം ചെയ്ത അനുഗ്രഹത്തിന് ബർണാർഡോയും കുട്ടികളും കൃതജ്ഞത പ്രകാശിപ്പിച്ചു. ഇത്തരം അനേകം സംഭവങ്ങൾ ഡോ. ബർണാർഡോയുടെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്.

ചോദിക്കുവിൻ നിങ്ങൾക്കു കിട്ടും, അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ നിങ്ങൾക്കു തുറന്നുകിട്ടും, എന്തെന്നാൽ ചോദിക്കുന്നവനു കിട്ടുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു, മുട്ടുന്നവന് വാതിൽ തുറന്നു കിട്ടുകയും ചെയ്യുന്നു.

(മത്താ. 7:7–8)

## ഇരുപത്

# വത്സലപിതാവിൻെറ സ്നേഹം നുകരുക

പിതാവിനോടു പിണങ്ങിപ്പിരിഞ്ഞ ധൂർത്തപുത്രൻെറ കഥ യേശു പൈതൃകസ്നേഹത്തിൻെറ മാററ് വ്യക്തമാക്കുന്ന വേളയിൽ എടുത്ത് കാട്ടുന്നുണ്ട്. യേശു നൽകുന്ന ഉപമയിലെ കരുണാനിധിയായ പിതാവ് ദൈവത്തിൻെറ പ്രതീകമാണ്. ഔദാര്യത്തിൻെറ പരമോന്നത രൂപമാണ് ഈശ്വരൻ. നമുക്കു പരിചിതമായ ഒരു പ്രതീകം-പിതാവിൻെറ രൂപം-അവതരിപ്പിക്കുന്നു. തനിക്ക് അവകാശപ്പെട്ടതു മുഴുവൻ പിടിച്ചുവാങ്ങി താറുമാറാക്കിയ ധൂർത്തപുത്രന് ധിക്കാരത്തിന് യുക്തമായ ശിക്ഷ കൊടുക്കേണ്ടതാണ്. പക്ഷേ, അവനെ പ്രതീക്ഷിച്ചുകാത്തിരിക്കുന്ന, അകലെ നിന്നുകണ്ടപ്പോഴെ ഓടിയെത്തി ആശ്ലേഷിക്കുന്ന സ്നേഹധനനായ പിതാവിനെയാണ് യേശു അവതരിപ്പിക്കുന്നത്. ദൈവപിതാവിൻെറ സ്നേഹമാധുര്യത്തിൻെറ ഒരു അംശംപോലും അവിടെയും സങ്കല്പിക്കാനാവില്ല. എങ്കിലും മനുഷ്യന് മനസിലാകുന്ന രീതിയിൽ യേശു ആ പ്രമേയം നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ട്, സ്നേഹനിർഭരനായ പിതാവിൻെറ ചിത്രത്തിലൂടെ.

ഈശ്വരനെ സ്നേഹം നിറഞ്ഞ പിതാവായി കണ്ടെത്തുന്നവന് അവിടുന്ന് തികച്ചും പിതാവായിരിക്കും. അവൻെറ ഏതാവശ്യത്തിലും സഹായമരുളുന്ന വാത്സല്യനിധിയായ താതനായി ഈശ്വരനെ അവന് ബോധ്യമാവുകയും ചെയ്യും.

അടുത്തകാലത്ത് മലയാളത്തിലെ ഒരു മനശ്ശാസ്ത്രമാസികയിൽ (കുടുംബ ജീവിതം 1980 മെയ്) ഒരു പംക്തിയുണ്ടായിരുന്നു. ഈശ്വരൻ എൻെറ ജീവിതത്തിൽ എന്നതായിരുന്നു പംക്തിയുടെ വിഷയം. പ്രസ്തുത പംക്തിയിൽ ഐ. എ. എസ് കാരനായ ഒരു ഉദ്യോഗസ്ഥൻ (മി. സി. പി. നായർ) സ്വന്തം അനുഭവം എഴുതുകയുണ്ടായി. അദ്ദേഹം പഠിച്ച മാവേലിക്കര ബിഷപ് മൂർ ഹൈസ്ക്കൂളിൻെറ പ്രധാനകെട്ടിടത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ശിലാഫലക വാക്യം അനുസ്മരിച്ചുകൊണ്ടാണ് ലേഖനം തുടങ്ങിയത്.

''ഈശ്വരഭക്തി ജ്ഞാനത്തിൻെറ ആരംഭമാകുന്നു'' എന്നത്രേ സാരഗർഭമായ ആ വാക്യം. സോളമൻ ചക്രവർത്തിയുടെ സൂക്തങ്ങളിൽ ഒന്ന് എന്നല്ലാതെ സ്ക്കൂളിൽ പഠിച്ചിരുന്ന കാലത്ത് ആ വാക്യത്തിൻെറ അർത്ഥവൈപുല്യത്തെപ്പററി എനിക്ക് വിശാലമായ അവബോധം ഉണ്ടായിരുന്നില്ല. എങ്കിലും വിദ്യാർത്ഥി ജീവിതത്തിൻെറ പരമമായ ലക്ഷ്യം എന്നു ഞാൻ കരുതിപ്പോന്ന വിജ്ഞാനസമ്പാദനം സാധിക്കുന്നതിന് ഈശ്വരഭക്തി അവശ്യഘടകമാണെന്ന വിശ്വാസം അന്നു മുതൽതന്നെ എൻെറ മനസ്സിൽ വേരുറച്ചു.''

ലേഖനത്തിൻെറ മറെറാരുഭാഗത്ത് അദ്ദേഹം എഴുതുന്നു: ''മനശ്ശാസ്ത്രപരമായ സഹായം കൊ

ണ്ടുമാത്രം പരിഹരിയ്ക്കാവുന്നവയല്ല ആധുനിക മനുഷ്യൻെറ വിപുലവും വിഭിന്നങ്ങളുമായ മാനസിക പ്രശ്നങ്ങൾ. സംഘടിത മതം, മതാനുഷ്ഠാനങ്ങൾ, ഈശ്വരൻ എന്ന സങ്കല്പം ഇവയൊക്കെ ശക്തിയായെതിർക്കുന്നവർപോലും സമ്മതിക്കുന്ന ഒരു വസ്തുതയുണ്ട്; ഏകനായി, അനന്യശരണനായി ഒരു വ്യക്തിയ്ക്ക് അയാളെ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുവാൻ പലപ്പോഴും സാധിക്കുന്നില്ല എന്നത്. ഈശ്വരനെന്ന സങ്കല്പം ഓരോവ്യക്തിയുടെയും ജീവിതപശ്ചാത്തലം, അഭിരുചി, വിശ്വാസപ്രമാണങ്ങൾ എന്നിവയൊക്കെയനുസരിച്ച് വിഭിന്നമായേക്കാം. പക്ഷേ, പ്രപഞ്ചം എന്ന ഈ മഹാദ്ഭുതത്തിൻെറ പ്രഭവസ്ഥാനവും അതിൽ അനുനിമിഷമുള്ള പരിവർത്തനങ്ങളുടെ കാരണവുമായ ഒരു ശക്തിയുണ്ടെന്നു സമ്മതിക്കുവാൻ വളരെപ്പേർ തയ്യാറാകുമെന്നാണെൻെറ വിശ്വാസം. ഒരു പുൽക്കൊടി വിടർത്തുന്നതും, ഒരു മഴത്തുള്ളി പൊഴിക്കുന്നതും മുതൽ സാമ്രാജ്യങ്ങൾ തകർന്നുവീഴുന്നതും സംസ്ക്കാരങ്ങൾ മണ്ണടിഞ്ഞു പോകുന്നതും ജ്ഞാനദൃഷ്ടികളായ മഹാപുരുഷന്മാർക്കു മാത്രം ഭാഗികമായിട്ടെങ്കിലും അറിയാൻ കഴിഞ്ഞിട്ടുള്ള ഏതോ ശക്തിവിശേഷം മൂലമാണെന്ന, യുഗാന്തരങ്ങളായി നിലനില്ക്കുന്ന വിശ്വാസത്തിൽ ഒരു യുക്തിഹീനതയും ഞാൻ കാണുന്നില്ല.'

''...പരീക്ഷണ ഘട്ടങ്ങൾ നേരിടുമ്പോഴൊക്കെ എന്നെക്കാൾ വലിയ, എൻെറ സങ്കല്പങ്ങൾക്കു പോലും അതീതമായ ശക്തി എനിക്കു ശരണമായി ഉണ്ടെന്നും, വിപദ്ഘട്ടങ്ങളിൽ ആ ശക്തി എനിക്കു പൂർണ്ണമായ പരിരക്ഷണം നൽകുമെന്നുമുള്ള

വിശ്വാസം എനിയ്ക്കാശ്വാസമേകിയിട്ടുണ്ട്. മനസ്സിലെ പിരിമുറുക്കങ്ങൾ ലഘൂകരിക്കുന്നതിന് പ്രാർത്ഥനയ്ക്കുള്ള പ്രാധാന്യം ഞാൻ പൂർണ്ണമായും അംഗീകരിക്കും. നമ്മുടെ ദുഃഖങ്ങൾ മററൊരാളോടു പങ്കിട്ടുകഴിയുമ്പോൾ അവ ലഘൂകരിക്കപ്പെടുമെന്നത് അനുഭവസിദ്ധമായ പരമാർത്ഥമാണ്''.

ജീവിത പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പ്രാർത്ഥനപോലെ അനുഭവസിദ്ധിയുള്ള ഔഷധം വേറെയില്ല. പിതാവിനോടൊത്ത് വാത്സല്യാതിരേകത്തിൽ മുങ്ങിക്കഴിയുന്ന ഒരു ബാലനും, ആരുമോരുമില്ലാത്ത അനാഥബാലനും തമ്മിലുള്ള വ്യത്യാസം ഈശ്വരവിശ്വാസിക്കും നിരീശ്വരനും തമ്മിലുണ്ടാകും.

ഒരു സംഭവം കുറിയ്ക്കട്ടെ. ഒരു അനാഥബാലനു സ്കൂളിൽനിന്നു ഫുട്ബോൾ മത്സരത്തിൽ സമ്മാനം ലഭിച്ചു. വെള്ളിക്കപ്പും സർട്ടിഫിക്കററുമാണ് സമ്മാനം.

ആ ബാലൻ ഒരു അനാഥമന്ദിരത്തിലെ അന്തേവാസിയാണ്. അവിടെ താമസിച്ചുകൊണ്ട് സ്കൂളിൽ പോവുകയാണ് ചെയ്യുന്നത്. സമ്മാനം കിട്ടിയപ്പോൾ അവന് അതിയായ സന്തോഷമുണ്ടായി. പക്ഷേ, അനാഥമന്ദിരത്തിലേയ്ക്കു സ്കൂളിൽനിന്നു തിരിച്ചുപോരുമ്പോൾ അവൻെറ മുഖം വാടിയിരുന്നു. തനിക്കുകിട്ടിയ സമ്മാനം പുറത്തെങ്ങും അറിയിക്കാതെ സ്വന്തം പെട്ടിയിൽവച്ച് അവൻ പൂട്ടി.

അന്നുരാത്രി അവൻ ഓരോന്നു ചിന്തിച്ചുകൊണ്ടു കിടന്നു. ഫുട്ബോൾ മത്സരത്തിൽ പങ്കെടുത്ത മററു കുട്ടികളുമുണ്ട്. പക്ഷേ, അവരൊന്നും അനാ

ഥരല്ല. മാതാപിതാക്കളോടൊത്ത് ആ മത്സരത്തിലെ ജേതാക്കരം കഴിയുകയാവും. അച്ഛനമ്മമാർ അവരെ ആശ്ലേഷിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നുണ്ടായിരിക്കും. ആ കുട്ടികളുടെയൊക്കെ ഹൃദയം ആനന്ദനിർഭരമായിരിക്കും. അവരുടെയെല്ലാം ക്യാപ്ററനായിക്കളിച്ച തനിക്കുമാത്രം സന്തോഷമില്ല. കളിക്കളത്തിലെ കാര്യങ്ങരം കേരംക്കാനും തന്നെ അനുമോദിക്കാനും ആരുമില്ല. ഓർമ്മകരം അവൻെറ മനസ്സിൽ വേദനകളായി വടുകെട്ടിനിന്നു. കവിളിണ നനഞ്ഞു.

ആ ബാലൻ സാവധാനം എണീററ് താൻ അഭിമാനത്തിൻെറ പ്രതീകമായി സൂക്ഷിച്ചുവച്ച കപ്പ് എടുത്തു. അവൻ അനാഥാലയത്തിൻെറ ടെറസിൽക്കയറി ആ കപ്പ് ദൂരേയ്ക്കു വലിച്ചെറിഞ്ഞു. വലിയ ശബ്ദത്തോടെ അത് ഇരുട്ടിൽ എവിടെയോ വീണു.

ഓർഫനേജ് റെക്ടർ ശബ്ദം കേട്ട് ടെറസിൽ കയറിനോക്കി. കണ്ണീരൊഴുക്കി നില്ക്കുന്ന ബാലനെ ക്കണ്ടു. കാര്യങ്ങളന്വേഷിച്ചു. ഉതിരുന്ന ബാഷ്പകണങ്ങളോടെ ആ ബാലൻ തൻെറ ഹൃദയവേദന അദ്ദേഹത്തിൻെറ മുമ്പിൽ തുറന്നുകാട്ടി.

ഈ കഥകേട്ട് ആർദ്രഹൃദയനായ ഓർഫനേജ് റെക്ടർ പറഞ്ഞു: ''കുഞ്ഞേ, നിനക്കു മാതാപിതാക്കളില്ല എന്നോർത്തു നീ ഒട്ടും വിഷാദിക്കേണ്ട. നിൻെറ അച്ഛൻെറയും അമ്മയുടെയും സ്ഥാനത്തു ഞാനുണ്ട്.'' അദ്ദേഹം ആ ബാലനെ ആലിംഗനം ചെയ്തപ്പോരം അവൻെറ ചുടുകണ്ണീർ ഹർഷബാഷ്പമായി മാറി.

നിരീശ്വരൻ അനാഥനാണ്. ഈശ്വരവിശ്വാസി ഈശ്വരനേ പിതാവും സ്നേഹിതനും ആയിക്കാണു

ന്നു. അയാാം സദാ പറയും: 'എൻെറ ദൈവം എൻെറ നല്ല പിതാവാണ്. അവിടുന്നാണെൻെറ ശക്തികേന്ദ്രം. അവിടുന്ന് എന്നോടുകൂടി ഉള്ളതിനാൽ ഞാൻ യാതൊന്നിനേയും ഭയപ്പെടുകയില്ല' എന്ന്.

ഈശ്വരവിശ്വാസിക്ക് ആനന്ദം ഉണ്ടാകുമ്പോാം അത് ദ്വിഗുണീഭവിക്കുന്നതായിത്തോന്നും. ദൈവത്തെ തള്ളിപ്പറയുന്നവന് ആ സന്തോഷമോ, മാധുര്യമോ അനുഭവിക്കാൻ കഴിയുകയില്ല.

നിരീശ്വരവാദിയ്ക്ക് ഹൃദയം ശൂന്യമായിട്ടേ അനുഭവപ്പെടുകയുള്ളു. അനാഥബാലൻെറ മാനസികനിലയായിരിയ്ക്കും അവൻേറത്. വിജയങ്ങളിൽ തന്നെ അനുമോദിക്കാനോ സ്നേഹം പങ്കു വയ്ക്കാനോ ആരുമില്ലാത്ത—സ്നേഹവാത്സല്യങ്ങാംകൊണ്ട് വീർപ്പുമുട്ടിയ്ക്കുന്ന മാതാപിതാക്കളില്ലാത്ത— ഒരു കുട്ടിയുടെ അനുഭവമായിരിക്കും ഈശ്വരകാരുണ്യത്തെ അവമതിയ്ക്കുന്നവനുണ്ടാവുക.

ശ്വേതാശ്വതര ഉപനിഷത്തിൽ ഇങ്ങനെ പറയുന്നു: 'എള്ളിൽ എണ്ണ പോലെയും തൈരിൽ വെണ്ണ പോലെയും നീരുറവയിൽ നീർത്തുള്ളി പോലെയും അരണികളിൽ അഗ്നിപോലെയും അന്തരാത്മാവിൽ ഈശ്വരൻ കുടികൊള്ളുന്നു. ഈശ്വരനെ കണ്ടെത്തുവാൻ മനുഷ്യനു കഴിയും. യഥാർത്ഥമായ പ്രാർത്ഥന (തപസ്സ്) വഴി പരമാത്മാവിനെ ദർശിക്കുന്നവനാണ് ഈശ്വരനെ പ്രാപിക്കുന്നത

(അദ്ധ്യായം 1 ശ്ലോകം 1൬).

## ഇരുപത്തിയൊന്ന്

# മതം ജീവിതത്തിൽ ആവശ്യമോ?

സ്വാതന്ത്ര്യം ഇഷ്ടപ്പെടുന്നവരാണ് മനുഷ്യരെല്ലാം. നിയമങ്ങൾ അനുസരിക്കാൻ പലരും തയ്യാറാകാത്തതിന്റെ കാരണംതന്നെ സ്വാതന്ത്ര്യം നഷ്ടപ്പെടുമോ എന്ന ഭയമാണ്. മതവിശ്വാസം പുലർത്തുന്നയാളിന് മതത്തിന്റെ നിയമങ്ങൾ അനുസരിക്കേണ്ടതുണ്ട്. അതുകൊണ്ട് മതത്തിലും ഈശ്വരനിലും വിശ്വാസമില്ല എന്നു പ്രഖ്യാപിച്ചാൽ കൂടുതൽ സ്വാതന്ത്ര്യം ജീവിതത്തിൽ ഉണ്ടാകും ഈ ചിന്തയാണ് പലർക്കും മതത്തോട് നിഷേധാത്മകമായ ആഭിമുഖ്യം ഉണ്ടാക്കുവാൻ കാരണം.

ജീവിതത്തിൽ മതത്തിനും മതനിയമങ്ങൾക്കും പ്രസക്തിയുണ്ടോ? ഈശ്വരവിശ്വാസംകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ? എന്നെല്ലാമുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയാതെ, അവയൊന്നും എനിക്കറിയില്ല, ''ഉണ്ടായിരിക്കാം ഇല്ലായിരിക്കാം കണ്ടിട്ടുള്ളവരില്ലല്ലോ..'' എന്ന രീതിയിൽ ഒഴിഞ്ഞു മാറുവാൻ ഈ നൂററാണ്ടിൽ പലരും ശ്രമിക്കുന്നു.

മനുഷ്യൻെറ യഥാർത്ഥ സുഖം ഭൗതികതൃഷ്ണയ്ക്കു ശമനം കാണുന്നതിലല്ല. ഒരു സാമ്പത്തിക ചിന്താപദ്ധതിക്ക് രൂപംകൊടുത്ത കാറൽ മാർക്സ് മതത്തെ ജീവിതത്തിൽ നിന്ന് മാററി നിർത്തുകയാണ് ചെയ്തത്. ഭൗതികതയ്ക്കു മാത്രമേ മാർക്സിൻെറ തത്വചിന്തയിൽ പ്രസക്തിയുള്ളു.

കാറൽ മാർക്സിൻെറ മാതാവ് 1863 ഡിസംബർ 2ന് മരണമടഞ്ഞു. അതിനെക്കുറിച്ച് മാർക്സ്. എംഗൽസിനെഴുതി: ''പ്രിയ എംഗൽസ്, രണ്ടു മണിക്കൂർ മുമ്പ് എൻെറ അമ്മ മരിച്ചുവെന്ന് ടെലിഗ്രാം കിട്ടി. ഞങ്ങളുടെ വീട്ടിൽ ഒരാളുടെ തിരോധാനം വിധി വരുത്തിവച്ചു. അല്ലാതെന്തു പറയണം. ഈ സാഹചര്യത്തിൽ അമ്മയുടെ മരണത്തേക്കാൾ വിലപ്പെട്ടത് എൻെറ സ്വന്തം കാര്യങ്ങളാണ്.''

മതത്തിനും ഈശ്വരനും പ്രവേശനം നിഷേധിച്ച മാർക്സിൻെറ കുടുംബവും ഇരുളുനിറഞ്ഞതായിരുന്നു. ലോകത്തിന് പറുദീസാ വാഗ്ദാനം ചെയ്ത അദ്ദേഹത്തിന് സ്വന്തം കുട്ടികൾക്ക് പ്രത്യാശയുടെ ഒരു കിരണമെങ്കിലും കൊടുക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തിൻെറ പുത്രി ലെയോനോർ 1898 ൽ ലണ്ടനിൽ വച്ച് ആത്മഹത്യ ചെയ്തു. മററൊരു പുത്രി പ്രസിദ്ധ സോഷ്യലിസ്ററായിരുന്ന ല ഫാർഗിനെ വിവാഹം ചെയ്തു. ഭർത്താവും ഭാര്യയും 1911 നവ. 11ന് ഒരുമിച്ച് ആത്മഹത്യ ചെയ്തു.

ദൈവത്തെ നിഷേധിക്കയും ഭ്രാന്തനായ ഒരു കഥാപാത്രത്തെക്കൊണ്ട് ദൈവത്തെ കൊന്ന് ശവപ്പെട്ടിയിലാക്കി അവസാനത്തെ ആണിയും അടിച്ചുവെന്ന് പ്രഖ്യാപിക്കുകയും ചെയ്യുവാൻ നീഷേ തയ്യാറായി.

ആ നീഷേ തന്നെ മുഴുഭ്രാന്താനായി പതിനൊന്നു വർഷം ഇരുമ്പു ചങ്ങലയിൽക്കിടന്നതിനു ശേഷമാണ് നിരാശനായി മരിച്ചത്.

അർത്ഥശൂന്യതയും ദൈവനിഷേധവും തത്വശാസ്ത്രത്തിലൂടെ ലോകത്തിനു നൽകിയ ഷോപ്പൻഹോവർ മരണാസന്നനായി കിടക്കുകയായിരുന്നു. ഭയങ്കര വേദനകൊണ്ട് പുളഞ്ഞ അദ്ദേഹം ''ദൈവമേ'' എന്ന് അലറി വിളിച്ചുകൊണ്ടിരുന്നു. അടുത്തു നിന്നവർ ചോദിച്ചു: ജീവിതകാലം മുഴുവൻ ദൈവത്തിനെതിരായി എഴുതിയ നിങ്ങൾ എന്തുകൊണ്ടാണ് ദൈവത്തെ വിളിച്ചു കരയുന്നത്? ഷോപ്പൻഹോവർ പറഞ്ഞു: ''ഞാൻ വായിച്ചറിഞ്ഞതും എഴുതിയതുമായ തത്വശാസ്ത്രങ്ങൾക്കൊന്നും ഇപ്പോഴുള്ള വേദനയിൽ നിന്ന് എനിക്ക് തെല്ലും ആശ്വാസം തരാൻ കഴിയില്ല. 'ദൈവമേ' എന്നു വിളിക്കുമ്പോൾ മാത്രമാണ് അൽപ്പം ആശ്വാസം കിട്ടുന്നത്.''

ദൈവത്തെ ജീവിതത്തിൽനിന്ന് മാററിനിറുത്താൻ ശ്രമിക്കുമ്പോൾ നാം നമ്മുടെ ജീവിതത്തിൻെറതന്നെ അടിത്തറ മാന്തുകയാണ്. പ്രസിദ്ധ നിരീശ്വരചിന്തകനായ വോൾട്ടയർ സുഹൃത്തുക്കളായ ദിദരോയേയും ദ് ആലംബെർട്ടിനേയും ഒരു ഡിന്നറിന് ക്ഷണിച്ചു. വിരുന്നിനിടയിൽ നിരീശ്വര തത്വങ്ങൾ ചർച്ച ചെയ്യുന്ന സ്നേഹിതരോട് വോൾട്ടയർ പറഞ്ഞു: ''ഈ വക കാര്യങ്ങൾ നമുക്കിവിടെവച്ചു സംസാരിക്കേണ്ട.''

''എന്താണ് കുഴപ്പം?'' സ്നേഹിതർ ചോദിച്ചു. വോൾട്ടയർ പറഞ്ഞു: ''ഇക്കാര്യങ്ങൾ നിങ്ങൾ ഇവിടെ വച്ചു സംസാരിച്ചാൽ അത് എൻെറ വേലക്കാർ കേൾക്കും. അതനുസരിച്ച് അവരുടെ ജീവിതത്തിൽ വ്യതി

യാനമുണ്ടാകും. ഞാൻ പറയുന്നത് അവർ അനുസരിക്കുകയില്ല. എന്നുതന്നെയല്ല നമ്മാംക്കെല്ലാം പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ടാക്കും.''

ഡോസ്റേറായെവിസ്കി എന്ന റഷ്യൻ സാഹിത്യകാരൻ തൻെറ കഥാപാത്രത്തിലൂടെ ഒരിടത്തു പറയുന്നുണ്ട്: ''ദൈവം ഇല്ല എന്നുണ്ടെങ്കിൽ ലോകത്തിൽ ഏതു തിന്മയും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്'' എന്ന്. തിന്മ പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം യഥാർത്ഥ സ്വാതന്ത്ര്യമാണോ എന്നതാണ് നാം തീരുമാനിക്കേണ്ട പ്രശ്നം. ദൈവത്തേയും മതത്തേയും മാററിനിറുത്തി ജീവിതത്തിൽ സ്വാതന്ത്ര്യവും സുഖവും കണ്ടെത്തുവാൻ സാദ്ധ്യമല്ല. നിരാശതയും ഉദ്ക്കണ്ഠയുമായിരിക്കും അപ്പോാം ലഭിക്കുക. പാപത്തിൻെറ ശമ്പളം ദുഃഖവും മരണവുമാണല്ലോ.

വി. പൗലോസിൻെറ വാക്കുകാം നമുക്കു ആദർശമായിരിക്കട്ടെ. ''ദൈവം നമുക്കു സമീപസ്ഥനായിരിക്കുന്നു. ഒന്നിനെക്കുറിച്ചും ഉത്ക്കണ്ഠാകുലരാകേണ്ട. പ്രത്യുത, എല്ലാ അവസരത്തിലും കൃതജ്ഞതാനിർഭരമായ പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ യാചനകാം ദൈവസന്നിധിയിൽ അർപ്പിക്കുവിൻ അപ്പോാം സകല അറിവിനും അതീതമായ ദൈവത്തിൻെറ സമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും ചിന്തകളേയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും (ഫിലിപ്പിയർ 4: 5–7).

## ഇരുപത്തിരണ്ട്

# പ്രസാദാത്മകമായ മനസ്സ്

ഭൂമിയിലെ സഞ്ചാരത്തിനിടയിൽ ഒരു ദുർഗ്ഗമ വനത്തിലൂടെ നാരദൻ നടക്കുകയായിരുന്നു. അവിടെ വസുശ്രുതനെന്ന ഒരു മുനി ഉഗ്രതപസ്സു നടത്തുന്നു. യമ-നിയമ-ആസന-പ്രാണായാമ-പ്രത്യാഹാര-ധാരണാദി സാധനകരംവഴി ഇന്ദ്രിയനിഗ്രഹം സാധിച്ച മഹാമുനിയാണ് വസുശ്രുതൻ. തപസ്സിൻെറ ലക്ഷ്യം ജീവൻമുക്തി ലഭിക്കുകയാണ്. അദ്ദേഹത്തിൻെറ ഭൗതികദേഹം വള്ളിപ്പടർപ്പുകൊണ്ട് വലയം ചെയ്തിരുന്നു. ചുററും ചിതൽപ്പുററ് വളർന്നു നിന്നു.

വസുശ്രുതൻ നാരദൻെറ സാന്നിദ്ധ്യം അന്തർനേത്രം കൊണ്ടറിഞ്ഞു. അദ്ദേഹമാരാഞ്ഞു: 'നാരദ മഹർഷേ, അങ്ങ് എവിടേക്കു പോകുന്നു?'

''ഈശ്വരസന്നിധിയിലേക്ക്'' നാരദൻ മൊഴിഞ്ഞു.

''എങ്കിൽ എനിക്കെപ്പോഴാണ് മുക്തി ലഭിക്കുന്നതെന്ന് ഭഗവാനോടു ചോദിച്ചുവരുമോ?''

നാരദൻ സമ്മതിച്ചു.

മഹർഷി പ്രയാണം തുടർന്നു. കുറെ ചെന്നപ്പോഠം മററൊരാളെ കണ്ടുമുട്ടി. അയാളുടെ പേരു ശ്രുതകീർത്തി, അയാഠം ധ്യാനനിരതനല്ല. ദിനകർമ്മങ്ങഠം എല്ലാം ചെയ്യുന്നതിനിടയ്ക്ക് ഈശ്വരസ്തോത്രങ്ങഠം ആലപിക്കുന്നുണ്ട്.

ശ്രുതകീർത്തിയും നാരദനോട് ഇങ്ങനെ പറഞ്ഞു: ''ഈശ്വരനോട് ഒന്നു ദയവായി ചോദിക്കണേ എനിക്ക് എപ്പോഠം മോക്ഷം കിട്ടുമെന്ന്.''

''ചോദിക്കാം'' നാരദൻ നടന്നു മറഞ്ഞു.

കാലം ഏറെക്കഴിഞ്ഞു. നാരദൻ പഴയ കാനനത്തിൽ വീണ്ടുമെത്തി. വസുശ്രുതൻ ചോദിച്ചു.

ഭഗവാൻ എന്താണ് അരുളിയത്, എന്നാണെനിക്കു മോക്ഷം കിട്ടുക?

നിങ്ങഠം നാലു ജന്മംകൂടി തപസ്സു ചെയ്തു കഴിഞ്ഞാൽ മോക്ഷം കിട്ടും. ഇതാണ് ഭഗവാൻ മൊഴിഞ്ഞത്. ''കഷ്ടം! നാലു ജന്മമോ. ഞാൻ എത്രയോ കാലമായി ഏകാന്തതപസ്സു ചെയ്യുന്നു. ഇനിയും നാലു ജന്മം പോലും.'' വസുശ്രുതന് ദുഃഖവും കോപവും തോന്നി.

ശ്രുതകീർത്തിയേയും നാരദൻ കണ്ടു. അയാഠം ചോദിച്ചു: നാരദമുനേ എൻെറ കാര്യം എന്തായി? ഈശ്വരൻ എന്തു കല്പിച്ചു?

ഒരു പുളിമരം ചൂണ്ടിക്കാണിച്ച് നാരദൻ പറഞ്ഞു: ''ആ പുളിമരത്തിൻെറ ഇലകഠം എണ്ണിനോക്കുക. അവ എത്രയുണ്ടോ അത്രജന്മംകൂടി കഴിഞ്ഞാൽ നിങ്ങഠംക്ക് മോക്ഷം കിട്ടും.''

''സാരമില്ല. വളരെ സന്തോഷം. ഇത്ര കുറഞ്ഞ കാലംകൊണ്ട് ഞാൻ ജീവൻമുക്തനാകുമല്ലോ.'' ഇത്രയും പറഞ്ഞ് ശ്രുതകീർത്തി കൃതജ്ഞതയുടെ ഈശ്വരസ്തോത്രങ്ങൾ സന്തോഷപൂർവ്വം ആലപിച്ചു തുടങ്ങി.

പെട്ടെന്നു ഒരു അശരീരി മുഴങ്ങി. കുഞ്ഞേ, ശ്രുതകീർത്തീ, നിനക്കിപ്പോൾത്തന്നെ മോക്ഷം ലഭിക്കും.

ഈ പുരാണകഥ ഒരു യാഥാർത്ഥ്യം വ്യക്തമാക്കുന്നുണ്ട്. നമ്മുടെ അനുഷ്ഠാനങ്ങളേക്കാൾ ഈശ്വരൻ വിലമതിക്കുന്നത് മനസ്സാണ്. ജീവിതത്തെ പ്രസാദമധുരമായി വീക്ഷിക്കാനാവും, അതുപോലെതന്നെ ദുർഭരവും വിഷാദപൂർണ്ണവുമായ ജീവിതം പ്രസാദപൂർണ്ണമായിക്കാണുന്നവർക്ക് ഈ ലോകത്തുതന്നെ സ്വർഗ്ഗത്തിൻെറ അനുഭൂതി കണ്ടെത്താൻ കഴിയും.

ജീവിതത്തിൽ കഷ്ടപ്പാടുകളുടെ ദുസ്സഹനിമിഷങ്ങൾ ഉണ്ടായെന്ന് വരാം. അവമൂലം നിരാശരും ദുഃഖിതരുമാകാതെ പ്രത്യാശാഭരിതരായി പ്രസാദാത്മകരായി നിലകൊള്ളാൻ ശ്രമിക്കണം. അങ്ങനെയുള്ളവരുടെ മനസ്സ് അജയ്യമായിരിക്കും. ഏതു ദുഃഖവും സന്തോഷമായി പകർത്തുവാൻ അവർക്കു കഴിയും.

റോസച്ചെടിയിൽ നിറയെ മുള്ളുകളാണ്. സാധാരണഗതിയിൽ മനുഷ്യരോ മററു ജീവികളോ അതിൻെറ സമീപത്തു ചെല്ലാൻ മടിക്കും. മുററത്ത് എന്നല്ല പുരയിടത്തിൽ പോലും വളരുന്നതു കണ്ടാൽ അതു

വെട്ടി തീയിലിടാൻ ശ്രമിക്കേണ്ടതാണ്. പക്ഷേ, മറിച്ചല്ലേ സംഭവിക്കുന്നത്? മനുഷ്യൻ പനിനീർച്ചെടി മുററത്ത് വളർത്തുന്നു. കുഞ്ഞുങ്ങളും ശലഭങ്ങളും പ്രഭാതത്തിൽ പനിനീർച്ചെടിയുടെ അടുത്തേക്കു പായുന്നു. എന്താണ് നമ്മെ ആ ചെടിയിലേക്കാകർഷിക്കുന്നത്? അതിൽ വിരിഞ്ഞു വരുന്ന പൂക്കൾ. ഉഷസ്സിൽ ചെഞ്ചുണ്ടു വിടർത്തി പുഞ്ചിരി തൂകി നിൽക്കുന്ന പനിനീർസുമങ്ങൾ. മനോഹരമായ ആ പൂക്കൾക്ക് ചെടിയുടെ ദുഃഖവും കുറവുകളും ഇല്ലാതാക്കാൻ കഴിയുന്നു.

സാഹചര്യങ്ങളെ പഴിച്ച് നിരാശാഭരിതരാകാതെ പ്രത്യാശയും പ്രയത്നവും പരിമളം ചൊരിയുന്ന സ്നേഹവും കൊണ്ട് നമുക്ക് ജീവിതം നവ്യമാക്കാം. പ്രസാദാത്മകമായ മനസ്സ് ജീവിതം മധുരവും മനോജ്ഞവുമാക്കുന്നു.

## ഇരുപത്തിമൂന്ന്

# എവിടേക്കാണീ യാത്ര?

ജീവിതത്തെ പലതിനോടും ഉപമിച്ചു നാം കേട്ടിട്ടുണ്ട്. അതൊരു ഘോരയുദ്ധമാണെന്നും പ്രക്ഷുബ്ധസാഗരമാണെന്നും മരീചികയാണെന്നും മററും. ഇവയിലെല്ലാം നേരിയ പരമാർത്ഥങ്ങളുണ്ട്. എന്നാൽ, ജീവിതം ഒരു യാത്രയാണെന്നുള്ള സങ്കല്പം വളരെ അർത്ഥവത്താണെന്നു തോന്നുന്നു. കേവലം പരിമിതമായ ലക്ഷ്യങ്ങളാണ് സാധാരണ യാത്രയിൽ നമുക്കുള്ളത്. എന്നാൽ, ജീവിതയാത്ര അങ്ങനെയല്ല. മഹത്തായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് മനുഷ്യൻ ജീവിതയാത്ര ചെയ്യുന്നത്.

പുതിയൊരു സ്ഥലത്തു കുടിയേറി പാർക്കുകയോ, പുതിയ സ്ഥലം സന്ദർശിക്കുകയോ ചെയ്യുമ്പോഗ നാം ആ സ്ഥലത്തേക്കുറിച്ച് നന്നായി അറിയുവാൻ ആഗ്രഹിക്കുന്നു. ആ യാത്രയിൽ നമുക്കുണ്ടാകുന്ന അപകടങ്ങളും അശ്രീകരങ്ങളും മനസ്സിലാക്കി അവയെ തരണം ചെയ്ത് ലക്ഷ്യം നേടുവാൻ എങ്ങനെ പെരുമാറണമെന്നും മുൻകൂട്ടി നാം നിശ്ചയിക്കും. ഭൗമികമായ ഒരു യാത്രയ്ക്ക് ഇതുപോലുള്ള മുൻകരുതലുകഗ നാം നടത്തുന്നുവെങ്കിൽ നമ്മുടെ

ജീവിതമെന്ന പ്രയാണം എത്രയോ മുൻകരുതലോടെയാണ് നാം നടത്തേണ്ടത്. അജ്ഞാതമായ ജീവിതയാത്രയിൽ ലക്ഷ്യം കണ്ടെത്തുവാൻ നിരന്തരം നമുക്കു ജാഗ്രതയുണ്ടായിരിക്കണം.

ലോകസാധാരണമായ യാത്ര നടത്തുമ്പോൾ നമുക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറെയൊക്കെ മുൻകൂട്ടി കാണാനാവും. നമ്മുടെ പരിചിതരായ അനുഭവസ്ഥരിൽനിന്ന് കുറെയെല്ലാം മനസ്സിലാക്കാം. എന്നാൽ ജീവിതയാത്രയെ സംബന്ധിച്ചു എങ്ങനെയാണ് നാം മനസ്സിലാക്കുക? എവിടെനിന്നാണ് ആ അലൗകികജ്ഞാനം കൈവരിക്കുക?

ജീവിതത്തിൽ നാം നേടേണ്ട മഹത്തായ ലക്ഷ്യം നമുക്കു പകർന്നു തരുന്നത് മതഗ്രന്ഥങ്ങളാണ്. ദൈവദർശനം പ്രാപിച്ച മഹത്തുക്കളുടെ സാക്ഷ്യം ആമുദ്രിതമാക്കി തലമുറകൾക്കു പകർന്നുതന്നിട്ടുള്ളതാണ് മതദർശനഗ്രന്ഥങ്ങൾ. അവ നമുക്ക് ജീവിതയാത്രയിൽ അവലംബം നൽകുന്നു. മഹത്തായ ലക്ഷ്യം നേടുവാൻ മാർഗ്ഗദീപങ്ങളായി വിശുദ്ധഗ്രന്ഥങ്ങൾ പ്രശോഭിക്കുന്നു.

ഈശ്വരൻ എന്ന പരമമായ ലക്ഷ്യം വിസ്മരിച്ച് നാം എത്രതന്നെ അധ്വാനിച്ചാലും വിജയം ഉണ്ടാവുകയില്ല. ക്ലേശപൂർണ്ണമായ വഴിയാത്ര നാം ചെയ്യുന്നു. പക്ഷേ, മുൻപോട്ടോ പിൻപോട്ടോ എവിടേക്കാണെന്നു മനസ്സിലാക്കാനോ യഥാർത്ഥ ലക്ഷ്യത്തിലെത്താനോ സാദ്ധ്യമാകുന്നില്ല.

മത്സരത്തിനായി ദീർഘഓട്ടം നടത്തുമ്പോൾ മത്സരിക്കുന്നവർ ഓട്ടക്കളത്തിന് പല പ്രാവശ്യം പ്രദക്ഷിണം വയ്ക്കുന്നു. അവസാനത്തെ റൗണ്ട് ഓടി ആദ്യമെത്തുന്നയാൾക്ക് തൊടുവാൻ ഒരു ചരടു പിടി

ച്ചിരിക്കും. ചരടു പിടിച്ചിട്ടുള്ളയാൾ ചരടുമായി അപ്രത്യക്ഷനായാലോ? ഓടുന്നവർക്ക് ഒരിക്കലും ചരടിൽ തൊടാൻ കഴിയാതെ, വീണ്ടും വീണ്ടും ഓടി യോടിത്തളർന്ന് അവർ നിലംപതിക്കും. ദൈവം എന്ന പരമമായ ലക്ഷ്യം വിഗണിച്ചുകൊണ്ട് ജീവിതയാത്ര ചെയ്യുന്നവരും ഇപ്രകാരമാണ്. ദൈവം നമ്മിൽ വസിക്കുകയും നമ്മേ നയിക്കുകയും അതുവഴി നമു ക്കു സംതൃപ്തി ലഭിക്കുകയും ചെയ്യുന്നില്ലെങ്കിൽ നമ്മുടെ ക്ലേശങ്ങളും ജീവിതയാത്രയും നിരർത്ഥക മാണ്. ആഴക്കടലിൽ, കൂരിരുളിൽ ദീപസ്തംഭം കാണാതെ തുഴയുന്നവരാണു നാം. ദൈവം എന്ന ഏകലക്ഷ്യം മുൻനിറുത്തി നമ്മുടെ ജീവിതയാത്ര സാർത്ഥകമാക്കാൻ ഓരോ മതവും അനുയായികളെ ഉദ്ബോധിപ്പിക്കുന്നു. ദൈവദർശനംകൊണ്ട് ധന്യ നായ സങ്കീർത്തകൻെറ ഉദ്ബോധനം ബൈബിളിൽ ആമുദ്രിതമായിട്ടുള്ളതു ശ്രദ്ധിക്കുക.

''ദൈവം ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാ രുടെ അധ്വാനം നിഷ്ഫലമാകുന്നു. കർത്താവു നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാരുടെ ഉറക്കൊഴിവും നിരർത്ഥകമാകുന്നു. ആഹാരത്തിനുവേണ്ടി ഒരുവൻ പണിപ്പെടുമ്പോൾ നേരത്തെ ഉണരുന്നതുകൊണ്ടോ താമസിച്ച് ഉറങ്ങുന്നതുകൊണ്ടോ ഫലമില്ല. തനിക്കു പ്രിയപ്പെട്ടവർ ഉറങ്ങുമ്പോഴും ദൈവം അവർക്കു വിഭ വങ്ങൾ ഒരുക്കുന്നു. (സങ്കീ: 126)

ജീവിതയാത്ര ഒരുവിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ക്ലേശകരമായേക്കാം. പക്ഷേ, ആ യാത്ര ഹൃദ്യവും മനോഹരവും ലക്ഷ്യനിഷ്ഠവുമാക്കി ത്തീർക്കാൻ ഈശ്വരനിൽ ഹൃദയം അർപ്പണം ചെയ്യുന്ന വനു കഴിയും.

## ഇരുപത്തിനാല്

# സാരമായ സന്തോഷം; പൂർണ്ണമായ സംതൃപ്തി

സുഖവും സംതൃപ്തിയും കൈവരിക്കുകയാണ് ഏതു മനുഷ്യന്റെയും ലക്ഷ്യം. മനുഷ്യനുമാത്രമല്ല മററു ജീവികൾക്കും സുഖതൃഷ്ണയുണ്ട്. ഇഷ്ടഭോജ്യം ഭുജിക്കുവാൻ മൃഗങ്ങളും മൽസ്യങ്ങളും പക്ഷികളും അക്ഷീണയത്നം ചെയ്യുന്നു. നല്ല ഭക്ഷണം കണ്ടെത്തുകയും ഇഷ്ടമുള്ള ഇണയെ കൈവരിക്കുകയും ചെയ്താൽ മൃഗങ്ങൾക്ക് തൃപ്തിയായി. മൂടിക്കെട്ടിയ മേൽവിതാനത്തെ ഭേദിച്ച് സൂര്യപ്രകാശത്തിനായി ചെടികളുടെ ഇളംനാമ്പുകൾ തല നീട്ടുന്നില്ലേ? വെള്ളവും വളവുമന്വേഷിച്ച് വേരുകൾ നാലുപാടും പായുന്നു. വംശവർദ്ധനവിനുള്ള പരിതസ്ഥിതികളും വളർച്ചയ്ക്കുള്ള ആഹാരവും കണ്ടെത്തി മൃഗങ്ങളും വൃക്ഷലതാദികളും സുഖവും സംതൃപ്തിയും നേടുന്നു.

സൃഷ്ടികളുടെ മകുടവും പൂർണ്ണതയുമായിട്ടാണ് ബൈബിൾ മനുഷ്യനെ ചിത്രീകരിക്കുന്നത്. മൃഗങ്ങൾക്കില്ലാത്ത ബുദ്ധിശക്തിയും ചൈതന്യ

വും മനുഷ്യനുണ്ട്. മററുജീവജാലങ്ങൾ കണ്ടെത്തുന്ന സുഖത്തെക്കാളും സംതൃപ്തിയേക്കാളും വിശിഷ്ടമായ സൗഭാഗ്യങ്ങൾ മനുഷ്യനുണ്ടുതാനും.

ഇതരജീവികളെ അപേക്ഷിച്ച് ഉന്നതമായ സ്ഥാനം മനുഷ്യനുള്ളപ്പോൾ മനുഷ്യൻെറ സുഖത്തിൻെറയും സംതൃപ്തിയുടെയും മാനദണ്ഡം സമുന്നതമായിരിക്കണം. മൃഗങ്ങളെപ്പോലെ പ്രപഞ്ചത്തിൻെറ ഭാഗമായിമാത്രം നിലകൊള്ളാതെ പ്രപഞ്ചത്തിനതീതമായിരിക്കണം അവൻെറ ലക്ഷ്യം. സ്വന്തം സുഖം മാത്രമല്ല അന്യരുടെ സുഖംകൂടി പരിഗണിക്കുവാൻ മനുഷ്യന് കഴിയണം.

ദൈവത്തിലോ പ്രപഞ്ചാതീതശക്തിയിലോ വിശ്വസിക്കാത്ത ഒരുവന് ഭൗമികമണ്ഡലത്തിൽ നിന്ന് ഉയരുവാൻ കഴിയില്ല. അവൻെറ ചുററുപാടുമുള്ള ഈ ലോകത്തിൻെറ അതിരുകളോളമേ അവൻെറ ചിന്തയുടെ ചക്രവാളം എത്തുകയുള്ളു. അവനെ സംബന്ധിച്ചിടത്തോളം ജനിക്കുകയും ആഹാരം തേടി വളരുകയും ഇണചേരുകയും അവസാനം നശിക്കുകയും ചെയ്യുന്നതിൽ എല്ലാം ഒതുങ്ങുന്നു. ഈ ജീവിതത്തിനപ്പുറത്ത് ഉന്നതമായ മറെറാരു ജീവിതമുണ്ടെന്ന് ഭൗതികവാദികൾക്ക് മനസ്സിലാക്കാനാവില്ല.

ഈശ്വരനിൽ വിശ്വസിക്കുന്നവന് ഇക്കാണായ പ്രപഞ്ചം താൽക്കാലിക വസതിമാത്രമാണ്. ഈശ്വരൻ പിതാവാണെന്നും മനുഷ്യരെല്ലാം ഏകോദരസഹോദരന്മാരാണെന്നും അവൻ വിശ്വസിക്കുന്നു. ദൃശ്യനായ സഹോദരനിലൂടെ അദൃശ്യനായ ദൈവപിതാവിനെ അവൻ ദർശിക്കുന്നു. മററുള്ളവരുടെ സുഖം

തൻെറയും സുഖമാണെന്ന് അവൻ മനസ്സിലാക്കുന്നു. അതുകൊണ്ടാണ് ഈശ്വരചിന്തയിൽ സ്വയം ലയിച്ച ഭാരതത്തിലെ വേദാന്തികൾ ''ലോകാഃ സമസ്താഃ സുഖിനോ ഭവന്തു'' (പ്രപഞ്ചത്തിലെ സർവ്വ ജീവജാലങ്ങൾക്കും സുഖം ഭവിക്കട്ടെ) എന്നു പ്രാർത്ഥിച്ചത്.

ആംഗല നാടകകൃത്തായ ജോർജ് ബർണാർഡ് ഷാ ''ദി അഡ്വഞ്ചർ ഓഫ് ദി ബ്ലാക്ക്ഗേൾ ഇൻ ഹേർ സേർച്ച് ഫോർ ഗോഡ്'' എന്ന കൃതിയിൽ ഒരു നീഗ്രോ വനിതയുടെ ജീവിതം അവതരിപ്പിക്കുന്നുണ്ട്. അവൾ ഒരു വെള്ളക്കാരനോടു പറഞ്ഞു ''ക്ഷമിക്കണം, ഞാൻ ഒരു കാര്യം അറിയാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് വിജ്ഞാനദീപ്തമായ നയനങ്ങളുണ്ട്. ഞാൻ ഈശ്വരനെ തേടി നടക്കുകയാണ്. അദ്ദേഹം എവിടെയാണെന്ന് എനിക്കു പറഞ്ഞു തരുമോ?'' ആ വെള്ളക്കാരൻ അവളോടു പറഞ്ഞു: ''അക്കാര്യം ചോദിച്ച് എന്നെ ശല്യപ്പെടുത്തരുത്. എല്ലാവഴികളും ശൂന്യതയുടെ കവാടമായ ശവക്കുഴിയിലേയ്ക്ക് നയിക്കുന്നു. പ്രപഞ്ചത്തെ കാണുന്നവിധം നീ സ്വീകരിക്കുക. എൻെറ അറിവിൽ അതിനപ്പുറത്ത് ഒന്നുമില്ല.''

ആ നീഗ്രോ വനിത പറയുകയാണ്: ''എൻെറ മനസ്സ് വിദൂരതയിലേയ്ക്ക് പറക്കുന്നു! കാണേണ്ടവയ്ക്കു നേരെ കണ്ണടയ്ക്കുന്നത് ശരിയല്ല. ആനന്ദത്തേക്കാളും പ്രത്യാശകളെക്കാളും ദൈവത്തെക്കുറിച്ചുള്ള അറിവു ഞാൻ അഭിലഷിക്കുന്നു. ദൈവമാണ് എൻെറ ജ്ഞാനവും പ്രത്യാശയും സന്തോഷവും സൗഭാഗ്യവും.''

ലൗകികമായ യാതൊന്നുകൊണ്ടും അടക്കാനാവാത്ത അഭിവാഞ്ഛ എല്ലാ മനുഷ്യർക്കുമുണ്ട്. ഈശ്വര

നിൽ മാത്രം സംതൃപ്തി കണ്ടെത്തണമെന്നുള്ള തിന്റെ അനിഷേധ്യമായ തെളിവാണത്.

യഥാർത്ഥ സുഖവും സൗഭാഗ്യവും ഭക്ഷണ പാനീയങ്ങളിലോ മൺമറയുന്ന ശരീരത്തിന്റെ അനുഭൂതികളിലോ അല്ല കുടികൊള്ളുന്നത്. സങ്കീർത്തകൻ പറയുന്നു: ''ദൈവം എന്റെ നല്ല ഇടയനാകുന്നു. എനിക്കൊന്നിനും കുറവുണ്ടാകുകയില്ല. പച്ചപ്പുൽ മേടുകളിൽ എന്നെ മേയ്ക്കും. സ്നേഹനീർച്ചാലിലേയ്ക്ക് എന്നെ നയിക്കും. എന്റെ ആത്മാവിനെ അവിടുന്നു സംതൃപ്തമാക്കും.''

ലോകത്തിൽ കണ്ടെത്താൻ കഴിയാത്ത സൗഭാഗ്യവും സംതൃപ്തിയും മനുഷ്യാത്മാവിന് നൽകുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളു. അതുകൊണ്ടാണ് ജീവിതം മുഴുവൻ സത്യാന്വേഷണ പരീക്ഷണമായി കഴിച്ച സെൻറ് അഗസ്റ്റിൻ ജീവിതാന്ത്യത്തിൽ ഇങ്ങനെ പറഞ്ഞത്: ''ദൈവമേ അങ്ങ് ഞങ്ങളെ അങ്ങേയ്ക്കായി സൃഷ്ടിച്ചു. അങ്ങിൽ ചെന്നെത്തുംവരെ ആത്മാവ് സംതൃപ്തമാവുകയില്ല.''

★

## ഇരുപത്തഞ്ച്

# മരണത്തിൻെറ താഴ്വരയിൽ

വിശ്വപ്രശസ്ത മതപ്രസംഗകനായ ബില്ലിഗ്രാം അമേരിക്കയിലെ ഒരു യൂണിവേഴ്സിററി വിദ്യാർത്ഥിനിയുടെ ജീവിതത്തിലെ ശോകപൂരിതമായ അനുഭവം വിവരിച്ചിട്ടുണ്ട്.

അവിശ്വാസിയായ ആ യുവതി കാറപകടത്തിൽപ്പെട്ടു. മരണശയ്യയിലായ അവൾ സ്വമാതാവിനെ വിളിച്ച് ഇങ്ങനെ പറഞ്ഞു: 'അമ്മേ, നിങ്ങൾ എന്നെ ഒരു കോളേജ് ജീവിയാക്കാൻ അറിയേണ്ടതൊക്കെ പഠിപ്പിച്ചു. സിഗരററു കത്തിക്കേണ്ടതെങ്ങനെയെന്നും ലഹരിക്കുപ്പി പിടിക്കേണ്ടതെങ്ങനെയെന്നും പഠിപ്പിച്ചു. കേശാലങ്കാരം നടത്താനും ആഹാരം പാകംചെയ്യാനും എനിക്കു പറഞ്ഞുതന്നു. എന്നാൽ അമ്മേ, അമ്മ ഒരുകാര്യം എനിക്കു പറഞ്ഞുതന്നില്ല - എങ്ങനെയാണ് സമാധാനത്തോടെ മരിക്കുന്നതെന്ന്. ദയവായി അക്കാര്യം എന്നെ പഠിപ്പിക്കുക. ഇതാ ഞാൻ മരിച്ചുകൊണ്ടിരിക്കുന്നു......''

ദൈവത്തെ നിഷേധിക്കുന്നവരും മതത്തെ ശളഹസ്തം ചെയ്യുന്നവരും ഈലോകയാഥാർത്ഥ്യങ്ങൾക്കപ്പുറത്ത് മറെറാന്നും നിലനില്ക്കുന്നില്ല എന്നു കരു

തുന്നവരും മരണത്തെ അഭിമുഖീകരിക്കുമ്പോഠം വ്യഥയിലമരും. ''ഒരു നാഴിക നേരത്തെ വേദന കഴിഞ്ഞ കാലത്തെ സുഖങ്ങഠം മുഴുവൻ മായിച്ചു കളയും. ജീവിതാന്ത്യത്തിൽ മനുഷ്യൻെറ യഥാർത്ഥ സ്വഭാവം വെളിപ്പെടും. മരിക്കും മുൻപ് ആരെയും ഭാഗ്യവാനെന്നു വിളിക്കരുത്. മരണത്തിലൂടെയാണ് മനുഷ്യനെ അറിയുക (പ്രഭാഷകൻ 11:26–28).

ഭൗതികമാത്ര ദർശനമുള്ളവർ നിത്യജീവിതം നിരർത്ഥകതയായി കരുതുന്നു. അത് ഒരു തത്വശാസ്ത്രമായിക്കരുതുന്നവർ തങ്ങളുടെ ഉറച്ച വിശ്വാസത്തിൻെറ പേരിലാണ് മരണാനന്തര സൗഭാഗ്യത്തെ ത്യജിക്കുന്നതെന്നും കരുതുക. എന്നാൽ മരണാനന്തരജീവിതത്തിൽ വിശ്വാസമുണ്ടെന്ന് അഭിനയിക്കയും മതവിശ്വാസികളായി അറിയപ്പെടുകയും ചെയ്യുന്നവർ തികഞ്ഞ മതാന്ധരായി പ്രായോഗിക ജീവിതത്തിൽ കഴിയുന്നുവെന്നതാണ് ശോചനീയമായത്.

ബൈബിഠം പറയുന്നു: ''നിരന്തരമായ പ്രയത്നംകൊണ്ടും അത്യാഗ്രഹംകൊണ്ടും ധനം കുന്നുകൂട്ടുന്നവരുണ്ട്. അത് സ്വന്തം നേട്ടമായി അവർ കരുതുന്നു. ഞാൻ വിശ്രമം കണ്ടെത്തി, എൻെറ സമ്പത്തിൽ ഞാൻ ആനന്ദിക്കും എന്ന് അവർ പറയുന്നു. എല്ലാം വെടിഞ്ഞ് ലോകം വിടാൻ എത്ര സമയം ബാക്കിയുണ്ടെന്ന് അവർ ചിന്തിക്കുന്നില്ല'' (പ്രഭാ: 11–12).

മരണത്തെ ഉല്ലംഘിക്കുന്ന സൗഭാഗ്യം ദൈവത്തിൽ മാത്രമേ കണ്ടെത്താനാവൂ. യൂറോപ്പിലെ നിരീശ്വരവാദിയായിരുന്ന ഈതർ അലൻ നിരവധി പുസ്തകങ്ങഠം ഈശ്വരനേയും മതത്തേയും തള്ളിപ്പറഞ്ഞുകൊണ്ട് എഴുതിയിട്ടുണ്ട്. അദ്ദേഹത്തിൻെറ ഭാര്യ തിക

ഞ്ഞ മതഭക്തയായിരുന്നു. ഈതർ അലൻ തൻെറ ഏക മകളെ ഭൗതികവാദം പഠിപ്പിച്ചപ്പോരം അലൻെറ ഭാര്യ അവരംക്ക് മതപരമായ സത്യങ്ങരം ഉപദേശിച്ചുകൊടുത്തു.

ഈതർ അലൻെറ പുത്രി ക്ഷയരോഗബാധിതയായി മരണശയ്യയിലായി. അന്ത്യവേളയിൽ അവരം പിതാവിനോടു ചോദിച്ചു: ''മരണത്തിൻെറ കൂരിരുരംതാഴ്വരയിൽ ഞാൻ തനിച്ചാണ്. എനിക്ക് പേടിതോന്നുന്നു. ഡാഡി പറയൂ—ഞാൻ ഡാഡിയുടെ ഉപദേശമാണോ മമ്മിയുടെ ഉപദേശമാണോ സ്വീകരിക്കേണ്ടത് എന്ന്.''

ആ പിതാവ് മറുപടി കൊടുത്തു: ''നിൻെറ അമ്മയുടെ ദൈവത്തോടു പററിച്ചേർന്നുകൊള്ളുക. താമസിയാതെ ഞാനും ആ പാത പിന്തുടരുന്നതാണ്.''

ഏററവും വലിയ സൗഭാഗ്യവാൻ ആരാണ്? സമ്പത്തുള്ളവനോ, സുഖസൗകര്യമുള്ളവനോ, സ്ഥാനമാങ്ങളും മിത്രങ്ങളും ഉള്ളവനോ? ഇവരാരുമല്ല. യഥാർത്ഥ സൗഭാഗ്യവാൻ ഈശ്വരനിൽ ശരണം പുലർത്തുന്നവനാണ്. മരണത്തിൻെറ ഭീകരവേളയിലും അവന് ''കർത്താവ് എൻെറ ആശ്രയമാകുന്നു, എനിക്ക് ഒന്നിനും കുറവുണ്ടാകയില്ല...'' എന്നു സമാധാനത്തോടെ പറയുവാൻ കഴിയും.

## ഇരുപത്തിയാറ്

# മരിക്കാത്ത സ്നേഹിതൻ

കഴിഞ്ഞ നൂററാണ്ടിൽ കേരളക്രൈസ്തവർക്ക് നേതൃത്വം കൊടുക്കുകയും സി. എം. ഐ സന്യാസ സമൂഹത്തിന് അടിത്തറയിടുകയും ചെയ്ത ചവറ കുരിയാക്കോസ് ഏലിയാസച്ചൻ മനോഹരമായ ഭക്ത ഗാനങ്ങൾ രചിച്ച കവികൂടിയായിരുന്നു. മരണ വീട്ടിൽ പാടുന്നതിനുള്ള പാന എന്ന അദ്ദേഹ ത്തിൻെറ ഗ്രന്ഥത്തിൽ മരണത്തെ നേരിടുന്ന ഒരാത്മാവിൻെറ വിഹ്വലതകളും നെടുവീർപ്പുകളും വരച്ചു കാട്ടുന്ന ഒരു പ്രതീകാത്മക കഥയുണ്ട്.

ഒരു രാജാവ് ഒരാളെ കഴുവിലേററാൻ വിധിച്ചു. അന്ത്യവിനാഴികയടുത്ത ആ മനുഷ്യൻെറ ആത്മാവ് തരളിതമായി. മരണത്തിന് ഇനി നിമിഷങ്ങൾ മാത്രം. ഈ വിഹ്വല മുഹൂർത്തത്തിൽ ആരാണ് തന്നെ സഹായിക്കുക? തൻെറ സ്നേഹിതന്മാരെക്കുറിച്ച് അയാൾ ഓർക്കുന്നു. നാലു സ്നേഹിതന്മാരാണ് അയാൾക്കുള്ളത്.

ആത്മാവ് ഒന്നാമത്തെ സ്നേഹിതൻെറ അടുത്തെത്തി. ജീവിതകാലം മുഴുവൻ ആ സ്നേഹിതനിൽ അഭിമാനിക്കുകയും അയാളെ ആദരിക്കുകയും

ചെയ്തതാണ്. തനിക്ക് അറിവും അംഗീകാരവും നൽകുവാൻ കഴിവുള്ള ആ സ്നേഹിതൻ ഈ വിഷമ ഘട്ടത്തിൽ തന്നെ സഹായിക്കുമെന്ന് അയാം കരുതി. പക്ഷേ, ആ സ്നേഹിതൻ പറഞ്ഞു:

''പ്രിയ കൂട്ടുകാരാ, ഈയവസരത്തിൽ നിന്നെ സഹായിക്കുവാൻ എനിക്കു നിർവ്വാഹമില്ല. മരണംവരെയുള്ള കാര്യങ്ങളല്ലാതെ മരണവും മരണം കഴിഞ്ഞുള്ള കാര്യങ്ങളും ഞാൻ കൈകാര്യം ചെയ്യാറില്ല. ദയവായി മടങ്ങിപ്പോയാലും.'' ആ സ്നേഹിതൻ പടിവാതിൽ അടച്ച് യാത്ര പറഞ്ഞു. ആസന്നമരണന്റെ ആത്മാവ് രണ്ടാമത്തെ സ്നേഹിതന്റെ പക്കൽ വന്നു. ഒട്ടേറെ ത്യാഗങ്ങൾ ആ സ്നേഹിതനു വേണ്ടി ചെയ്തുകൊടുത്തതാണ്. തന്റെ ആവശ്യം ഉന്നയിച്ചപ്പോൾ ആ സ്നേഹിതനും പറഞ്ഞു: ''സഹോദരാ, നിന്റെ ദുരന്തത്തിൽ എനിക്ക് ഏറെ ദുഃഖമുണ്ട്. എന്നാൽ വിധി തടയുവാൻ ഞാൻ അശക്തനാണ്....'' നിസ്സഹായനായ ആത്മാവ് മൂന്നാമത്തെ സ്നേഹിതനെ വന്നു കണ്ടു. കൊച്ചുന്നാൾ മുതൽ ഒന്നിച്ചു കഴിഞ്ഞു കൂടിയ ഏററവുമടുത്ത സ്നേഹിതൻ. ഈ മിത്രം തന്നെ ഉപേക്ഷിക്കയില്ല എന്നുറപ്പുണ്ടായിരുന്നു. എന്നാൽ അയാളുടെ മറുപടി ഇപ്രകാരമായിരുന്നു: ''മാന്യമിത്രമേ, നിന്നോടു സ്നേഹബന്ധം പുലർത്തിയതിൽ മററാരും എനിക്ക് സമനല്ല. നാളിതുവരെ അവഗാഢമായ ബന്ധം നാം പുലർത്തി. നിന്നെ ഈ സന്ദർഭത്തിൽ സഹായിക്കാൻ ആശയുണ്ടെങ്കിലും എനിക്കു അതിന് കഴിയില്ല. മരണത്തിന്റെ ഈ അന്ത്യവേളവരെ നിന്നോടൊപ്പം ഞാൻ വരാം. അതിനപ്പുറം എനിക്കൊന്നും സാദ്ധ്യമല്ല.''

മൂന്ന് സ്നേഹിതന്മാരും തന്നെ കൈവെടിഞ്ഞപ്പോൾ ആർത്തനും നിരാശനുമായ ആത്മാവിന്റെ

പക്കൽ നാലാമത്തെ സ്നേഹിതൻ ഓടിയെത്തി. അയാഠം പറഞ്ഞു: ''അല്ലയോ സ്നേഹിതാ, താങ്കഠം ഒട്ടും ദുഃഖിക്കേണ്ട. ഞാൻ താങ്കളെ സഹായിക്കാം. മരണമാണല്ലോ മനുഷ്യരുടെ ഏററവും വലിയ ദുഃഖഹേതു. ആ കഠിന ദുഃഖവും ശമിപ്പിക്കുവാനുള്ള മരുന്ന് എൻെറ കൈവശമുണ്ട്. എൻെറ ശക്തി എന്തെന്ന് നീ ഇന്നോളം വേണ്ടതുപോലെ മനസ്സിലാക്കിയിട്ടില്ല. എൻെറ പേരുതന്നെ മൃത്യുഞ്ജയൻ എന്നാണ്. ഏതൊരാളെയും പുനർജീവിപ്പിക്കുവാൻ എനിക്ക് കഴിയും. ഒന്നുകൊണ്ടും വിഷമിക്കാതിരിക്കൂ. സങ്കടങ്ങഠം ഞാൻ സന്തോഷമായി പകർത്താം.''

പ്രതീകാത്മകമായ ഈ കഥയിൽ ചാവറയച്ചൻ മഹത്തായ ഒരു സന്ദേശമാണ് പകർത്തുന്നത്. മരണം ചിറകുവിടർത്തി വന്നപ്പോഠം ആത്മാവു ചകിതമായി. അയാളുടെ സ്നേഹിതർ നാലു പേരാണല്ലോ. ഒന്നാമത്തെ സ്നേഹിതൻ ലോകമാണ്. ലോകത്തിന് ബഹുമാനം, സ്തുതി, ധനം മുതലായവ കൊണ്ട് ഒരാളെ അനുഗ്രഹിക്കാമെങ്കിലും മരണത്തിൻെറ നഖങ്ങളിൽ നിന്ന് രക്ഷിക്കുക സാദ്ധ്യമല്ല. രണ്ടാമത്തെ സ്നേഹിതൻ സ്വജനങ്ങളാണ്. മരണമടയുന്നവനുവേണ്ടി കണ്ണീർ പൊഴിക്കാനും വിലപിക്കാനുമേ സ്വജനങ്ങഠംക്കു കഴിയൂ. മൂന്നാമത്തെ സ്നേഹിതൻ ജനനം മുതൽ ഓരോ വ്യക്തിയോടും ഒന്നിച്ചു വാഴുന്ന അയാളുടെ ശരീരമാണ്. മൃതിഭയത്തിൽ നിന്ന് മുക്തനാക്കുവാൻ പ്രപഞ്ചത്തിനോ ബന്ധുജനങ്ങഠംക്കോ സ്വന്തം ശരീരത്തിനോ കഴിയുകയില്ല.

നാലാമത്തെയും അവസാനത്തേതുമായ സ്നേഹിതൻ മനുഷ്യൻെറ സുകൃതമാണ്. മൃത്യുവേളയിൽ

നമ്മെ സഹായിക്കാനും മരണഭയത്തിൽ നിന്ന് വിമോചനം നൽകുവാനും സുകൃതങ്ങൾക്കു കഴിയും.

പ്രാപഞ്ചികസ്നേഹത്തിലും സ്വജനങ്ങളിലും ശരീരത്തിൻെറ ശക്തി സൗന്ദര്യങ്ങളിലും ആശ്രയിക്കുകയും അഹങ്കരിക്കുകയും ചെയ്യുന്നത് തികഞ്ഞ വിഡ്ഢിത്തമാണ്. നിത്യരാജ്യത്തിലേക്കുള്ള വഴിയാത്രയിൽ പാഥേയം സുകൃതങ്ങളാണ്.

തുരുമ്പും കീടവും നശിപ്പിക്കാത്ത, കള്ളന്മാർ കുത്തിക്കവെരാത്ത അക്ഷയമായ നിക്ഷേപങ്ങളാണ് സുകൃതങ്ങൾ. മരണഭയത്തിൽനിന്നു രക്ഷപ്പെടുത്തി ശാന്തി പകരാൻ കെല്പുള്ള സുകൃതങ്ങൾ ആയിരിക്കട്ടെ നമ്മുടെ യഥാർത്ഥ സ്നേഹിതൻ.

## ഇരുപത്തേഴ്

# ഏററവും വലിയ സൗഭാഗ്യവാൻ

ഒരിക്കൽ ടൊർക്കോട്ടോ ടാസോ എന്ന ഫ്രഞ്ചുകവിയോട് ലൂയി ഒൻപതാമൻ ചക്രവർത്തി ചോദിച്ചു:

''ഏററവും സൗഭാഗ്യവാൻ ആരാണ്?''

കവി മറുപടി പറഞ്ഞു: ''ദൈവം.''

''ദൈവത്തിൻെറ കാര്യമല്ല. മനുഷ്യരിൽ ആരാണ് സമ്പൂർണ്ണ സൗഭാഗ്യവാൻ എന്നാണ് എനിക്കറിയേണ്ടത്.'' ചക്രവർത്തി വിശദീകരിച്ചു.

കവി പറഞ്ഞു: ''ദൈവത്തോടു സദൃശൻ ആരോ അവനാണ് യഥാർത്ഥ സൗഭാഗ്യവാൻ...''

മനുഷ്യസൃഷ്ടിയെക്കുറിച്ച് പ്രതിപാദിക്കുന്ന വേളയിൽ ദൈവം മനുഷ്യനെ തൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചുവെന്നാണ് ബൈബിൾ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, മനുഷ്യനു ലഭിച്ച സ്വാതന്ത്ര്യം സ്വന്ത ഇഷ്ടംപോലെ അവൻ ഉപയോഗിച്ചു. ദൈവത്തിൻെറ ഛായയും സാദൃശ്യവും മനുഷ്യൻ വികലമാക്കി. അതോടെ, ദിവ്യവും സമ്പൂർണ്ണവുമായ സൗഭാഗ്യത്തിന് മനുഷ്യൻ അനർഹനുമായി.

എല്ലാ മതങ്ങളും ഈശ്വരനെ പ്രാപിക്കുവാനുള്ള മനുഷ്യാത്മാവിൻെറ വെമ്പൽ വ്യക്തമാക്കുന്നുണ്ട്. യഥാർത്ഥ സൗഭാഗ്യനിലയനം ദൈവമാണ്. ദൈവത്തിൽനിന്നു വേർപെടുമ്പോരം സൗഭാഗ്യം തകരുന്നു. ദൈവത്തിൽനിന്നു ഭിന്നമായ ജീവിതം നരകമാണ്.

പലപ്പോഴും നാം നരകത്തെ ചിത്രീകരിക്കാറുള്ളത് ഒരു തീക്കടൽ ആയിട്ടാണ്. തീയ്, വിഷപ്പാമ്പ്, മാരകരോഗങ്ങരം ഇവയെല്ലാം നിറഞ്ഞ സ്ഥലമായി നരകത്തെ ചിലർ വിവരിക്കുന്നു. എന്നാൽ, ഇവയെക്കാളൊക്കെ മനുഷ്യാത്മാവിനെ പീഡിപ്പിക്കുന്നത് സൗഭാഗ്യനിലയനമായ ഈശ്വരനിൽനിന്ന് താൻ നിത്യമായി വേർപെട്ടിരിക്കുന്നുവെന്നതാണ്.

കുമാരസംഭവം എന്ന മഹാകാവ്യത്തിൽ ഹിമവൽപുത്രിയായ പാർവതി, മംഗളദായകനായ പരമേശ്വരനെ ഹൃദയേശ്വരനാക്കാൻ ആഗ്രഹിക്കുന്നു. ശരീരകാന്തിയോ കടാക്ഷമോകൊണ്ട് ഈശ്വരനെ നേടാമെന്നു കരുതിയ അവളെ ശിവൻ തിരസ്കരിച്ചു. അവളുടെ അംഗരക്ഷകനായ കുസുമശരനെ ശിവൻ ഭസ്മമാക്കിക്കളഞ്ഞു.

സാക്ഷാൽ പരമശിവൻ തന്നിൽനിന്നകന്നുപോയി എന്നറിഞ്ഞ പാർവതിയുടെ ഹൃദയം ഉരുകി. പാർവതിയെ സംബന്ധിച്ചിടത്തോളം തീവ്രമായ മനോവേദനയ്ക്കതു കാരണമായി മററ് എന്തു വേദനയേക്കാളും ദുർവഹമായിരുന്നു അത്. അവരം ഹിമത്തിലും പഞ്ചാഗ്നിയിലും തപസ്സുചെയ്തു. നഗ്നനേത്രയായി. ജ്വലിക്കുന്ന സൂര്യനെ അവരം നോക്കിനിന്നു. ശൈത്യവും താപവും എല്ലാം അവരംക്ക് നിസ്സാരമായിരുന്നു. കാരണം, പഞ്ചാഗ്നിയേക്കാരം വലിയ അഗ്നിയാണ് ഈശ്വരൻെറ വേർപാടുമൂലം അവളുടെ ആത്മാവിൽ പതിച്ചത്.

ദൈവത്തിൻെറ സാന്നിദ്ധ്യവും ഛായയും നമ്മിലുള്ളപ്പോഠം നാം ഭാഗ്യവാന്മാരും ദൈവികഛായ മാഞ്ഞുപോകുമ്പോഠം ദൗർഭാഗ്യവാന്മാരും ആയിത്തീരുന്നു എന്നും സൂചിപ്പിക്കുകയാണ് പുരാണത്തിലെ ഇക്കഥ.

മുഖം ഹൃദയത്തിൻെറ കണ്ണാടിയാണ്. ഈശ്വര ചൈതന്യം ഹൃദയത്തിൽ നിറഞ്ഞുനില്ക്കുമ്പോഠം അതിൻെറ പ്രതിഫലനം നമ്മുടെ മുഖത്ത് ഉണ്ടാകും. ആത്മാർത്ഥമായി സന്തോഷിക്കുവാൻ ദൈവമക്കഠംക്ക് അവകാശമുണ്ട്. ഭൗതികമായ ജയപരാജയങ്ങഠംക്ക് അവരുടെ സന്തോഷം നഷ്ടീഭൂതമാക്കാൻ കഴിയുകയില്ല.

ഈശ്വരനിൽ സർവതും അർപ്പിച്ചുകൊണ്ട്, ഈ ലോകത്തിലെ താത്കാലികദുഃഖങ്ങളിൽ ചഞ്ചലമനസ്കരാകാതെ ജീവിക്കുന്നവരത്രേ ദൈവമക്കഠം. അവർ തങ്ങളുടെയുള്ളിൽ ദൈവത്തിൻെറ ഛായയും രൂപവും എന്നാളും അവികലമായി കാത്തുസൂക്ഷിക്കുന്നു.

ദൈവമക്കളുടെ സന്തോഷത്തെക്കുറിച്ച് യേശു പറയുന്നതു നോക്കുക. ‘‘നിങ്ങളുടെ ദുഃഖം സന്തോഷമായി പരിണമിക്കും. പ്രസവവേദന അനുഭവിച്ച ശേഷം കുട്ടി ജനിക്കുമ്പോഠം ഒരു സ്ത്രീക്കുണ്ടാകുന്ന സന്തോഷം അപ്പോഠം നിങ്ങഠംക്കുണ്ടാകും. അവളുടെ അതിവേദന മാറി അത്യാനന്ദം ഉണ്ടാവുകയും, വേദന വിസ്മരിക്കപ്പെടുകയും ചെയ്യുന്നതുപോലെതന്നെ നിങ്ങഠംക്ക് ഇപ്പോഠം ദുഃഖമുണ്ട്, ആ ദുഃഖം ആഹ്ളാദമായി മാറുന്ന സമയം വരും. നിങ്ങളുടെ ആ സന്തോഷം നിങ്ങളിൽനിന്ന് ആരും അപഹരിക്കുകയുമില്ല. നിങ്ങളുടെ സൗഭാഗ്യം അപ്പോഠം പൂർണ്ണമായിരിക്കും...’’ (യോഹ: 20:24).

★

## ഇരുപത്തെട്ട്

# ഭൂമിയിൽ സമാധാനം

|പഗത്ഭചിന്തകനും സാഹിത്യകാരനുമായിരുന്ന എമേഴ്സൺ തൻെറ ജീവിതത്തിലെ അപൂർവ്വമായ ഒരനുഭവം രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹമൊരിക്കൽ ബസ്സിൽ യാത്ര ചെയ്യുകയായിരുന്നു. വേനൽക്കാലത്തെ ഒരു മധ്യാഹ്നം. തികച്ചും വിരസമായ അന്തരീക്ഷം. സീററുകൾ മിക്കവാറും നിറഞ്ഞിട്ടുണ്ട്. ഓരോരുത്തരും അവരവരുടെ ചിന്തകളിൽ മുഴുകിയിരിക്കുന്നു. ആർക്കും ആരെയും പരിചയമില്ല. പരിചയപ്പെടണമെന്നുമില്ല. മുഖം വീർപ്പിച്ചിരിക്കുകയല്ലാതെ ഒരൊററ അക്ഷരം പോലും ആരും പറയുന്നില്ല. ഏതു തരത്തിലും വിരസമായ ഈ യാത്ര അവസാനിപ്പിച്ച് എത്രയും വേഗം എത്തേണ്ട സ്ഥലത്തെത്തണം എന്നു മാത്രമാണ് ഓരോരുത്തരുടേയും ചിന്ത.

പെട്ടെന്നാണ് അന്തരീക്ഷത്തിനു മാററമുണ്ടായത്. ഒരമ്മയും കുഞ്ഞും ബസ്സിൽ കയറി. ബസ്സിൻെറ മധ്യഭാഗത്തുള്ള സീററിൽ ആ സ്ത്രീ ഇരുന്നു. കുസൃതിക്കുടുക്കയായ ആ കൊച്ചുകുട്ടി അമ്മയുടെ മടിയിൽ നിന്ന് ഇറങ്ങി ഓടിനടക്കുകയാണ്. കൊഞ്ചിക്കുഴഞ്ഞ അവൻെറ വാക്കുകളും പുഞ്ചിരിയും ഏവ

രിലും ആഹ്ളാദം പകർന്നു. പിഞ്ചുപൈതൽ ചിരിച്ചപ്പോൾ എല്ലാവരും ചിരിച്ചു. കുഞ്ഞിനോട് കിന്നാരം പറയാനും അവന് സമ്മാനങ്ങൾകൊടുക്കാനും അവൻെറ കുസൃതികളിൽ പങ്കുകൊള്ളുവാനും എല്ലാവരും തയ്യാറായി. യാത്രക്കാരുടെയെല്ലാം ഘനഗാംഭീര്യഭാവം എവിടെയോ പോയൊളിച്ചു. പ്രസന്നതയും ആഹ്ളാദവും അവരുടെ പൂത്തിരികത്തിച്ചു.

ക്രിസ്മസ്, ശാന്തിയുടെയും ആഹ്ളാദത്തിൻെറയും സന്ദേശവുമായി ഒരിക്കൽക്കൂടിവന്നുചേർന്നു. സ്നേഹം മറഞ്ഞ് മരവിപ്പാർന്ന ഹൃദയങ്ങളിൽ നവോന്മേഷം പകരുന്ന പുണ്യദിനമാണിത്. വ്യഥയിലും വേദനയിലും വീർപ്പിട്ടു നില്ക്കുന്ന ലോകത്തിന് മുഴുവൻ മുക്തി പകർന്നുകൊണ്ട് ഒരമ്മയും ഓമൽക്കുമാരനും പ്രത്യക്ഷമാകുന്നു: ഭൂമിയിൽ സന്മനസ്സുകൾക്ക് ശാന്തിയും പ്രതീക്ഷയും പകരുന്നു.

ദൈവത്തിന് മനുഷ്യരുടെയിടയിൽ വരുവാൻ എത്രയെത്ര മാർഗ്ഗങ്ങളുണ്ട്. ലോകത്തെ കിടുകിടാ വിറപ്പിക്കുന്ന സത്യമോ സ്വരൂപമോ ശക്തിയോ ആയി ദൈവത്തിന് ലോകത്തിൽ വരാം. എന്നാൽ അങ്ങനെയല്ല അവിടുന്ന് അവതീർണ്ണനായത്. നിഷ്കളങ്ക സ്നേഹത്തിൻെറയും ലാളിത്യത്തിൻെറയും മൂർത്തിമദ്ഭാവമായിട്ടാണ്, ശാലീനയായ ഒരമ്മയുടെ മാറിൽപ്പററിക്കിടക്കുന്ന പിഞ്ചുപൈതലായിട്ടാണ് ഈശ്വരപുത്രനെ നാം കണ്ടെത്തുന്നത്.

അറിവും ശാസ്ത്രവിജയങ്ങളും കൈവരിച്ച മനുഷ്യൻ സ്വന്തം സഹജനിൽ വിശ്വസിക്കാൻ കഴിയാതെ ഭയാശങ്കകളിൽ നിമഗ്നനായിരിക്കുന്നു.

തന്മൂലം സ്നേഹശൂന്യമായ ഒരു ലോകം നിർമ്മിക്കപ്പെടുന്നു "അപരൻ എൻെറ നരകമാകുന്നു"...എന്ന് ആധുനികൻ വിലപിക്കുന്നു. വിരസവും സ്നേഹശൂന്യവുമായ ലോകം. സ്നേഹത്തിൻെറ കുളിർജലം കൊണ്ട് ആമഗ്നമാകേണ്ട ഹൃദയങ്ങൾ ജീവിതവ്യഥകളിൽ വാടിക്കരിഞ്ഞുനില്ക്കുന്നു. സ്നേഹത്തിൻെറ ദാഹജലത്തിനു കൊതിക്കുന്ന വേഴാമ്പലുകളെപ്പോലെ മനുഷ്യർ ഭഗ്നാശരായിക്കഴിയുന്നു.

ഈ ഊഷരമായ അന്തരീക്ഷത്തിൽ കാലിത്തൊഴുത്തിലെ ദിവ്യാവതാരത്തിനു കൂടുതൽ പ്രസക്തിയുണ്ട്. പ്രതീക്ഷയുടെ അരിയതെളിനാളമാണ് പൈതൽ. ഈശ്വരൻ പൈതലായി മനുഷ്യരുടെയിടയിൽ എത്തുന്നു. മനുഷ്യൻെറ ആശകളും സങ്കല്പങ്ങളും പൂവണിയുന്നു. തകർന്ന പ്രതീക്ഷകൾ അമൃതം നുകർന്ന് ഉയിർത്തെഴുന്നേൽക്കുന്നു.

'ഭൂമിയിൽ നല്ല മനസ്സുള്ള മനുഷ്യർക്കെല്ലാം ശാന്തിയും സമാധാനവും' എന്ന ക്രിസ്മസ് സന്ദേശം നമ്മുടെ ജീവിതത്തിൽ സഫലമായിത്തീരട്ടെ. അത്യുന്നതങ്ങളിൽ മഹേശനു സ്തുതിയുമുണ്ടാകട്ടെ.

(1982 ഡിസം. 25ന് എഴുതിയത്)

## ഇരുപത്തൊൻപത്

# അവിടെ ജീവിക്കുക-അതൊരു സന്ദേശം

ജീവിതത്തിൽ ഒരിക്കൽപോലും ഉണ്ടാകാൻ പാടില്ലാത്തതാണ് ആത്മഹത്യചെയ്യണമെന്നുള്ള ചിന്ത പക്ഷേ, ആത്മഹത്യ ചെയ്യണമെന്നു ജീവിതത്തിൽ ഒരിക്കലെങ്കിലും കരുതാത്തവർ ജീവിതം ജീവിച്ചവരല്ല എന്നൊരു പണ്ഡിതൻ പറയുന്നുണ്ട്. മേൽപ്പറഞ്ഞതിൻെറ ധ്വനി എന്തെന്നു ചിന്തിച്ചിട്ടുണ്ടോ? മരണത്തിൻെറ വക്കോളം എത്തുന്ന ദുഃഖങ്ങൾ ജീവിതത്തിൽ ഒരിക്കലെങ്കിലുമുണ്ടാകാതിരിക്കുകയില്ല. ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും ഇല്ലാതെ കഴിയാൻ നാമൊക്കെ ആഗ്രഹിക്കും. എന്നാൽ നമ്മുടെ ആഗ്രഹങ്ങൾക്കു വിപരീതമായി പലപ്പോഴും ക്ലേശങ്ങളും പരാജയങ്ങളുമാണ് നമ്മെ വലയം ചെയ്യുക.

ചിന്തിക്കുകയും ജീവിതപ്രശ്നങ്ങളെ നേരിടുകയും ചെയ്യുന്നവനു മാത്രമേ മരണത്തിൻെറ വക്കോളം എത്തുന്ന വ്യഥയുണ്ടാവുകയുള്ളൂ മൃഗങ്ങൾക്ക് അതില്ല. തലച്ചോറിൻെറ പ്രവർത്തനം ശരിയല്ലാത്ത ഭ്രാന്തന് ആകുലചിന്തയുണ്ടാവുകയില്ല. ആകുലത ഒഴിവാക്കുവാൻ ഭ്രാന്തനായിരിക്കാനോ, മൃഗമായിരിക്കാനോ നാം

ആഗ്രഹിക്കാറില്ല. പര്യാകുലതകളും മരണത്തിൻെറ വക്കോളം എത്തുന്ന വ്യഥകളുമുണ്ടെങ്കിലും മനുഷ്യനായിരിക്കാൻ നാം ആഗ്രഹിക്കുന്നു. മനുഷ്യൻെറ ജീവിതം ജീവിക്കാൻ നാം തയ്യാറാകുന്നു.

നമ്മുടെ ദുഃഖങ്ങൾ നമ്മുടേതു മാത്രമാകാം; നമ്മുടെ ബന്ധുജനങ്ങളുടേതാകാം. നമ്മുടെ ദുഃഖങ്ങൾ കാണുന്ന നമ്മുടെ സ്നേഹഭാജനങ്ങൾക്കുള്ള വ്യസനം മൂലം നമ്മുടെ വേദന ഇരട്ടിച്ചതാവാം കാരണം. ഏതായാലും ചിന്തിക്കയും സ്നേഹിക്കയും സഹതപിക്കുകയും ചെയ്യുന്ന മനുഷ്യന് ജീവിതം എന്നത് സുഗമമായ ഒരു പ്രവാഹമല്ല.

നമ്മുടെ സ്നേഹിതർ നമ്മേ തെററിദ്ധരിക്കുമ്പോൾ, നാം ചെയ്യുന്ന നന്മകൾ തിന്മയായി മററുള്ളവർ എണ്ണുമ്പോൾ നമുക്ക് കടുത്ത ഹൃദയവേദന ഉണ്ടാകാം. അഭിനന്ദനം പ്രതീക്ഷിക്കുമ്പോൾ ഇഷ്ടജനങ്ങളിൽനിന്ന് പരിഹാസമാവാം ഉണ്ടാവുക. ഇങ്ങനെയെല്ലാം ഉണ്ടാകുമ്പോൾ ഇതെന്തൊരു നരകം, എൻേറതുമാത്രം എത്രയോ നശിച്ച ജീവിതം എന്നൊക്കെ സ്വയം പറഞ്ഞു പോകും. ഈ ചുററുപാടുകളിൽ നിന്നു ഞാൻ എന്നേയ്ക്കുമായി പിരിഞ്ഞുപോയിരുന്നെങ്കിൽ എന്നുവരെ പറഞ്ഞേക്കും.

ഈ അവസരങ്ങളിലെല്ലാം നമുക്ക് ചിന്തിക്കുവാൻ രണ്ടു കാര്യങ്ങളുണ്ട്. ഒന്നാമത് ഒരിക്കൽ അല്ലെങ്കിൽ മറെറാരവസരത്തിൽ ഇതുപോലുള്ള തീവ്രമായ മനഃക്ലേശം എന്നെപ്പോലെ മറെറല്ലാവർക്കും– സ്നേഹിക്കയും ചിന്തിക്കയും ജീവിതം യഥാർത്ഥമായി ജീവിക്കയും ചെയ്തിട്ടുള്ള എല്ലാവർക്കും– ഉണ്ടായിട്ടുണ്ട് എന്നതത്രേ.

ഇതിനേക്കാൾ പ്രധാനമായി ജീവിതം ദുസ്സഹമാകുന്ന സാഹചര്യത്തിൽ ചിന്തിക്കേണ്ട മറെറാരു കാര്യം ഇതാണ്. ബുദ്ധിമുട്ടു നിറഞ്ഞ ഈ സാഹചര്യത്തിൽ ജീവിക്കുകയെന്നതു തന്നെ എൻെറ ഏററവും വലിയ സന്ദേശമാണ്. സാഹചര്യങ്ങൾ പ്രതിബന്ധങ്ങളായി കാണപ്പെടുന്നു. ശരിതന്നെ. എന്നാൽ ഈ വിപരീത സാഹചര്യത്തിൽ എങ്ങോട്ടും ഒളിച്ചോടാതെ ജീവിക്കാൻ തയ്യാറാവുകയാണ് എൻെറ കർത്തവ്യം. ഇപ്പോൾ എന്നെ ദൈവം ഏല്പിച്ചിട്ടുള്ള ഏററവും വലിയ ഉത്തരവാദിത്വം ജീവിതം ജീവിച്ചുകൊണ്ട് അതാകുന്ന സന്ദേശം നൽകുകയാണ്.

വൈയക്തിക ജീവിതത്തിലായാലും സാമൂഹിക മണ്ഡലത്തിലായാലും നിരാശതയുടെയും സങ്കീർണ്ണ ഭാവങ്ങളുടെയും വിഷപ്പുക പലപ്പോഴും ഉയർന്നെന്നു വരാം. അപ്പോഴൊക്കെ ജീവിതം ജീവിതവ്യം ആണെന്ന് നാം കാണിച്ചുകൊടുക്കണം. അതാണ് പ്രശ്നബദ്ധവും ദുസ്സഹവും ആയ സന്ദർഭങ്ങളിൽ ലോകത്തിനു പകർന്നുകൊടുക്കുവാൻ നമ്മെ ദൈവം ഏല്പിച്ചിട്ടുള്ള സന്ദേശം. ★

## മുപ്പത്

# നമ്മുടെ കണ്ണീരൊപ്പാൻ ആ കരങ്ങൾ

ദു:ഖം മനുഷ്യന്റെ കൂടെപ്പിറപ്പാണ്. ഏതു അന്തസ്സിലുമുള്ള വ്യക്തിക്കും ജീവിതത്തിൽ ദു:ഖമുണ്ടാകാതിരിക്കുക വയ്യ. രോഗം, ദൗർബല്യം, അനാരോഗ്യം, പ്രിയപ്പെട്ടവരുടെ വേർപാട് എന്നിവയൊക്കെമൂലം ദു:ഖിക്കാത്തവർ ആരാണുള്ളത്!

ഒരു സ്ത്രീ തന്റെ ഏകമകൻ മരണമടഞ്ഞപ്പോൾ പൊട്ടിക്കരഞ്ഞുകൊണ്ട് ശ്രീബുദ്ധനെ സമീപിച്ചു. തന്റെ മകനെ ജീവിപ്പിക്കണമെന്നവൾ കേണപേക്ഷിച്ചു. ബുദ്ധൻ അവളോട് പറഞ്ഞു:

''മകളേ, നീ ഒരു നാഴിനിറയെ കടുകുമണി കൊണ്ടുവരിക. ഞാൻ നിന്റെ കുഞ്ഞിനെ പുനർജീവിപ്പിക്കാം. പക്ഷേ, നീ വാങ്ങുന്ന കടുക് ആരുടെ പക്കൽ നിന്നായാലും തരുന്നയാളിന്റെ ബന്ധുജനങ്ങൾ ആരും മരിച്ചിട്ടുണ്ടാവരുത്.''

ആ സ്ത്രീ വീടായ വീടെല്ലാം ചുററി നടന്ന് കടുകന്വേഷിച്ചു. എല്ലാ വീട്ടിലും കടുകുണ്ട്. പക്ഷേ, അവരുടെയെല്ലാം ബന്ധുജനങ്ങളിൽ ആരെങ്കിലു

മൊക്കെ മരിച്ചിട്ടുമുണ്ട്. അതുകൊണ്ട് ആരിൽനിന്നും കടുകു വാങ്ങാൻ കഴിഞ്ഞില്ല. അവസാനം ബുദ്ധൻെറ പക്കൽ വെറും കയ്യോടെ ആ സ്ത്രീ വന്നു. ബുദ്ധൻ പറഞ്ഞു: ''മകളേ മരണം എന്നുള്ളത് എല്ലാ മനുഷ്യരേയും ബാധിക്കുന്നതാണെന്ന് നീ മനസ്സിലാക്കാൻ വേണ്ടിയാണ് ഞാൻ ഇതു നിന്നോടു പറഞ്ഞത്.''

ദു:ഖങ്ങരം ജീവിതത്തിൽ അനുഭവിക്കാത്തവരാരുമില്ല. പക്ഷേ, ജീവിത ദു:ഖങ്ങരം നമ്മെ പരാജയപ്പെടുത്താൻ അനുവദിക്കാതിരിക്കുന്നതിലാണ് നമ്മുടെ വിജയം.

ഒരു ദു:ഖം മാറുമ്പോരം മററൊരു ദു:ഖം നമ്മെ വലയം ചെയ്യുന്നു. എല്ലാ ദുഃഖങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുവാൻ ഒരിക്കലും ഒരു മനുഷ്യനും സാദ്ധ്യമാവുകയില്ല. സാമ്പത്തിക ക്ലേശങ്ങരം അനുഭവിക്കുന്നയാരം സമ്പത്തുണ്ടായാൽ തൃപ്തിയായി എന്നു കരുതുന്നു. എന്നാൽ, സമ്പത്തുകൊണ്ട് ശാശ്വതസുഖം അനുഭവവേദ്യമല്ലെന്നു ജീവിതാനുഭവങ്ങരം നമ്മെ പഠിപ്പിക്കുന്നുണ്ട്. ജീവിതകാലം മുഴുവൻ ധനാഗമ മാർഗ്ഗങ്ങളുമായി പരിചയിച്ച ഒരു വ്യക്തി അറുപതു വയസ്സു കഴിഞ്ഞപ്പോരം വലിയൊരു കോടീശ്വരനായി. മക്കളെയെല്ലാം നല്ല നിലയിൽ എത്തിച്ചു. എല്ലാ പരിശ്രമങ്ങളും വിജയത്തിൽ കലാശിച്ചുവെന്നയാരം അഭിമാനിച്ചു. പക്ഷേ, അയാരംക്ക് ക്യാൻസർ പിടിപെട്ടു. വ്രണമായി. ഏതു വിഭവങ്ങരം വേണമെങ്കിലും അനുഭവിക്കാൻ സൗകര്യമുള്ള അയാരം ഒന്നും ആസ്വദിക്കാൻ സാധിക്കാതെ പ്രമുഖ ഡോക്ടറന്മാരാൽ പോലും ഉപേക്ഷിക്കപ്പെട്ട് ഇന്ന് കഴിയുകയാണ്. ഒരിററു കഞ്ഞിവെള്ളം പോലും ഉള്ളിലേക്കിറക്കുവാൻ അയാരംക്കു കഴിയുന്നില്ല.

ഭൗതിക സുഖങ്ങളും നേട്ടങ്ങളും മാത്രം കണക്കി ലെടുക്കുന്നവർ ജീവിക്കാൻ മറന്നു പോവുകയാണ്. ദുഃഖം നിറഞ്ഞ ജീവിതത്തിലും ആത്മാവിൻെറ പ്രശാന്തത കൈവെടിയാത്തവരുണ്ട്. ദൈവത്തിലുള്ള നിതാന്തമായ ശരണമൊന്നു മാത്രമാണ് അവരുടെ ജീവിതത്തിന് അർത്ഥവും ആഴവും നൽകുന്നത്.

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ബ്രസീലിൽ പര്യടനം നടത്തിയ വേളയിൽ ഊതത്തുവം എന്ന കുഷ്ഠരോഗീസങ്കേതത്തിൽ എത്തുകയുണ്ടായി. അറുനൂറു കുഷ്ഠരോഗികൾ നിവസിക്കുന്ന ഈ ആശുപത്രി നടത്തുന്നത് അമലോത്ഭവമാതാവിൻെറ മിഷനറി സഹോദരിമാരാണ് ഒരു ചക്രക്കസേരയിലിരുന്ന്. ഒരു കുഷ്ഠരോഗി മാർപാപ്പായെ സ്വാഗതം ചെയ്യവേ വികാരാവേശത്താൽ കരഞ്ഞുപോയി. അയാൾ പറഞ്ഞു: ''പിതാവേ, വേദനയും സഹനവും ഉള്ള സ്ഥലമാണ് ഈ ആശുപത്രി. പക്ഷേ, ഇവിടെ വിശ്വാസവും സ്നേഹവും ആനന്ദവുമുണ്ട്.'' കുഷ്ഠരോഗംകൊണ്ട് രണ്ടു കാലുകളും നാസികയും നഷ്ടപ്പെട്ട ആ മനുഷ്യൻെറ വാക്കുകൾ പാപ്പായെ വികാരാധീനനാക്കി. ഇററിററു വീഴുന്ന കണ്ണീർക്കണങ്ങൾ കരങ്ങൾകൊണ്ട് തുടച്ചുകൊണ്ട് മാർപാപ്പാ അവരോടു പറഞ്ഞു: ''രോഗം യഥാർത്ഥത്തിലുള്ള കുരിശാണ്. ഭാരമുള്ള ഈ കുരിശിൻെറ കീഴിൽ നിങ്ങൾ നഷ്ടധൈര്യരാകരുത്. ക്രിസ്തുവിനെ അനുകരിച്ച് ഉത്ഥാനത്തിൻെറ പ്രതീക്ഷയോടെ കുരിശു വഹിക്കുക''

വേദനയും ദുഃഖവും നിർമ്മാർജ്ജനം ചെയ്യുവാൻ ഉന്നതമായ ലക്ഷ്യവും ശുഭപ്രതീക്ഷയും കൊണ്ടേ സാദ്ധ്യമാകൂ. ലോകത്തിൽ ആരും ഒററപ്പെട്ട

വ്യക്തികളല്ല. മററൊരാളുടെ ദുഃഖം നമ്മുടെയും കൂടി ദുഃഖമാണ്. അന്യരുടെ ദുഃഖങ്ങൾ തുടച്ചു നീക്കാൻ നാം കരമുയർത്തുമ്പോൾ അവരിൽ ശുഭപ്രതീക്ഷയും വിശ്വാസവും നാം വിതയ്ക്കുകയാണ്. ആയുധങ്ങൾകൊണ്ട് ജനലക്ഷങ്ങളെ അടക്കി നിറുത്തുന്ന ഭരണാധികാരികളേക്കാൾ, ഏഴകളുടെ കണ്ണീരൊപ്പുവാൻ കൈലേസെടുക്കുന്ന ഫാ. ഡാമിയനോ മദർ തെരേസയോ ആയിരിക്കും ലോകത്തിന് വലിയ സംഭാവന ചെയ്യുന്നത്. ജീവിതം ജീവിതവ്യമാക്കിത്തീർക്കുവാൻ സ്നേഹത്തിൻെറയും ആത്മാർത്ഥമായ ത്യാഗത്തിൻെറയും പാത സ്വീകരിക്കുക. ദൈവത്തിൻെറ അനുഗ്രഹദായകമായ കരങ്ങൾ നമ്മേ ആലിംഗനം ചെയ്യുന്നില്ലെങ്കിൽ, ദൈവത്തിൽ ആത്യന്തികമായ സമാധാനം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ ദു:ഖങ്ങൾക്ക് അവധി കൊടുക്കുവാൻ സാദ്ധ്യമല്ല. പ്രവാചകൻെറ വാക്കുകൾ നമ്മെ ശക്തരാക്കട്ടെ: ''എൻെറ ബലവും കോട്ടയും ദൈവമാകുന്നു. അവിടത്തേ ആശ്രയിച്ചാൽ എനിക്ക് ഒരിക്കലും ദുഃഖിക്കാൻ ഇടവരികയില്ല.''

ACHARYA PALACKAL JEEVASS KENDRAM
LIBRARY
18338
★ ALWAYE ★

# പ്രാർത്ഥനയിലൂടെ ജീവിതം അഴിച്ചുപണിയാം

''അസ്വസ്ഥവും മതനിരപേക്ഷവുമായ ഊഷരഭൂമിയിൽനിന്ന
ടിക്കുന്ന ഗ്രീഷ്മക്കാറ്റേറ്റ് തളരുന്ന ആത്മാവിനെ ഈശ്വ
രോപാസനയുടെ നിഷ്കടനികുഞ്ജത്തിൽ തല ചായ്ച്ചാ
ശ്വസിക്കുവാൻ സഹർഷം മാടിവിളിക്കുന്ന മാലാഖയുടെ
ശാലീനതയും അക്ലിഷ്ടമോഹനമായ രചനയുടെ മാധ്വീക
ണങ്ങളും പേറുന്ന മാധുര്യവും അമോഘമായ ഭക്തിയുടെ
പ്രകാശഗോപുരനടയിൽ നിതാന്തനർത്തനമാടുന്ന വാഗ്ദേവ
തയുടെ ശക്തിസൗന്ദര്യങ്ങളുംകൊണ്ട് സമ്മോഹനസമ്പ
ന്നവും ചിന്തോദ്ദീപകവുമായ ഉപന്യാസങ്ങളുടെ സമാ
ഹാരം.''

സെഡ്. എം. മുഴൂർ

വിതരണം:
ദീപനാളം പബ്ലിക്കേഷൻസ് — 686 575

# പ്രാർത്ഥനയിലൂടെ ജീവിതം അഴിച്ചുപണിയാം



സെഡ്. എം. മൂഴൂർ

Indic Digital Archive Foundation
gpura.org